Date of publication: 9 ജൂൺ 2017
വോള്യം 1 / ലക്കം 6 / വില 20₹
ISSN 2319 – 9741

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം



## പഞ്ചായത്ത് പ്രാതിനിധ്യങ്ങൾ

# പഞ്ചായത്ത് പ്രാതിനിധ്യങ്ങൾ

# സംഘടിത

സംഘടിത|ജൂൺ 2017 |വോള്യം 13 |ലക്കം 5

**കവർ ചിത്രം കടപ്പാട്: ഷെറിൽ ബ്രഗാൻസ**



സ്ത്രീ, അധികാരം, രാഷ്ട്രീയം **7**
**ഗീതാനസീർ**

**14** അവളിടങ്ങൾ
**അഞ്ജ്ജലി**

ലിംഗപദവി സൗഹൃദ പഞ്ചായത്ത് **15**
**രജിത**

**19** സ്ത്രീ അധികാരത്തിന്റെ ഇന്ത്യൻ വഴിത്താരകൾ
**കെ. എ. ബീന**

വികസനം , അതിക്രമം, സ്ത്രീ **26**
**ആർ. പാർവതി ദേവി**

**28** കുടുംബശ്രീ സംഘടനാ സംവിധാനവും ജനകീയാസൂത്രണ പ്രവർത്തനങ്ങളും
**സോയ**

ജനാധിപത്യം, വികസനം- പ്രാദേശികതലത്തിൽ- ലിംഗ പദവി കാഴ്ചപ്പാടിൽ ഒരു പുനർ വിചിന്തനം **37**
**ഏലിയാമ്മ വിജയൻ**

പഞ്ചായത്തിന്റെ ഓർമ്മവഴികളിൽ **58**
**എൽ.വസുമതി അമ്മ**



## ഫോട്ടോ ഫീച്ചർ : പഞ്ചായത്തിലെ സുശക്ത സാന്നിദ്ധ്യങ്ങൾ

---

**53** വാസ്തവം
ഡോ.ജാൻസി ജോസ്

**54** വഴിത്താരകൾ
ജാനകി

**45** തിണർപ്പ്
സതി അങ്കമാലി

**52** **പെൺപക്ഷം**
**കെ. അജിത**

**35** ഉപ്പും മുളകും
ഗീത

**61** ശാസ്ത്രം
സീമ ശ്രീലയം

**62** കവിത
സിഷ എസ്.

**36** കവിത
ഭദ്ര

**49** സിനിമ
ശാരിക ശശി

**59** റിപ്പോർട്ട്
ബീന പോൾ

**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ**:ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ** :**ഗീതാ നസീർ** **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അധ്യ.കെ.കെ. പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ചാരുലത എ.എസ്., അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനി സുകുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

എന്തു ഭക്ഷണം കഴിക്കണമെന്നും കഴിക്കരുതെന്നുമുള്ള തീർപ്പുകൾ കേവല അഭിരുചിഭേദം എന്നതിലപ്പുറം ഭരണകൂടത്തിന്റെ സ്വേച്ഛാധിപത്യപ്രതീകമായി മാറുന്നതോടെ അത് തീൻമേശയ്ക്കു പുറത്തേക്ക് ഒഴുകിപ്പരക്കുന്ന സാമൂഹ്യഹിംസയുടെ ധാരയായി രൂപം പ്രാപിക്കുന്നു. ദലിതരെയും മുസ്ലീം സമുദായക്കാരെയും പ്രത്യക്ഷമായിത്തന്നെ ഉന്നം വെച്ച് അവരുടെ ജീവിതോപാധികളുടെ വേരറുത്ത് തകർക്കാനുള്ള ആസൂത്രിതനീക്കം നടത്തുന്ന ഒരു സർക്കാറിന് ജനാധിപത്യക്രമത്തിന്റെയോ ക്ഷേമരാഷ്ട്രത്തിന്റെയോ ഏതു നിർവചനത്തിനാണർഹതയുള്ളത്? ബീഫ് ആഘോഷങ്ങൾക്കപ്പുറത്ത്, സംഘടിതശക്തി കൊണ്ട് ഇതിനെതിരെ നമുക്ക് ചെറുത്തുനില്പ് സാധ്യമാവുമോ എന്ന് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇടമഴ പെയ്യുമ്പോഴും നീരുറവകൾ തളിർക്കാത്ത ഭൂമി.പരിസ്ഥിതിദിനമുണ്ടെങ്കിലും പരിസ്ഥിതിഭാവനകളില്ലാത്ത ഭരണകൂടങ്ങൾ. മഴ തിമർത്തു പെയ്താലും 'തുള്ളി കുടിക്കാനില്ലത്രെ' എന്ന കഠിനാവസ്ഥ. ശുദ്ധജലത്തിനു വേണ്ടിയുള്ള നെട്ടോട്ടങ്ങളിൽ ഏറെ കഷ്ടതകൾ അനുഭവിക്കുന്നത് സ്ത്രീകൾ തന്നെയാണ്. കുന്നിൻപ്രദേശങ്ങളിൽ നോക്കുകുത്തികൾപോലെ പണിതുയർത്തിയ മഴവെള്ളസംഭരണികൾ ഇടനിലക്കാരുടെ രഹസ്യസമ്പാദ്യങ്ങളിൽ വർദ്ധനവ് വരുത്തിയതല്ലാതെ ജലലഭ്യതയുടെ കാര്യത്തിൽ ജനജീവിതം ആയാസരഹിതമാക്കി എന്നൊരിക്കലും അവകാശപ്പെട്ടുകൂടാ.

ഏറെ വിവാദക്കൊഴുപ്പിൽ ചർച്ച ചെയ്യപ്പെട്ട സ്വാമിയുടെ ജനനേന്ദ്രിയഛേദനം '22 എഫ് പേട്ട' എന്നൊക്കെയുള്ള ഓമനപ്പേരിൽ മലയാളിയുടെ പുല്ലിംഗവ്യവഹാരങ്ങൾക്ക് ആക്കം കൂട്ടി. ആത്മീയഗുരുവിന്റെ വേഷമിട്ട് വീട്ടുകാരെ പറ്റിച്ച് കാലങ്ങളായി തന്നെ ലൈംഗികമായി പീഡിപ്പിച്ചുപോന്ന ഒരാളെ ഈ ചെറുപ്രായത്തിൽ ആ പെൺകുട്ടി നേരിട്ടതെങ്ങനെയായിരിക്കും? അതിസാഹസികം, ശ്ലാഘനീയം എന്നൊക്കെ ചുറ്റും ഉറക്കെ അഭിനന്ദനങ്ങളുടെ കരഘോഷങ്ങളുയരുമ്പോൾ ഇങ്ങനെയൊരു കൃത്യം ചെയ്യേണ്ടുന്ന ദുരവസ്ഥയിലെത്തിയ ഒരാളുടെ മാനസികനില എത്ര ഭയാനകമാണ് എന്നുകൂടി ആലോചിക്കാവുന്നതാണ്. ജീവിതം സിനിമയല്ലല്ലോ. കാണികൾ കൈയ്യടിച്ച് എഴുന്നേറ്റു പോകുമ്പോഴും മാനസികപീഡകളെയും നിയമക്കുരുക്കുകളെയും അതിജീവിക്കേണ്ടുന്ന ജീവിതം ബാക്കിയാവുന്നു. ധീരകൃത്യം എന്ന് ലജ്ജയില്ലാതെ പുകഴ്ത്തുന്ന മുഖ്യമന്ത്രി സ്ത്രീകളും പെൺകുട്ടികളും ലൈംഗികചൂഷണങ്ങൾക്ക് വിധേയരാവുന്നത് തടയാൻ പരാജയപ്പെട്ട ഭരണസംവിധാനത്തകർച്ച സമർത്ഥമായി മറച്ചു വെയ്ക്കുന്നു. മനസ്സിലും ശരീരത്തിലും ആത്മപ്രതിരോധത്തിന് ആയുധം പേറേണ്ടുന്ന അവസ്ഥയിലേക്ക് സ്ത്രീപുരുഷബന്ധങ്ങൾ എത്തിനിൽക്കുന്നത് സമൂഹത്തിന്റെ തീവ്രരോഗാതുരത അല്ലെങ്കിൽ മറ്റെന്താണ്? നിയമത്തിന്റെ സാങ്കേതിക കുരുക്കുകളും സ്വാമിയുടെ സ്വഭാവശുദ്ധി സംരക്ഷിക്കാനുള്ള വ്യഗ്രതയും നീതിക്ക് ഭീഷണിയായി തുടരുന്നുണ്ടിപ്പോഴും.

മലയാള സിനിമാരംഗം എത്രമേൽ സ്ത്രീവിരുദ്ധമാണെന്ന ചർച്ചകൾ നടി ആക്രമിക്കപ്പെട്ട പശ്ചാത്തലത്തിൽ ധാരാളം കേൾക്കുകയുണ്ടായി. തിരുത്തലിനുള്ള പോംവഴികൾ എന്നപോലെ രൂപം കൊണ്ട 'വിമൻ ഇൻ സിനിമ കലക്ടീവ് ' ആവേശകരമായ തുടക്കം കുറിക്കുകയാണ്. ബീന പോൾ, ദീദി ദാമോദരൻ, സജിത മഠത്തിൽ, പാർവ്വതി, മഞ്ജു വാര്യർ, ഫൗസിയ ഫാത്തിമ തുടങ്ങി ഇരുപതോളം ചലച്ചിത്ര പ്രവർത്തകരാണീ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകുന്നത്. ഭാഗ്യലക്ഷ്മിയുടേയും മാല പാർവ്വതിയുടെ പ്രകടമായ അഭാവം ചോദ്യങ്ങളുയർത്തുന്നുണ്ടെങ്കിലും ഈ സംരംഭം ചരിത്രപരമായ മുന്നേറ്റം തന്നെ. നിറഞ്ഞ അഭിനന്ദനങ്ങൾ.

1992 ൽ പഞ്ചായത്തി രാജ് ആക്ട് നിലവിൽ വന്നതോടെ ത്രിതല പഞ്ചായത്ത് എന്ന ആശയം യാഥാർത്ഥ്യമാവുകയും 2009 ലെ ഭേദഗതിപ്രകാരം സ്ത്രീകൾക്ക് അമ്പത് ശതമാനം സീറ്റ് സംവരണം നിലവിൽ വരികയും ചെയ്തു. എന്നാൽ പഞ്ചായത്തിന്റെ സാരഥ്യം സ്ത്രീകളേറ്റെടുക്കാൻ തുടങ്ങിയിട്ട് ഇതിലുമെത്രയോ കാലമായി. 1963 മുതൽ പഞ്ചായത്ത് മെമ്പറായി 1968 ൽ കേരളത്തിലെ ആദ്യ വനിതാപഞ്ചായത്ത് പ്രസിഡൻറാവുകയും തുടർച്ചയായി പന്ത്രണ്ട് വർഷം ഈ സ്ഥാനത്തിരിക്കുകയും ചെയ്ത ശ്രീമതി അന്നമ്മ ജേക്കബിനെ ഈയവസരത്തിൽ ഓർക്കേണ്ടതാണ്.പ്രാദേശികവികസനത്തിന് ചുക്കാൻ പിടിക്കുന്ന പഞ്ചായത്തുകളിലെ വികസനവഴികളെ സ്ത്രീസൗഹൃദപരമാക്കുകയെന്ന നിർണ്ണായകദൗത്യമാണ് ജനപ്രതിനിധികളായെത്തുന്ന സ്ത്രീകളുടെ മുന്നിലുള്ള പ്രധാന വെല്ലുവിളി. ഭർത്താവിന്റെയോ അച്ഛന്റെയോ പേരുചേർത്ത വോട്ടുപിടുത്തം, വീടിന്റെ ഉത്തരവാദിത്വങ്ങൾ , വീട്ടധികാരത്തുടർച്ചയിൽ പഞ്ചായത്ത് തീരുമാനങ്ങളിൽ ഇടപെടുന്ന പുരുഷബന്ധുത്വങ്ങൾ, പരിചയക്കുറവിന്റെയും ആത്മവിശ്വാസച്ചോർച്ചയുടെയും ടെയും അവസ്ഥകൾ - ഇവയൊക്കെ മറികടന്ന് സ്ത്രീകൾ പഞ്ചായത്തുകളിൽ സ്വന്തം ചുവടുകൾ സധൈര്യം ഉറപ്പിച്ചു തുടങ്ങിയിരിക്കുന്നു. ഈ വഴികളിലൂടെ അന്വേഷണക്കണ്ണുകൾ പായിച്ച് 'പഞ്ചായത്ത് പ്രാതിനിധ്യങ്ങൾ' ചർച്ചചെയ്യുന്ന ഗീത നസീർ അതിഥിപത്രാധിപയായ ജൂൺ മാസം സംഘടിത ഗൗരവമാർന്ന ആലോചനകൾക്കായി സമർപ്പിക്കട്ടെ.

# അതിഥിപത്രാധിപക്കുറിപ്പ്



**ഗീതാ നസീർ**

അധികാരസ്ഥാനങ്ങളിലേക്കുള്ള സ്ത്രീകളുടെ ജൈത്രയാത്ര ആരംഭിച്ചിട്ട് ഏതാണ്ട് 23 വർഷമായി. ത്രിതലപഞ്ചായത്തിൽ മുപ്പത്തിമൂന്ന് ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ടാണ് ഈ യാത്ര 1994 ൽ തുടങ്ങുന്നത്. ഭരണഘടനയുടെ എഴുപത്തിമൂന്നാം ഭേദഗതിയായാണ് ഇത് നടപ്പിലാക്കിയത്. പിന്നീട് 2009ൽ 103-ാം ഭേദഗതിയായി അൻപത് ശതമാനം സംവരണമെന്ന നിലയ്ക്ക് സ്ത്രീഅധികാരം ഉയർത്തപ്പെട്ടു. ഏതാണ്ട് എട്ടോളം സംസ്ഥാനങ്ങൾ മാത്രമാണ് ഈ അമ്പത് ശതമാനമെന്ന ഭരണഘടന നിർദ്ദേശനിയമം നടപ്പിലാക്കിയത് അതും നിയമം നിലവിൽ വന്ന് വർഷങ്ങൾക്ക് ശേഷം.

ഇന്ന് ഇരുപത്തിമൂന്ന് വർഷത്തെ സ്ത്രീഅധികാരയാത്രയിലേക്ക് തിരിഞ്ഞു നോക്കുകയാണ് സംഘടിത ഈ പ്രത്യേക പതിപ്പിലൂടെ. പഞ്ചായത്ത് രാജ് സംവരണനിയമം സ്ത്രീകളുടെ അധികാര പദവിയും സ്വത്വരാഷ്ട്രീയവും എങ്ങനെ കരുപ്പിടിപ്പിച്ചു എന്നുള്ളൊരു പോസ്റ്റ്മോർട്ടം ഇനിയെങ്കിലും നടത്താതിരുന്നാൽ അതൊരു ചരിത്രനിഷേധവും സ്ത്രീജനസംഖ്യയിലെ അമ്പത് ശതമാനം വരുന്ന സ്ത്രീജീവിതങ്ങളോടുമുള്ള അക്ഷന്തവ്യമായ അപരാധവുമായിപ്പോകും.

നിയമം സഞ്ചരിക്കുന്നതിന്റെ വേഗതയും ശുഷ്കാന്തിയും ആദ്യമേ പ്രതിപാദിച്ചതുകൊണ്ട് അക്കാര്യത്തിൽ ഒരു തർക്കമുണ്ടാകേണ്ട കാര്യമില്ല. ഇന്ത്യ സ്വതന്ത്രറിപ്പബ്ലിക്കായി 46 വർഷം പിന്നിട്ട ശേഷം മാത്രമാണ് സ്ത്രീകളുടെ അധികാരം പങ്കിടലിനെപ്പറ്റി ഭരണകൂടത്തിന് ചിന്തയുണ്ടായത്. സ്വാതന്ത്ര്യസമരത്തിലും തുടർന്നു വന്ന നിരവധി പോരാട്ടങ്ങളിലും ജീവത്യാഗം ചെയ്തവരിൽ സ്ത്രീകളുടേതും ഒട്ടുംമോശമല്ലാത്ത അംഗബലമാണുള്ളത്. എന്നാൽ ഭരണസിരാകേന്ദ്രങ്ങളിൽ അധികാരക്കസേരയിൽ സ്ത്രീകൾ കടന്നുവരുന്നതിനെ പുരുഷാധിപത്യകേന്ദ്രീകൃതസമൂഹം അനുവദിച്ചതേയില്ല. ഈ അനീതിക്കും അവകാശനിഷേധത്തിനുമെതിരെ സ്ത്രീകൾ പോരാടാൻ അതുകൊണ്ടു തന്നെ നിർബന്ധിതരായി. അധികാരം പുരുഷന്റെ മാത്രം കുത്തകയാകുന്നതിനെതിരെ പൊതുസമൂഹത്തിലുണ്ടായ പ്രതിഷേധം ഒടുവിൽ നാല്പത്തിയാറു വർഷം പിന്നിട്ടതോടെ സംവരണത്തിലൂടെ നൽകാൻ പുരുഷാധിപത്യഅധികാര ഘടനയ്ക്ക് സമ്മതിക്കേണ്ടതായി വന്നു. അതൊരു ഔദാര്യമെന്ന നിലയിലാണ് അന്ന് പലരും കണ്ടത്.

എന്നാൽ ത്രിതല പഞ്ചായത്ത് ഭരണരംഗത്തെ സ്ത്രീപ്രവേശം അധികാരം തങ്ങൾക്ക് കൂടിയുള്ളതാണെന്ന ശക്തമായ സന്ദേശം നൽകി തുടങ്ങിയതോടെ അത്

അമ്പത് ശതമാനമായി ഉയർത്താൻ അരങ്ങൊരുക്കപ്പെട്ടു. ഇതൊക്കെയാണെങ്കിലും നിയമനിർമ്മാണ സഭകളിലെ സ്ത്രീപ്രാതിനിധ്യത്തിനായുള്ള സംവരണബിൽ ശാപമോക്ഷം കിട്ടാതെ അധികാരത്തിന്റെ അകത്തളങ്ങളിൽ ഇന്നും കുടുങ്ങിക്കിടക്കുന്നുണ്ട്.

ഇതുതന്നെയാണ് ഇതിലെ പ്രശ്നങ്ങൾ. രാഷ്ട്രീയ അധികാരത്തിൽ സ്ത്രീകളെ എത്തിക്കുന്നതിൽ പഞ്ചായത്ത്‌രാജ് സംവരണം ഇനിയും വിജയിച്ചിട്ടില്ല എന്നതുകൊണ്ടാണ് പുരുഷന്റെ സമ്മതത്തിനായി കാത്തുകിടക്കേണ്ട അവസ്ഥയിലേക്ക് സ്ത്രീഅധികാരത്തെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നത്, ത്രിതലപഞ്ചായത്ത് രംഗത്തെ സ്ത്രീപ്രാതിനിധ്യം ഗുണപരമായി എന്ത് മാറ്റമാണ് സ്ത്രീകളിലുണ്ടാക്കിയിട്ടുള്ളതെന്ന പരിശോധന അതുകൊണ്ടു തന്നെ അത്യാവശ്യമാണ്. പഞ്ചായത്ത് ഭരണത്തിൽ പങ്കാളികളാകുന്ന സ്ത്രീകളിൽ ഒരു ചെറുശതമാനം പോലും മുഖ്യധാരാരാഷ്ട്രീയ അധികാരകേന്ദ്രത്തിൽ എത്തിപ്പെടുന്നില്ല. ഭരണപരമായും രാഷ്ട്രീയപരമായും പദവിപരമായും സ്ത്രീയുടെ വളർച്ചയ്ക്ക് രാഷ്ട്രീയപ്രസ്ഥാനങ്ങൾ ശ്രമിക്കുന്നില്ല. കേവലമൊരു സംവരണത്തണലിൽ പഞ്ചായത്ത് തലത്തിൽ മയങ്ങിക്കിടക്കേണ്ട ഒരു പ്രതിഭാസം മാത്രമാണ് സ്ത്രീ അധികാരമെന്ന പൊതുചിന്ത ഇവിടെ പ്രബലമാണ്. തങ്ങളുടെ അവകാശങ്ങൾ സീമാബന്ധമാക്കപ്പെടുന്ന പുരുഷരാഷ്ട്രീയസമവാക്യം ചോദ്യം ചെയ്യപ്പെടാതെ സ്ത്രീകൾക്ക് ഈ കടമ്പ മുറിച്ചു കടക്കാനാകില്ല. സ്ത്രീസംവരണത്തോടൊപ്പം പഞ്ചായത്ത് ഭരണത്തിന്റെ സ്വഭാവം കൂടി തരംതാഴ്ത്തപ്പെട്ടതായാണ് മനസ്സിലാക്കാൻ കഴിയുന്നത്. ആട്, കോഴിവളർത്തൽ, നിർമ്മാണപ്രവർത്തനങ്ങൾ, അയൽക്കൂട്ടപ്പിരിവ് തുടങ്ങിയ താരതമ്യേന അപ്രധാനമായ അജണ്ടകൾക്ക് മേൽക്കൈ പഞ്ചായത്ത് തലത്തിൽ വന്നതിനെപ്പറ്റി ഗൗരവകരമായ ചർച്ച ഉണ്ടാകേണ്ടതുണ്ട്. പ്രാദേശികവികസനമെന്നത് ഒരു രാജ്യത്തിന്റെ അടിസ്ഥാനവികാസത്തിൽ സുപ്രധാനമാണെന്നും അത് നടപ്പിലാക്കാൻ സ്ത്രീപക്ഷ അതുവഴി പ്രകൃതിപക്ഷ മനുഷ്യപക്ഷ കാഴ്ചപ്പാട് ഉണ്ടാക്കിയെടുക്കേണ്ടതാണെന്നുമുള്ള വികസനകാഴ്ചപ്പാട് കൈമോശം വരികയുണ്ടായി.

ത്രിതലപഞ്ചായത്ത് സംവിധാനത്തിലെ സ്ത്രീപ്രവേശത്തിന്റെ പ്രാധാന്യം ഇതോടെ നഷ്ടമായി എന്ന് മാത്രമല്ല ഗൗരവകരമായ പ്രവർത്തനം സ്ത്രീകളുടെ നേതൃത്വത്തിൽ നടക്കാതിരിക്കാനുള്ള ബോധപൂർവ്വമായ രാഷ്ട്രീയഅട്ടിമറിയും ഇവിടെ സംഭവിച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്.

കേരളത്തിൽ അമ്പതുശതമാനം സ്ത്രീപങ്കാളിത്തമുണ്ടെന്നതുകൊണ്ടുതന്നെ പ്രാദേശികവികസന അജണ്ടകൾക്ക് കൂടുതൽ ഗൗരവമേറിയ തലം ഉണ്ടാവേണ്ടതുണ്ട്. അത്തരമൊരു നീക്കം ഉത്തരവാദിത്തത്തോടെ രാഷ്ട്രീയപ്രസ്ഥാനങ്ങൾ നിർവ്വഹിക്കാൻ തയ്യാറായേ മതിയാകൂ. അധികാരം കൊയ്യണമാദ്യം അതിന്മേലാകട്ടെ പൊന്നാര്യൻ എന്ന് വൈലോപ്പിള്ളി ശ്രീധരമേനോൻ പറഞ്ഞതിങ്ങനെ കൂടി പറയേണ്ടതുണ്ട്.

രാഷ്ട്രീയഅധികാരം കൊയ്യണാമാദ്യം... അതിന്മേലാകട്ടെ പൊന്നാര്യൻ. ത്രിതലപഞ്ചായത്ത് ഭരണത്തിലെ സ്ത്രീപ്രതിനിധികളുടെയും ത്രിതലപഞ്ചായത്ത് ഭരണത്തിലെ സ്ത്രീപ്രതിനിധികളുടെയും ഈ മേഖലയിൽ പഠനം നടത്തിയവരുടേയും വിശകലനത്തിലൂടെ സ്ത്രീഅധികാര രാഷ്ട്രീയത്തിന്റെ പ്രശ്നങ്ങളും നേട്ടങ്ങളും കോട്ടങ്ങളും പരിഹാരനിർദ്ദേശങ്ങളും അന്വേഷിക്കുകയാണ് ഈ പതിപ്പിലൂടെ സംഘടിത. ഇതൊരു പൂർണ്ണമായ പഠനമോ വിലയിരുത്തലോ അല്ല. എങ്കിലും ഇതൊരു ചൂണ്ടുപലക തന്നെയാണ്. വരും നാളുകളിലെ സ്ത്രീ അധികാരത്തിന്റെ അവസ്ഥാന്തരങ്ങളിലേക്കുള്ള ചൂണ്ടുപലക.



ഗീതാനസീർ

# സ്ത്രീ, അധികാരം, രാഷ്ട്രീയം



ഇന്ത്യയെ സംബന്ധിച്ചിടത്തോളം സ്ത്രീ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണവും വൈവിദ്ധ്യത യേറിയതുമാണ്. ഒന്നാമതായി ഇന്ത്യയിൽ നില നിൽക്കുന്ന ജാതിവ്യവസ്ഥ, ഇവിടെ മാത്രം കാണുന്ന ആചാരാനുഷ്ഠാന വിശ്വാസങ്ങൾ, ജൻമി ത്വത്തിന്റെ കടുത്ത പുറംചട്ടയുള്ള സാമൂഹ്യവ്യവ സ്ഥിതിയുടെ വേരുകൾ തുടങ്ങി സ്ത്രീകളുടെ പിന്നാക്കാവസ്ഥയ്ക്ക് കാരണമാകുന്ന വിഷയങ്ങൾ നിരവധിയാണ്. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ സ്ത്രീകളുടെ രാഷ്ട്രീയപ്രവർത്തനം പല കടമ്പ കൾ കടന്നാണ് മുഖ്യധാരയിലെത്തിയത്.

ജാതിവ്യവസ്ഥയുടെ ഉച്ചനീചത്വം, സവർണ ജാതി മേൽക്കോയ്മയുടെ പുരുഷാധിപത്യമർക്കടമു ഷ്ടികൾ, അറിവ് നേടാനുള്ളതടക്കമുള്ള അവസര നിഷേധം, വ്യവസ്ഥിതിയുടെ മാമൂലുകൾ എന്നിവ സ്ത്രീക്ക് ചുറ്റും തീർത്ത ശക്തമായ വലയങ്ങൾ ഭേദിച്ചുവേണമായിരുന്നു സ്ത്രീക്ക് പൊതുമണ്ഡല ങ്ങളിൽ എത്തിച്ചേരാൻ. ബ്രിട്ടീഷ് സാമ്രാജ്യത്വ മേൽക്കോയ്മക്കെതിരെ രാജ്യമൊന്നായി നടത്തിയ പോരാട്ടങ്ങളിൽ എന്നിട്ടും സ്ത്രീപ്രാതിനിധ്യം ഒട്ടും

കുറവായിരുന്നില്ല. ചരിത്രത്തിൽ സ്ത്രീകളെ നാമമാത്രമായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു എങ്കിലും.

വീട് എന്ന കുടുംബത്തിന്റെ അടിസ്ഥാന ചട്ടക്കൂടിൽ തളച്ചിടപ്പെട്ട സ്ത്രീകൾക്ക് പൊതു ഇടങ്ങൾ തികച്ചും അന്യമായ ഇരുണ്ടകാലങ്ങളിൽപ്പോലും (ഇന്നും അതിന് അടിസ്ഥാനപരമായ മാറ്റം സംഭവിച്ചിട്ടില്ല) ചെറുത്തുനിൽപ്പിന്റെ രാഷ്ട്രീയപ്രവർത്തനം സ്ത്രീ നടത്തിയിരുന്നു. പുരുഷാധിപത്യത്തിന്റെ രൂഢമൂലമായ കാഴ്ചപ്പാടുകൾ ഇന്ത്യൻ രാഷ്ട്രീയത്തെ ചുറ്റിവരിഞ്ഞുനിൽക്കുമ്പോഴും രാഷ്ട്രീയത്തിലെ സ്ത്രീസാന്നിധ്യം ഒട്ടും മോശമായിരുന്നില്ല. പ്രബല രാഷ്ട്രീയകക്ഷിയായ കോൺഗ്രസിൽ വനിതകൾ ഉണ്ടായെങ്കിലും ആദ്യമന്ത്രിസഭ രൂപീകരണവേളതൊട്ട് അധികാരകേന്ദ്രങ്ങളിൽ സ്ത്രീപുരുഷ അനുപാതം എങ്ങനെയായിരിക്കണമെന്ന കാര്യത്തിൽ ഈ നിമിഷംവരെ പുരുഷൻമാരായ നേതാക്കാൻമാർക്ക് ഉറച്ച തീരുമാനമുണ്ടായിരുന്നു. ആദ്യ കേന്ദ്രമന്ത്രിസഭയിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു അടക്കം 15 അംഗങ്ങളുള്ളതിൽ രാജകുമാരി അമൃത്കൗർ എന്ന ഒരൊറ്റ വനിതമാത്രമാണ് മന്ത്രിയായുണ്ടായിരുന്നത്. 299 അംഗ പാർലമെന്റിൽ 9 സ്ത്രീകളാണുണ്ടായിരുന്നത്. അതിനുശേഷം 2014-ലെ 16-ാം ലോകസഭവരെ വനിതകളുടെ എണ്ണം 11 ശതമാനത്തിൽ കൂടിയിട്ടില്ല. 543 അംഗ പാർലമെന്റിൽ ഇന്ന് 61 സ്ത്രീകളാണുള്ളത്. 26 ക്യാബിനറ്റ് മന്ത്രിമാരും സ്വതന്ത്ര ചാർജുള്ള 13 മന്ത്രിമാരും 25 സഹമന്ത്രിമാരുമുള്ള നരേന്ദ്രമോഡിയുടെ 64 അംഗ കേന്ദ്രമന്ത്രി സഭയിൽ മൊത്തം വനിതകളുടെ എണ്ണം പന്ത്രണ്ടാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യൻ പാർലമെന്റിൽ 19നും 61നുമിടയിലാണ് വനിതാപ്രാതിനിധ്യം ഇതുവരെയുണ്ടായിട്ടുള്ളത്. ഭരണത്തിലേറിയ എല്ലാ രാഷ്ട്രീയ പാർട്ടികളും ഇക്കാര്യത്തിൽ ഒരേ സമീപനമെടുത്തു എന്നതാണ് ഇന്ത്യൻ പാർലമെന്ററി ചരിത്രം വ്യക്തമാക്കുന്നത്.

ഭരണകേന്ദ്രങ്ങളിൽ സംവരണമെന്ന ആശയം ഉദയംചെയ്ത 1980 കാലഘട്ടങ്ങളിൽ ഏറ്റവുമധികം വിമർശനം ഉന്നയിക്കപ്പെട്ടത് കഴിവുള്ള സ്ത്രീകൾ ഇല്ല എന്ന കാരണം പറഞ്ഞുകൊണ്ടാണ്. അതുവരെയും, തദ്ദേശ ഭരണരംഗത്ത് സംവരണം വന്ന് കുറച്ചുനാൾവരെയും, പ്രബല രാഷ്ട്രീയ കക്ഷികൾ അവരുടെ നേതാക്കന്മാരുടെ ഭാര്യമാരെയോ, സഹോദരി, പെൺമക്കൾ എന്നിവരെയോ തെരഞ്ഞെടുപ്പിൽ സ്ഥാനാർഥിയാക്കുന്ന പ്രവണത നിലനിന്നിരുന്നു. ഇതിന് രണ്ട് കാരണങ്ങളാണുണ്ടായിരുന്നത്. ഒന്ന് അധികാരം പുരുഷനല്ലെങ്കിൽ അവന്റെ ബിനാമിക്ക്, മറ്റൊന്ന് സ്ത്രീകൾ കൂടുതൽ പൊതുരംഗത്തും രാഷ്ട്രീയ രംഗത്തും വിശിഷ്യാ തെരഞ്ഞെടുപ്പ് രംഗത്ത് വരുന്നത് നിരുത്സാഹപ്പെടുത്തുക. രണ്ടായാലും അധികാരമെന്ന അത്യന്തം ഭ്രമിപ്പിക്കുന്ന, ഇതുവരെവച്ചനുഭവിച്ച ആധിപത്യകേന്ദ്രത്തെ വിട്ടുകൊടുക്കാനുള്ള പുരുഷന്റെ വിമുഖത തന്നെയാണ് അടിസ്ഥാന കാരണം.

**വീട് എന്ന കുടുംബത്തിന്റെ അടിസ്ഥാന ചട്ടക്കൂടിൽ തളച്ചിടപ്പെട്ട സ്ത്രീകൾക്ക് പൊതു ഇടങ്ങൾ തികച്ചും അന്യമായ ഇരുണ്ടകാലങ്ങളിൽപ്പോലും (ഇന്നും അതിന് അടിസ്ഥാനപരമായ മാറ്റം സംഭവിച്ചിട്ടില്ല) ചെറുത്തുനിൽപ്പിന്റെ രാഷ്ട്രീയപ്രവർത്തനം സ്ത്രീ നടത്തിയിരുന്നു. പുരുഷാധിപത്യത്തിന്റെ രൂഢമൂലമായ കാഴ്ചപ്പാടുകൾ ഇന്ത്യൻ രാഷ്ട്രീയത്തെ ചുറ്റിവരിഞ്ഞുനിൽക്കുമ്പോഴും രാഷ്ട്രീയത്തിലെ സ്ത്രീസാന്നിധ്യം ഒട്ടും മോശമായിരുന്നില്ല.**

ഈ മനോനില എല്ലാ അധികാരകേന്ദ്രങ്ങളിലും പിന്തിരിപ്പൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങളിലും ഒരുപോലെ നിലനിൽക്കുന്നു എന്നതാണ് സ്ത്രീകൾ നേരിടുന്ന മറ്റൊരു പ്രതിസന്ധി. സിപിഐ സിപിഎം അടക്കമുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ഈ വസ്തുത നിഷേധിക്കാനാവാത്തവിധം പുരുഷകേന്ദ്രീകൃതമാണ് പാർട്ടി സംഘടനാഘടനയും പാർലമെന്ററി രാഷ്ട്രീയപ്രവർത്തനരീതിയും. സ്വാതന്ത്ര്യലബ്ധിക്കു ശേഷം മുതൽ ഇന്നുവരെയുള്ള പാർലമെന്ററി ചരിത്രം പരിശോധിച്ചാൽ ഇത് ബോദ്ധ്യമാകും. സിപിഐ സിപിഎം പാർട്ടികളുടെ പാർലമെന്റംഗചരിത്രം പരിശോധിച്ചാൽ ഈ 67 വർഷത്തിനിടയിൽ ആകെ 15ൽ താഴെ സ്ത്രീകളെ മാത്രമേ സഭയിലെത്തിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ജനറൽ സീറ്റിൽ മത്സരിച്ച് ജയിക്കാൻ പ്രാപ്തരായ സ്ത്രീകളില്ലെന്നും കൂടുതൽ സീറ്റിൽ വിജയിക്കണമെന്നുള്ളതുകൊണ്ട് റിസ്ക് എടുക്കാൻ പറ്റില്ലെന്നും മറ്റുമുള്ള ചില വിശദീകരണങ്ങൾ ഇതുമായി ബന്ധപ്പെട്ട് പറഞ്ഞു കേൾക്കാറുണ്ട്. ലിംഗരാഷ്ട്രീയബോധത്തിന്റെ അഭാവമാണ് ഇത്തരം വാദങ്ങളിൽ പ്രകട

മാകുന്നത്. രാഷ്ട്രീയത്തിലെ പുരുഷാധിപത്യ പ്രവണതകൾക്കെതിരെ തന്നോടുതന്നെ യുദ്ധം ചെയ്ത് അതിനെ പരാജയപ്പെടുത്താൻ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പുരുഷന് സാധ്യമാകേണ്ടതുണ്ട്. അതിന് കഴിയാതെ പോകുന്നതുകൊണ്ടാണ് വർഗ്ഗസമരം വിജയിച്ചാലും ലിംഗനീതി നടപ്പിലാക്കിക്കൊള്ളണമെന്നില്ല എന്ന വാദം ലോകത്തുയർന്നു വന്നത്. ദളിത് സ്ത്രീകളുടെ അധികാര രാഷ്ട്രീയത്തിനെതിരെ ഉയർന്നു കേൾക്കുന്ന അതേ തടസ്സവാദങ്ങൾ തന്നെയാണ് സ്ത്രീ സ്ഥാനാർഥിത്വത്തിനെതിരെയും ഉയർന്നു കേൾക്കുന്നത്. സവർണ്ണമേൽക്കോയ്മക്കെതിരെ നിൽക്കുന്ന കമ്മ്യൂണിസ്റ്റു പാർട്ടികൾ സ്ത്രീകളുടെ കാര്യത്തിൽ ഇരട്ടത്താപ്പ് സ്വീകരിക്കുന്നത് ആ പ്രസ്ഥാനങ്ങളുടെ വർഗ്ഗനിലപാടുകൾക്ക് കടകവിരുദ്ധമാണ്. ഈ വൈരുദ്ധ്യം തിരുത്താതെ വനിതാസംവരണബില്ലിനുവേണ്ടി നിലകൊള്ളുന്നു എന്ന് പറയുന്നതിൽ ഒരാത്മാർഥതയുമില്ല.

പാർലമെന്റിലും നിയമസഭകളിലും 33 ശതമാനം സംവരണം വേണമെന്ന ഇന്ത്യൻ സ്ത്രീകളുടെ ആവശ്യത്തിന് 20 വർഷമായിട്ടും പരിഹാരം കാണാൻ കഴിഞ്ഞില്ല എന്നതു തന്നെ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പരാജയവും അപചയവുമാണ് വെളിവാക്കുന്നത്. ജനാധിപത്യരാഷ്ട്രമെന്ന വാദം പോലും അർഥശൂന്യമാവുകയാണിവിടെ. ജനസംഖ്യയിൽ 50 ശതമാനം വരുന്ന സ്ത്രീജനവിഭാഗത്തിന് ഭരണതലത്തിൽ 4 ശതമാനം പോലും പ്രാതിനിധ്യമില്ല എന്ന് പറഞ്ഞാൽ അതിന്റെ പച്ചയായ അർഥം, ഇവിടെ നിലനിൽക്കുന്നത് പുരുഷ ഏകാധിപത്യഭരണമാണെന്നാണ്. രാഷ്ട്രീയസാമൂഹ്യവ്യവഹാരങ്ങളിലും വിവിധ രാഷ്ട്രീയപാർട്ടികളുടെ റാലികളിലും യോഗങ്ങളിലും പങ്കെടുക്കുന്ന സ്ത്രീസമൂഹം വ്യക്തമായി നൽകുന്ന സന്ദേശം ഇവയൊക്കെ ഞങ്ങൾക്ക് കൂടി പ്രാപ്യമാണെന്ന് തന്നെയാണ്. ഭരണാധിപത്യത്തിന്റെ കാര്യം നാം കണ്ടുകൊണ്ടിരിക്കുന്നു. എന്നാൽ സംവരണബില്ലിനു വേണ്ടി നിലകൊള്ളുന്ന കോൺഗ്രസ്, ബി ജെ പി, സിപിഐ, സിപിഎം അടക്കമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പാർട്ടി ദൗത്യനിർവഹണ കേന്ദ്രങ്ങളിൽ എന്തുകൊണ്ട് സ്ത്രീകളെ ഉൾപ്പെടുത്തുന്നില്ല. അവരുടെ വിവിധ ബഹുജനസംഘടനകളിൽ എന്തുകൊണ്ട് സ്ത്രീകളെ നേതൃത്വനിരയിലേക്ക് കടന്നുവരാൻ അനുവദിക്കുന്നില്ല. അവിടെ പുരുഷനേതൃത്വത്തെ ഈ പ്രവർത്തി ചെയ്യുന്നതിൽ നിന്നും തടയുന്നതാരാണ്? പുരോഗമനപ്രസ്ഥാനങ്ങളെന്നവകാശപ്പെടുന്ന പ്രസ്ഥാനങ്ങൾക്കെങ്കിലും ഇത് നടപ്പിലാക്കാമായിരുന്നില്ലേ. അതോ പാർട്ടികൾക്കകത്തും സ്ത്രീകൾ സംവരണബിൽ അവതരിപ്പിക്കണമെന്നാണോ? നിലപാടുകളുടെ സുതാര്യത വെളിപ്പെടുത്താൻ സിപിഐ സിപിഎം അടക്കമുള്ള പുരോഗമന ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കെങ്കിലും ചുരുങ്ങിയത് സ്ത്രീകളെ ദൗത്യ

**രാഷ്ട്രീയത്തിലെ പുരുഷാധിപത്യ പ്രവണതകൾക്കെതിരെ തന്നോടുതന്നെ യുദ്ധം ചെയ്ത് അതിനെ പരാജയപ്പെടുത്താൻ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പുരുഷന് സാധ്യമാകേണ്ടതുണ്ട്. അതിന് കഴിയാതെ പോകുന്നതുകൊണ്ടാണ് വർഗ്ഗസമരം വിജയിച്ചാലും ലിംഗനീതി നടപ്പിലാക്കിക്കൊള്ളണമെന്നില്ല എന്ന വാദം ലോകത്തുയർന്നു വന്നത്. ദളിത് സ്ത്രീകളുടെ അധികാര രാഷ്ട്രീയത്തിനെതിരെ ഉയർന്നു കേൾക്കുന്ന അതേ തടസ്സവാദങ്ങൾ തന്നെയാണ് സ്ത്രീ സ്ഥാനാർഥിത്വത്തിനെതിരെയും ഉയർന്നു കേൾക്കുന്നത്.**




നിർവഹണകേന്ദ്രങ്ങളിലേക്ക് അവരോധിക്കാൻ കഴിയേണ്ടതല്ലേ? പാർട്ടി സെക്രട്ടറി മുതൽ ഏത് പദവിയും സ്ത്രീക്ക് കഴിയുന്നൊരു രാഷ്ട്രീയ കാലാവസ്ഥ പുരുഷാധിപത്യസമുഹത്തിലെ രാഷ്ട്രീയപ്രസ്ഥാനങ്ങളിൽ എന്നായിരിക്കും നടപ്പിലാകുക?

രാഷ്ട്രീയ ദൗത്യനിർവഹണകേന്ദ്രങ്ങളിലും തീരുമാനമെടുക്കുന്ന രൂപീകരണബോഡിയിലും സ്ത്രീകൾ എത്തിപ്പെടുക എന്നത് മാത്രമാണ് ഇവക്കുള്ള ഏകപരിഹാരം. എന്നാൽ പുരോഗമനം, വികസനം എന്നൊക്കെയുള്ളത് പുരുഷാധിപത്യകേന്ദ്രങ്ങളുടെ അധികാരവികാസമായി ക്രമപ്പെടുത്തി, ലിംഗനീതിക്കായി രണ്ടാംപൗരയുടെ പോരാട്ടത്തിന് എന്നിട്ട് അവർ തന്നെ നേതൃത്വം നൽകുന്ന കാഴ്ചയാണ് ഇന്ന് നാം കാണുന്നത്. വളരെ സങ്കീർണ്ണമായ സാമൂഹ്യഘടന നിലനിൽക്കുന്ന ഇന്ത്യയിൽ ജന്മിത്വത്തിന്റെ ബാക്കിപത്രവും വേരുകളും തുടച്ചുനീക്കാനുള്ള ഒരു സാമൂഹ്യരാഷ്ട്രീയ

പോരാട്ടം ഇവിടെ യഥാർഥത്തിൽ നടന്നിട്ടില്ല. അതൽപമെങ്കിലും നടന്ന കേരളത്തിൽ സ്ത്രീവാദത്തിന്റെ പ്രബലമായ കാഴ്ചപ്പാടുകൾക്ക് രാഷ്ട്രീയംഗീകാരം നൽകാനുള്ള ബോധപൂർവമായ ഒരു ശ്രമം കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് ഏറ്റെടുക്കാനും കഴിഞ്ഞില്ല. അവിടെ ജന്മിത്വത്തിന്റെ പല മാമൂലുകളോടും സന്ധി ചെയ്യാൻ അധികാരത്തിന്റെ പേരിൽ നിബന്ധിതരായി. പാർട്ടികൾക്കകത്തു നിന്നു തന്നെ തുടങ്ങേണ്ടിയിരുന്ന ലിംഗനീതി പോരാട്ടം പുരുഷാധിപത്യമേൽക്കോയ്മയിൽ അകാലത്തിൽ പൊലിഞ്ഞുപോയി. ഭരണരംഗത്ത് അതുകൊണ്ടു തന്നെ സ്ത്രീ ഒരു കെട്ടുകാഴ്ചയിലപ്പുറം ഉയർത്തപ്പെട്ടില്ല. രാഷ്ട്രീയബോധമുള്ള സ്ത്രീകൾ അതേസമയം കളത്തിന് പുറത്തുമായി. ഈ കാലാവസ്ഥയിൽ സാമൂഹ്യവികാസത്തെക്കുറിച്ചും അധികാരവും രാഷ്ട്രീയവുമെന്ന സമസ്യയെക്കുറിച്ചും എത്രയാവർത്തി ചർച്ച ചെയ്താലും ആ ചർച്ചകളിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളെല്ലാം തന്നെ പുരുഷാധിപത്യമതിലിൽ തട്ടി ബൂമറാങ്ങായി സ്ത്രീയുടെ നേർക്ക് തന്നെ തിരിയാനാണ് പോകുന്നത്. എന്നാൽ അനിവാര്യമായൊരു പൊട്ടിത്തെറി ഇന്ത്യൻ സമൂഹത്തെ കാത്തിരിപ്പുണ്ട്. അതുവരെ ജെന്റർ ബജറ്റ്, ജെന്റർ പാർക്ക്, ജെന്റർ നീതി എന്ന് വിളിച്ചു പറഞ്ഞു സംവരണവാദികളോടൊപ്പം മുറവിളി കൂട്ടിക്കൊണ്ടിരിക്കാം – ഇതൊരവകാശമാണെന്ന ബോധം വരും വരെ.

**പാർട്ടികൾക്കകത്തു നിന്നു തന്നെ തുടങ്ങേണ്ടിയിരുന്ന ലിംഗനീതി പോരാട്ടം പുരുഷാധിപത്യമേൽക്കോയ്മയിൽ അകാലത്തിൽ പൊലിഞ്ഞുപോയി. ഭരണരംഗത്ത് അതുകൊണ്ടു തന്നെ സ്ത്രീ ഒരു കെട്ടുകാഴ്ചയിലപ്പുറം ഉയർത്തപ്പെട്ടില്ല. രാഷ്ട്രീയബോധമുള്ള സ്ത്രീകൾ അതേസമയം കളത്തിന് പുറത്തുമായി. ഈ കാലാവസ്ഥയിൽ സാമൂഹ്യവികാസത്തെക്കുറിച്ചും അധികാരവും രാഷ്ട്രീയവുമെന്ന സമസ്യയെക്കുറിച്ചും എത്രയാവർത്തി ചർച്ച ചെയ്താലും ആ ചർച്ചകളിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളെല്ലാം തന്നെ പുരുഷാധിപത്യമതിലിൽ തട്ടി ബൂമറാങ്ങായി സ്ത്രീയുടെ നേർക്ക് തന്നെ തിരിയാനാണ് പോകുന്നത്.**

## കേരളത്തിലെ അവസ്ഥയും പ്രശ്നപരിഹാരവും

കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന ലിംഗനീതി സമവാക്യം കുറച്ചുകൂടി സങ്കീർണവും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് തികച്ചും വിഭിന്നവുമാണ്.



അതിന്റെ പ്രധാനകാരണം ഇവിടെയുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ശക്തമായ സാന്നിദ്ധ്യമാണ്. അധികാരം രണ്ട് പ്രബലമുന്നണികൾ തവണ നിരക്കിൽ പങ്കിടുകയാണിവിടെ. സാമൂഹ്യ അടിസ്ഥാന ശിലകൾ പലതും പാകിയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നയിക്കുന്ന മുന്നണികൾ രാഷ്ട്രീയ അധികാരം ഉൾപ്പെടെയുള്ള തീരുമാനമെടുക്കുന്ന കേന്ദ്രങ്ങളിൽ ലിംഗനീതി നടപ്പിലാക്കിയോ എന്നത് കഠിനമായ വിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്. സാക്ഷരത പൂർണ്ണമായും കൈവരിക്കാനും ആരോഗ്യ സാമൂഹ്യസുരക്ഷാ മേഖലകളിൽ പരിവർത്തനം വരുത്താനും ഇടതുപക്ഷ ഭരണം ഇടയാക്കിയിട്ടുണ്ട്.

എന്നാൽ ഈ നടപടികൾ സ്ത്രീയുടെ സാമൂഹ്യ പദവി ഉയർത്തുന്നതിലും ദൗത്യനിർവഹണ കേന്ദ്ര ങ്ങളിൽ സ്ത്രീ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിലും എത്ര കണ്ട് വിജയിച്ചു എന്നതാണ് ചർച്ച ചെയ്യപ്പെ ടേണ്ട വിഷയം. ആത്മനിഷ്ടാപരമായി സ്വയം വിമർശനത്തിലൂടെ ഇനിയെങ്കിലും ഇക്കാര്യത്തിൽ ഒരു പരിശോധന നടന്നില്ലെങ്കിൽ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ പ്രസക്തിപോലും ചോദ്യം ചെയ്യപ്പെട്ടേക്കും. വനിതാ സംവരണ ബില്ലിനെ അനുകൂലിക്കുന്ന ഇടതു പക്ഷ പാർട്ടി



നിലപാടുകൾക്ക് ഇത് തീരാകളങ്കമായിമാറും.

ത്രിതല പഞ്ചായത്ത് തലത്തിൽ 50 ശതമാനം സംവരണം നടപ്പിലാക്കിയത് സ്ത്രീയുടെ രാഷ്ട്രീയ ഇടപെടലുകൾക്ക് വലിയ ഉത്തേജനം ഉളവാക്കിയിട്ടുണ്ട്. കുടുംബശ്രീപോലുള്ള പ്രസ്ഥാ നങ്ങൾ നൽകുന്ന സംഭാവനകൾ ചെറുതല്ല. അസം ഘടിത മേഖലകളിലെ സ്ത്രീകൾക്ക് പങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിച്ച് തുടങ്ങിയ ദേശീയ തൊഴിലു റപ്പ് പദ്ധതിയും അതിനനുബന്ധമായി നടപ്പിലാ ക്കിയ വിവരാവകാശ നിയമവും ഫലപ്രദമായി നട പ്പിലാക്കാൻ അതേസമയം കേരളത്തിന് കഴിഞ്ഞിട്ടി ല്ല. സ്ത്രീ അവകാശങ്ങൾ അരക്കിട്ടുറപ്പിക്കുന്ന ഈ രണ്ടുകാര്യങ്ങളിലും ലിംഗബോധത്തോടുകൂടിയ ഇടപെടൽ നടത്തുന്നതിൽ ഭരണകാലയളവിൽ ഇട തുപക്ഷം വേണ്ടത്ര ശുഷ്കാന്തി കാണിച്ചില്ല. ത്രിതല പഞ്ചായത്ത് ഭരണം സുതാര്യവും ഉത്തരവാ ദിത്തവുമുള്ള (ട്രാൻസ്പാരന്റ് ആൻഡ് അക്കൗണ്ട ബിൾ) ഒരു സംവിധാനമാക്കുകവഴി ലിംഗനീതി അക്ഷരാർഥത്തിൽ ഉറപ്പാക്കാൻ കഴിയുമായിരു ന്നിട്ടും ആ അവസരങ്ങൾ ഉപയോഗപ്പെടുത്തിയില്ല. സാമ്പത്തിക സ്വാശ്രയത്വം സാമൂഹ്യപദവി ഉയർത്തുമെന്നത് ഒരു മരീചിക ആയി മാറിയെ ന്നതും യാഥാർഥ്യമാണ്. കുടുംബശ്രീ, സ്ത്രീ ശാക്തീകരണം വിപുലപ്പെടുത്തിയെങ്കിലും ഭരണ നിർവഹണകേന്ദ്രങ്ങളിൽ ഇപ്പോഴും പുരുഷാധി പത്യം ശക്തമായി നിലനിൽക്കുകയാണ്.

ത്രിതല ഭരണസംവിധാനം രാഷ്ട്രീയവൽക്കരിച്ച തിന്റെ ഫലമായാണ് ഇതിങ്ങനെ സംഭവിച്ചത്. രാഷ്ട്രീയ അധികാര കേന്ദ്രങ്ങളുടെ നിയന്ത്രണം ഇപ്പോഴും പുരുഷനിൽ നിക്ഷിപ്തമാണെന്നതുകൊ ണ്ടുതന്നെ സ്ത്രീകൾക്കുവേണ്ടി എല്ലാ തീരുമാന ങ്ങളും പുരുഷനെടുക്കുന്ന ദുരവസ്ഥയ്ക്ക് ഭരണകേ ന്ദ്രങ്ങളും ഉപകരണമാക്കപ്പെടുന്നു. അപ്പോൾ പ്രശ്നം തുടങ്ങുന്നത് രാഷ്ട്രീയ പാർട്ടികളിൽ നിന്നുതന്നെയാണ്. ഉദാഹരണത്തിന് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ബജറ്റുകൾ എത്ര

ത്തോളം ലിംഗനീതിയിലധിഷ്ഠിതമാണെന്ന് പരിശോധിക്കുന്നപക്ഷം ഒരുകാര്യം സുനിശ്ചിതമാണ്. ഈ ബോഡികളെ നിയന്ത്രിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളും പുരുഷകേന്ദ്രീകൃത വ്യവഹാരങ്ങളുമാണ് അവിടെ പ്രതിഫലിക്കുക. പാർട്ടി നിർദ്ദേശമെന്നത് അധികാരികളായ പുരുഷന്മാരുടെ നിർദേശമെന്ന നിലയിലേക്ക് കാര്യങ്ങൾ പലപ്പോഴും പോകുന്നു. പദ്ധതികൾ നടപ്പിലാക്കുന്നതിലും നയരൂപീകരണത്തിലും മാത്രമല്ല ഈ ഇംഗിതങ്ങൾ അടിച്ചേൽപ്പിക്കപ്പെടുന്നത്.

തെരഞ്ഞെടുപ്പുകളിലെ സ്ഥാനാർഥി നിർണ്ണയത്തിൽതന്നെ ഈ ലിംഗ അനീതി പ്രകടമാകാറുണ്ട്. കേരള നിയമസഭയുടെ ചരിത്രത്തിൽ നാളിതുവരെ പത്തിൽ കൂടുതൽ സ്ത്രീകൾ എത്തിപ്പെടാത്തത് അതുകൊണ്ടാണ്. 144 അംഗസഭയിൽ പങ്കാളിത്തമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും സ്ത്രീകളെ ഒഴിവാക്കുന്നതിൽ ഒരേനിലപാടുകളാണ് സ്വീകരിച്ചുകാണുന്നത്. കേരള നിയമസഭയുടെ നാളിതുവരെയുള്ള ചരിത്രം വ്യക്തമാക്കുന്നതും ഇതുതന്നെ. ഏറ്റവും ഒടുവിലത്തെ ഒരു ദാഹരണം പറയാം. തിരുവനന്തപുരം പാർലമെന്റിൽ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് കാലത്ത് സ്ത്രീ സ്ഥാനാർഥികൾക്ക് വേണ്ടി സിപിഐയിൽ ശക്തമായ ആവശ്യം ഉയർന്നിട്ടും അതൊന്നും പരിഗണിക്കാതെ മറ്റെന്തൊക്കെയോ കണക്കുകൂട്ടലിൽ സ്ഥാനാർഥിയെ നിർത്തിയത് പിന്നീട് പാർട്ടിയിൽതന്നെ വിമർശനങ്ങൾക്കും പ്രശ്നങ്ങൾക്കും കാരണമായി. സ്ഥാനാർഥി നിർണ്ണയ തീരുമാനമെടുക്കുന്ന പാർട്ടി ഉന്നതാധികാരസമിതിയിൽ ഒരു സ്ത്രീപോലുമില്ല. നാമമാത്രമായുള്ള സ്ത്രീകളുടെ ശബ്ദം തീരെ ദുർബലവുമാണ്. സിപിഎം പ്രബല രാഷ്ട്രീയ പാർട്ടിയാണ്. എന്നാൽ അധികാര രാഷ്ട്രീയത്തിൽ അവർ പലപ്പോഴും പരിഗണിക്കുന്നത് അഭിപ്രായമുള്ള രാഷ്ട്രീയ ബോധമുള്ള സ്ത്രീകളെയല്ല. "അവരാകുമ്പോൾ പ്രശ്നമുണ്ടാക്കാതെ ചുമ്മാ ഇരുന്നോളും" എന്ന കമന്റ് സ്വകാര്യസംഭാഷണങ്ങളിൽ പല പുരുഷ കമ്മ്യൂണിസ്റ്റുകാരും പ്രകടിപ്പിക്കുന്നത് കേട്ടിട്ടുണ്ട്. കെട്ടുകാഴ്ചകൾക്കപ്പുറം ശക്തമായ സ്ത്രീയെന്നത് കേരള രാഷ്ട്രീയത്തിൽ ഉദയം ചെയ്യാത്തതിന്റെ കാരണം ഇതാണ്. ഗൗരിയമ്മയ്ക്കുശേഷം അത്തരമൊരു അഭിപ്രായ വ്യക്തതയുള്ള സ്ത്രീ കേരള രാഷ്ട്രീയത്തിൽ ഉണ്ടായിട്ടില്ല എന്ന് ചില പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. അങ്ങിനെയൊക്കെയുള്ള നിഗമനങ്ങൾ ഉണ്ടാകുന്നതുതന്നെ അഭികാമ്യമായ കാര്യമല്ലല്ലോ. അതുപോലെതന്നെയാണ് ബഹുജനസംഘടനാ നേതൃത്വത്തിന്റെയും അവസ്ഥ. സർവീസ് സംഘടനകളിൽ, തൊഴിലാളിസംഘടനകളിൽ, സാംസ്കാരിക സംഘടനകളിൽ ഒക്കെ പ്രതിഫലിക്കുന്ന പുരുഷാധിപത്യം മുറിച്ചുകടക്കാൻ ഇക്കാലമത്രയും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് പ്രത്യേകിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് കഴിഞ്ഞിട്ടില്ല എന്നത് മാർക്സിസത്തിന്റെ പ്രായോഗിക പരാജയമായിത്തന്നെ അപഗ്രഥിക്കേണ്ടതുണ്ട്. ഈയിടെ ജനയുഗത്തിൽ സ്ത്രീയുഗം പേജിലേക്ക് സിപിഐയുടെ അദ്ധ്യാപക സംഘടനയായ എകെഎസ്ടിയുവിന്റെ ആലപ്പുഴ ഘടകം ജില്ലാ പ്രസിഡന്റും സെക്രട്ടറിയുമായി സ്ത്രീകളെ തിരഞ്ഞെടുത്ത വാർത്ത ബോധപൂർവം കൊടുക്കുകയുണ്ടായി.



ലിംഗനീതിയിലധിഷ്ഠിതമായ മാർക്സിസ്റ്റ് കാഴ്ചപ്പാട് കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കില്ല എന്നതുകൊണ്ടാണല്ലോ ഇതൊരു വാർത്തയായത്. എല്ലാം പുരുഷൻ കൈകാര്യം ചെയ്യണമെന്ന ഫ്യൂഡൽ കാഴ്ചപ്പാട് ലോകമാനവികത വിളിച്ചോതുന്ന മഹത്തായ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിന് ഉണ്ടാകുന്നത് എന്തൊരു വിരോധാഭാസമാണ്. ശക്തമായ സ്ത്രീവാദം ഉയർത്തുന്ന സ്ത്രീകളെ അധികാരമോഹികളാക്കി ചിത്രീകരിക്കുന്ന പ്രവണതയും ചിലപ്പോൾ കാണാറുണ്ട്. അടിസ്ഥാനപരമായി കമ്മ്യൂണിസ്റ്റുകാരനുണ്ടാകേണ്ട ലിംഗരാഷ്ട്രീയാവബോധം നഷ്ടപ്പെടുക എന്ന് പറഞ്ഞാൽ അതിനർഥം സമൂഹത്തിലെ പകുതിവരുന്ന ഒരു ജനവിഭാഗത്തോട് അനീതി കാണിക്കുക എന്നുതന്നെയാണ്. ഈ സമീപനം കൊണ്ടുമാത്രമാണ് കേരള സമരചരിത്രത്തിൽ സ്ത്രീകളുടെ സംഭാവന അടയാളപ്പെടുത്താതെ പോയത്. പുന്നപ്ര വയലാർ, ശൂരനാട്, കയ്യൂർ, കരിവള്ളൂർ തുടങ്ങി നിരവധി സമരങ്ങളിൽ ത്യാഗോജ്ജ്വല സംഭാവനകൾ നൽകിയ സ്ത്രീയെ ഏത് ചരിത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്? അവരുടെ നിശ്ചയദാർഢ്യവും കരുത്തും കൊണ്ട് മാത്രമാണ് ഈ സമരങ്ങളും ചെറുത്തു

നിൽപ്പുകളും വിജയം കണ്ടത്.

സ്ത്രീകൾ ഇന്ന് നേരിടുന്ന അരക്ഷിതാവസ്ഥയ്ക്കും അക്രമങ്ങൾക്കുമെതിരെ അധികാര കേന്ദ്രങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയാതെ പോകുന്നതും രാഷ്ട്രീയ അധികാരകേന്ദ്രങ്ങളിലെ പുരുഷാധിപത്യ മനോനിലയുടെ ഫലമായാണ്. ഈ മനോനിലയാണ് നീതിനിർവഹണം, ക്രമസമാധാനം അടക്കമുള്ള കേന്ദ്രങ്ങളെ ദുർബലപ്പെടുത്തുന്നത്. ഇത് സൃഷ്ടിക്കുന്ന ഇടവേളകളിലേക്ക് മതമൗലികവാദവും വർഗീയതയുമടക്കമുള്ള സ്ത്രീവിരുദ്ധ പ്രസ്ഥാനങ്ങൾ നുഴഞ്ഞുകയറും. കയറിക്കൊണ്ടിരിക്കുകയാണ്.

വളരെ ആഴത്തിലുള്ള ലിംഗനീതി രാഷ്ട്രീയം ഇവിടെ നടപ്പിലാക്കപ്പെടേണ്ടതുണ്ട്. മുതലാളിത്ത രാഷ്ട്രീയ പാർട്ടികളിൽ നിന്ന് ആരും തന്നെ അത് പ്രതീക്ഷിക്കുന്നില്ല. എന്നാൽ പുരോഗമന ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇക്കാര്യത്തിൽ ബോധപൂർവമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അതവരുടെ ചരിത്രപരമായ കടമതന്നെയാണ്. അതുകൊണ്ട് ചില നിർദ്ദേശങ്ങൾ–

1) പാർട്ടിയുടെ ഉന്നത സമിതികളിൽ 33 ശതമാനം സംവരണം ഉറപ്പാക്കുക.

2) ആ സംവരണം സംസ്ഥാന ജില്ലാ പ്രാദേശിക നേതൃത്വങ്ങളിൽ വരെ നടപ്പിലാക്കപ്പെടണം.

3) ബഹുജന സംഘടനകളുടെ ഒരു ഭാരവാഹി നിർബന്ധമായും സ്ത്രീയായിരിക്കണം. ഒന്നുകിൽ സെക്രട്ടറി അല്ലെങ്കിൽ പ്രസിഡന്റ്.

4) പാർലമെന്റ്, നിയമസഭാ തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർഥി നിർണയത്തിൽ 33 ശതമാനം സംവരണം പാർട്ടി ഉറപ്പാക്കണം.

5) ഇവ പാർട്ടി ഭരണഘടനയിൽ ഉൾപ്പെടുത്തി വേണം നടപ്പിലാക്കാൻ.

6) ഇടതുപക്ഷ പാർട്ടികൾ അധികാരത്തിൽ വരുന്ന കാലഘട്ടത്തിൽ ഭരണനിർവഹണ ബോർഡുകളിലും കോർപ്പറേഷൻ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിലും 33 ശതമാനം സ്ത്രീകളെ നിയമിക്കാൻ നിർബന്ധമായും കഴിയണം.

7) ഇതിനൊക്കെ ഏറ്റവുമാദ്യം വേണ്ടത് താഴെത്തട്ടു മുതൽ രാഷ്ട്രീയ അധികാരകേന്ദ്രങ്ങളിൽ സംഘടനാ നേതൃത്വത്തിൽ സ്ത്രീകളെ കൊണ്ടുവരാൻ ബോധപൂർവം പ്രതിബദ്ധതയോടെ നിലവിലുള്ള രാഷ്ട്രീയ നേതൃത്വവും പാർട്ടിയും നടപടികൾ ആരംഭിക്കണം.

പൊതുവായ സ്ത്രീപദവി ഉയർത്തലിനാവശ്യം സാമൂഹ്യമൂല്യബോധത്തിൽ ഉണ്ടാകേണ്ട പരിശുദ്ധിയാണ്. ദൗത്യനിർവഹണം അഥവാ അധികാരം അതിലൊരു വലിയ പങ്ക് വഹിക്കും. തീരുമാനമെടുക്കുന്നിടത്ത് സ്ത്രീ എത്തിപ്പെടാൻ എത്ര കടമ്പകൾ ബാക്കി എന്ന ചോദ്യം ബാക്കിവെച്ചുകൊണ്ട് നിർത്തുന്നു.

---

ചർച്ചാവിഷയം



## സി. എസ്. സുജാത

1991 ൽ ജില്ലാ കൗൺസിൽ ആദ്യമായി സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തി. ആലപ്പുഴ ജില്ല കൗൺസിൽ അംഗമായി എന്നെ തെരഞ്ഞെടുത്തു. അന്ന് ഞാൻ നിയമപഠനം കഴിഞ്ഞിട്ടേ ഉള്ളൂ. കേരളത്തിലെ പ്രായം കുറഞ്ഞ ജില്ല കൗൺസിൽ അംഗങ്ങളിൽ ഒരാളായിരുന്നു ഞാൻ. അടിസ്ഥാന മേഖലകളിലെ പ്രശ്നങ്ങൾ അങ്ങനെ പഠിച്ചു തുടങ്ങി. വിദ്യാർത്ഥി രാഷ്ട്രീയത്തിൽ നിന്ന് രാഷ്ട്രീയ രംഗത്ത് എത്തിയ ആളാണ് ഞാൻ. അതും പഞ്ചായത്ത് തലത്തിൽ ഒരുപാട് സഹായകമായി. രാഷ്ട്രീയത്തിലേക്കുള്ള ബാലപാഠങ്ങൾ എന്ന് പറയാം. പിന്നീട് പഞ്ചായത്തി രാജ് വന്നു. ജില്ലാ പഞ്ചായത്തിലേക്ക് പാർട്ടി എന്നെ ജനറൽ സീറ്റിൽ നിർത്തി. അത്തവണ ആലപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം സ്ത്രീ സംവരണം ആയിരുന്നു. അങ്ങനെ ഞാൻ പ്രസിഡന്റായി. മികചപ്രകടനം അന്ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് കാഴ്ച വെച്ച്. അതിനുള്ള അംഗീകാരമായി മികച്ച പഞ്ചായത്തിനുള്ള സ്വരാജ് പുരസ്കാരം ആലപ്പുഴ പഞ്ചായത്തിനു ലഭിച്ചു. അടുത്ത തവണ ആലപ്പുഴ ജില്ല പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം ജനറൽ കാറ്റഗറി ആയിരുന്നു. എന്നിട്ടും പാർട്ടി എന്നെ പ്രസിഡന്റാക്കി. അവിടെ നിന്നാണ് ഞാൻ പാർലമെന്റിലേക്ക് പോകുന്നത്. എം. പി. എന്ന നിലക്ക് എനിക്ക് ഏറ്റവും സഹായകമായത് പഞ്ചായത്ത് തലത്തിലെ അനുഭവങ്ങൾ ആയിരുന്നു. വികസനപ്രശ്നങ്ങൾ ഞാൻ മനസ്സിലാക്കിയത് അവിടെ നിന്നാണ്. പാർലമെന്റിൽ അവ അവതരിപ്പിക്കാനും പല പ്രശ്നങ്ങളക്കും പരിഹാരം കാണാനും എനിക്ക് കഴിഞ്ഞത് എന്റെ പഞ്ചായത്ത് അനുഭവം കൊണ്ടാണ്. കുട്ടനാട് പാക്കേജിൽ മാവേലിക്കര(ഓണാട്ട്കര) ഉൾപ്പെടുത്തണം എന്ന് എനിക്ക് വാദിക്കാൻ കഴിഞ്ഞതും ഉൾപ്പെടുത്തിക്കാൻ കഴിഞ്ഞതും അതുകൊണ്ടാണ്.

ജനങ്ങൾക്കിടയിൽ നിന്ന് കൊണ്ടുള്ള രാഷ്ട്രീയപ്രവർത്തനം എനിക്ക് പ്രിയങ്കരമാക്കിയത് പഞ്ചായത്തുതല രാഷ്ട്രീയപ്രവർത്തനത്തിലൂടെ ലഭിച്ച ബാലപാഠങ്ങൾ ആണ്.

# അവളിടങ്ങൾ



അഞ്ജലി



പുരുഷകേന്ദ്രീകൃതമായ സാമൂഹികാവസ്ഥ എന്നു എഴുത്തിലും ചിന്തയിലും ആവിഷ്ക്കരിക്കപ്പെടുന്ന സാമൂഹികാവസ്ഥയിൽ സ്ത്രീ എങ്ങനെയാണ് കേന്ദ്രീകരണത്തിന്റെ ഭാഗമല്ലാതായിത്തീരുന്നത്,അല്ലെങ്കിൽ എങ്ങനെയാണ് അവൾ മാറ്റിനിർത്തപ്പെടുന്ന സാഹചര്യം ഇല്ലായ്മ ചെയ്യുവാൻ സാധിക്കുന്നത് എന്ന രീതിയിൽ സാമൂഹിക ഇടപെടലുകൾ നടത്താൻ സാധിക്കുന്നതായിരിക്കും ഇപ്പോഴത്തെ സാമൂഹികാവസ്ഥയിൽ ഫലപ്രദമായ ഒന്ന്.

കൃത്യമായ ശതമാനക്കണക്കിൽ സംവരണം സ്ത്രീക്ക് ഉറപ്പാക്കുന്നതിലൂടെ അവളുടെ നിയമപരമായ അവകാശങ്ങൾ, സ്വാതന്ത്ര്യം അനുവദനീയമാകുന്നു. പക്ഷേ എത്രത്തോളം അവ പ്രയോജനപ്പെടുന്നുണ്ട് എന്നുള്ളത് സംശയമാണ്. പഴയ കാലഘട്ടത്തെ അപേക്ഷിച്ച് സാമൂഹികപരമായും സാംസ്കാരികപരമായും സ്ത്രീ ഒട്ടേറെ മുന്നേറിയിട്ടുണ്ടെങ്കിലും ഒരു വിഭാഗം ഇപ്പോഴും അടിച്ചമർത്തപ്പെട്ടവരായിത്തന്നെ നമ്മുടെ സമൂഹത്തിന്റെ അടിത്തട്ടിലുണ്ട് എന്നുള്ളത് വിസ്മരിക്കാനാകാത്ത സത്യമാണ്. കുടുംബം, മതം, സാമ്പത്തികാവസ്ഥകൾ, ജീവിതസാഹചര്യങ്ങൾ എന്നിവയെല്ലാം ഒരു പരിധിവരെ അവളെ പിടിച്ചു നിർത്തുന്നവയാണ്. ഇത്തരത്തിൽ ഒരു സാമൂഹികാവസ്ഥ നിലനിൽക്കുമ്പോഴും ഇതിനെയെല്ലാം അതിജീവിച്ച്, ശക്തമായി തങ്ങളുടെ സാന്നിദ്ധ്യം അറിയിക്കുന്നവരും നമ്മുടെ ഇടയിലുണ്ട് എന്നുള്ളത് മാധ്യമങ്ങളിലൂടെ പലപ്പോഴായി നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. ഇത്തരത്തിൽ അതിജീവനത്തിന്റെ കരുത്ത് ഓരോ സ്ത്രീയും കാണിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ഒന്ന്. മുന്നേറ്റങ്ങൾ ഉണ്ടാക്കുവാൻ സാധിക്കുമ്പോഴാണ് സംവരണത്തിനും സ്വാതന്ത്ര്യത്തിനുമോക്കെ അർത്ഥപ്രസക്തി ഉണ്ടാകുന്നുള്ളൂ.

രണ്ടാമതായി 'അവളിടങ്ങൾ' സൃഷ്ടിക്കുക എന്നുള്ളതാണ്. സാമൂഹികമായ ഇടപെടലുകൾ നടത്തുവാനുള്ള വേദി അവൾക്കൊരുക്കിക്കൊടുക്കുക എന്നുള്ളത് അത്യന്താപേക്ഷിതമാണ്. സ്ത്രീ അവളുടെ സാന്നിധ്യം അറിയിക്കാൻ ആഗ്രഹിക്കുന്ന മേഘലകളിൽ അവൾക്കായി ഒരിടം സൃഷ്ടിച്ചു കൊടുക്കാനാകുക എന്നുള്ളതാണ് പ്രധാനം. നമ്മുടെ എഴുത്തിടങ്ങളിലും വായനയിലും നിയമത്തിലുമെല്ലാം ശതമാനക്കണക്കിൽ അവളുടെ സ്വാതന്ത്ര്യത്തെയും സംവരണത്തെയും അടയാളപ്പെടുത്തുമ്പോൾ സാമൂഹിക മേഘലകളിൽ അവളുടെ ഇടപെടലുകൾ നടത്താനുള്ള അവസരങ്ങൾ ഉണ്ടാകുന്നുണ്ടോ എന്നുള്ളതും ശ്രദ്ധിക്കപ്പെടേണ്ടവയാണ്. കഴിവുള്ളവർ നമുക്കിടയിൽ ധാരാളമുണ്ട്. അതിജീവനത്തിലൂടെ,'അവളിടങ്ങളിലൂടെ', തുറന്ന സാന്നിധ്യങ്ങൾ ഉണ്ടാക്കുവാൻ സ്ത്രീക്ക് സാധിക്കണം.അതിനുള്ള പൊതുബോധ മണ്ഡലങ്ങളായി നമ്മുടെ രാഷ്ട്രീയ, സാമൂഹിക,സാംസ്കാരിക ഇടങ്ങൾ മാറണം.



രജിത

# ലിംഗപദവി സൗഹൃദ പഞ്ചായത്ത്



ഇന്ത്യൻ ഭരണഘടന ഉറപ്പു തരുന്ന അടിസ്ഥാനാവകാശങ്ങളിലൊന്നാണ് തുല്യത. എന്നാൽ, രാജ്യത്തെ പൗരരുടെ തുല്യതക്കുള്ള അവകാശ സമരങ്ങൾ ഇന്നും തുടരുകയാണ്. ജാതി-മത ചിന്തകളും പിതൃമേധാവിത്വ മൂല്യങ്ങളും മനുഷ്യവികസനത്തെ പിന്നോട്ടു വലിക്കുന്നു. സാമ്പത്തിക അസമത്വം വർദ്ധിക്കുന്നു. ഇന്ത്യയുടെ വികസനം ഗ്രാമങ്ങളിൽ നിന്നാകണം എന്ന ഗാന്ധിയൻ തത്വത്തിലൂന്നി 1990 കളിൽ ആരംഭിച്ച വികേന്ദ്രീകൃതാസൂത്രണ ശ്രമങ്ങളെ ഏറെ പ്രതീക്ഷയോടെയാണ് രാജ്യം സ്വീകരിച്ചത്. തുല്യ നീതിയും പാർശ്വവൽകൃതർക്കുള്ള സാമൂഹിക-സാമ്പത്തിക പിൻതുണയും ഇതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായി. കേരളത്തിൽ, 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് അഭൂതപൂർവ്വമായ ജനപങ്കാളിത്തത്തോടെയാണ് വികേന്ദ്രീകൃതാസൂത്രണം നടപ്പാക്കിയത്. ജനകീയാസൂത്രണത്തോടൊപ്പം തദ്ദേശ സ്ഥാപനങ്ങളിൽ 33% വനിതാ സംവരണം കൂടി ആയപ്പോൾ

സ്ത്രീകളുടെ ഭരണരംഗത്തെ സാന്നിദ്ധ്യം അതതു പ്രദേശത്തെ സ്ത്രീകളുടെ പദവി ഗണ്യമായി ഉയർത്തും എന്നതായിരുന്നു നമ്മുടെ സ്വപ്നം. എന്നാൽ പല കാരണങ്ങൾകൊണ്ട് നമ്മൾ സ്വപ്നം കണ്ട അതേ അളവിൽ കാര്യങ്ങൾ എത്തിയില്ല എന്നതാണ് യാഥാർത്ഥ്യം.

1996 ൽ തിരുവനന്തപുരത്ത്, വഞ്ചിയൂരിനു സമീപം ഒരു ചെറിയ ലൈബ്രറിയുമായി ആരംഭിച്ച സഖി സ്ത്രീ പഠനകേന്ദ്രത്തിന്റെ പിന്നീടുള്ള ഒരു പ്രധാനപ്രവർത്തനം സർക്കാരിന്റെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിൽ ലിംഗപദവി പരിഗണന ഉൾച്ചേർക്കുക എന്ന ശ്രമകരമായ കാര്യമായിരുന്നു. 1999 ൽ, തിരുവനന്തപുരം കൊല്ലം ജില്ലകളിലെ വനിതാ പഞ്ചായത്ത് മെമ്പർമാരുടെ ശൃംഖല ഉണ്ടാക്കിയതും, കേരള സർക്കാരിന്റെ തദ്ദേശ സ്വയം ഭരണ വകുപ്പുമായി ചേർന്ന് ഉദ്യോഗസ്ഥർക്ക് ജന്റർ പ്ലാനിങ്, ബഡ്ജറ്റിങ്, ഓഡിറ്റിങ്ങിൽ പരിശീലനങ്ങൾ നൽകിയതും, കിലയുമായി സഹകരിച്ച് സ്ത്രീപദവി പഠനം നടത്താൻ പഞ്ചായത്തുകളെ സഹായിച്ചതും, പഞ്ചായത്ത്/ വാർഡ് തല ജാഗ്രതാസമിതികൾ ശക്തമാക്കാൻ തിരുവനന്തപുരം ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ ഇടപെട്ടതും, കേരളത്തിലെ ഏതാണ്ട് എല്ലാ ജില്ലകളിലുമായി 73 പഞ്ചായത്തുകളിൽ കൗമാര വിദ്യാഭ്യാസ പരിപാടി നടപ്പാക്കിയതും എല്ലാം തന്നെ ഈ ശ്രമത്തിന്റെ ഭാഗമായിരുന്നു.

സഖിയുടെ തുടക്കം മുതൽ തദ്ദേശ ഭരണവുമായി ബന്ധപ്പെട്ട് നടത്തി വന്ന ഇത്തരം പ്രവർത്തനങ്ങളിൽ നിന്നുമുള്ള അനുഭവങ്ങളുടെ വെളിച്ചത്തിലാണ് 2011 ൽ സ്ത്രീ സൗഹൃദ പഞ്ചായത്ത് എന്ന ആശയം ഉയർന്നു വന്നത്. 2012 ൽ തിരുവനന്തപുരം ജില്ലയിലെ ഏതാനും പഞ്ചായത്തുകളിൽ ഇതിനായുള്ള പ്രവർത്തനം തുടങ്ങി. എന്നാൽ സ്ത്രീ സൗഹൃദ പഞ്ചായത്ത് എന്ന പ്രയോഗത്തിൽ ഒരു അപകടം പതിയിരുപ്പുണ്ട് എന്ന് അനുഭവങ്ങളിൽ നിന്നും ഞങ്ങൾക്ക് മനസ്സിലായി. ഇതിന്റെ ഗുണഭോക്താക്കൾ സ്ത്രീകളാണ് എന്നതുകൊണ്ടു തന്നെ ഇതിനായി പ്രവർത്തിക്കേണ്ടത് സ്ത്രീകൾ മാത്രമാണ് എന്ന മനോഭാവമാണ് പൊതുവേ ഉണ്ടായത്. കുടുംബശ്രീ, അംഗൻവാടി വർക്കർമാർ തുടങ്ങിവരെ മാത്രം പ്രവർത്തനങ്ങൾക്കായി ചുമതലപ്പെടുത്തുന്ന രീതി, പക്ഷേ നമ്മുടെ കാഴ്ചപ്പാടിലുള്ള വനിതാ വികസനം സാധ്യമാക്കില്ല എന്ന് ബോദ്ധ്യമായി. മാത്രമല്ല, മറ്റു ലിംഗവിഭാഗങ്ങളുടെ, പ്രത്യേകിച്ചും ഭിന്ന ലിംഗത്തിൽപ്പെട്ടവരുടെ, പ്രശ്നങ്ങൾ കൂടി പൊതുധാരയിലേക്ക് കൊണ്ടുവരേണ്ടതുണ്ടെന്ന ചിന്തയും ഉയർന്നുവന്നു.

ഈ സാഹചര്യത്തിലാണ്, 2013 ൽ ജന്റർ ഫ്രണ്ട്‌ലി പഞ്ചായത്ത് എന്ന ആശയം രൂപപ്പെടുന്നത്. 2014 ലാണ് കൃത്യമായി ജന്റർ ഫ്രണ്ട്‌ലി പഞ്ചായത്ത് എന്ന വാക്ക് ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ തുടങ്ങുന്നത്. തദ്ദേശ സ്വയം ഭരണസ്ഥാപനത്തെ, തങ്ങളുടെ പ്രദേശം ലിംഗപദവി സൗഹൃദമാക്കാൻ, അതായത് എല്ലാ ലിംഗപദവി വിഭാഗങ്ങൾക്കും അവരുടെ എല്ലാ അവകാശങ്ങളും അനുഭവിച്ചുകൊണ്ട് ജീവിക്കാനുതകുന്ന തരത്തിലാക്കാൻ, സഹായിക്കുക എന്നതാണ് ഈ ആശയം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇവർ ഏകതാനവിഭാഗങ്ങളല്ല, മറിച്ച് ഓരോ വിഭാഗത്തിലും വ്യത്യസ്ത കഴിവുകളും സാഹചര്യങ്ങളും ഉള്ളവരാണുള്ളതെന്നും അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും വ്യത്യസ്തമായിരിക്കും എന്നുമുള്ള കാഴ്ചപ്പാട് ഈ ആശയത്തിന്റെ അടിത്തറയാണ്. അതേസമയം വ്യത്യസ്ത ലിംഗവിഭാഗങ്ങളിൽ ഏറ്റവുമധികം ചൂഷണങ്ങൾക്ക് വിധേയരാകുന്നവർ എന്ന നിലയിൽ സ്ത്രീകളുടെ പ്രശ്നങ്ങൾക്കും ആവശ്യങ്ങൾക്കും പ്രത്യേക പരിഗണന നൽകേണ്ടതുണ്ട് എന്നും ലിംഗപദവി സൗഹൃദം എന്നതിൽ സ്ത്രീ സൗഹൃദം എന്നത് ഒരു പ്രധാനഘടകമാണ് എന്നതും എടുത്തു പറയേണ്ടിയിരിക്കുന്നു.



ഈ ആശയം സാർത്ഥകമാക്കാനുതകുന്ന ധാരാളം അനുകൂലഘടകങ്ങൾ പ്രാദേശികഭരണരം



**50% വനിതാ സംവരണം വന്ന തോടെ പ്രാദേശിക ഭരണത്തിൽ 50% ൽ അധികം സ്ത്രീകളുടെ സാന്നിദ്ധ്യം ഉണ്ടായി. 1998 –ൽ ആരംഭിച്ച കുടുംബശ്രീ 42 ലക്ഷം സ്ത്രീകളുടെ ഒരു വലിയ ശൃംഖല യായി മാറിയിരിക്കുന്നു. ഇതിൽ നിന്നുള്ള പ്രവർത്തനപരിചയവു മായി ധാരാളം സ്ത്രീകൾ പ്രാദേ ശിക ഭരണ രംഗത്ത് ഉണ്ട്. കുട്ടി കൾക്കായി ബാലസഭയും, വയോ ജനങ്ങൾ, ഭിന്നലിംഗക്കാർ, ഭിന്ന ശേഷിക്കാർ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ തുടങ്ങി യവർക്കായുള്ള പ്രത്യേക കുടും ബശ്രീ അയൽക്കൂട്ടങ്ങൾ എന്നി വയും രൂപീകരിച്ച് പ്രവർത്തിക്കുന്നു, പ്രാദേശിക ഭര ണകൂടങ്ങൾക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും 10% തുക സ്ത്രീകളുടെ പ്രത്യേക വികസന ത്തിനായി (WCP) മാറ്റിവച്ചിരി ക്കുന്നു.**

ഗത്ത് ഇന്നുണ്ട്. 50% വനിതാ സംവരണം വന്ന തോടെ പ്രാദേശിക ഭരണത്തിൽ 50% ൽ അധികം സ്ത്രീകളുടെ സാന്നിദ്ധ്യം ഉണ്ടായി. 1998 –ൽ ആരംഭിച്ച കുടുംബശ്രീ 42 ലക്ഷം സ്ത്രീകളുടെ ഒരു വലിയ ശൃംഖലയായി മാറിയിരിക്കുന്നു. ഇതിൽ നിന്നുള്ള പ്രവർത്തനപരിചയവുമായി ധാരാളം സ്ത്രീകൾ പ്രാദേശികഭരണരംഗത്ത് ഉണ്ട്. കുട്ടി കൾക്കായി ബാലസഭയും, വയോജനങ്ങൾ, ഭിന്ന ലിംഗക്കാർ, ഭിന്നശേഷിക്കാർ, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ തുടങ്ങിയവർക്കായുള്ള പ്രത്യേക കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നി വയും രൂപീകരിച്ച് പ്രവർത്തിക്കുന്നു, പ്രാദേശിക ഭരണകൂടങ്ങൾക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും 10% തുക സ്ത്രീകളുടെ പ്രത്യേക വികസന ത്തിനായി (WCP) മാറ്റിവച്ചിരിക്കുന്നു. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വാർഡ്/ പഞ്ചായത്ത്/ജില്ലാ തലങ്ങളിൽ ജാഗ്രതാസമിതികൾ രൂപീകരിച്ചിരിക്കുന്നു. ഇതു കൂടാതെ, സാമൂഹ്യ നീതിവകുപ്പ്, വനിത കമ്മീഷൻ, വനിത വിക സനകോർപ്പറേഷൻ, വനിത സെൽ തുടങ്ങിയ സംവിധാനങ്ങൾ വഴിയുള്ള വിവിധ പ്രവർത്തനങ്ങളും നടക്കുന്നു.

പക്ഷേ ഇത്തരം അനുകൂലഘടകങ്ങളൊന്നും തന്നെ, തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ഭരണ ഘടനാവകാശമായ തുല്യത ലഭ്യമാകാൻ പൗരർക്ക് സഹായകരമാകുന്നില്ല എന്നതാണനുഭവം. യാന്ത്രി കവും ദീർഘവീക്ഷണമില്ലാത്തതുമായ പദ്ധതി ആസൂത്രണവും നിർവ്വഹണവും മൂലം പ്രാദേശിക തലത്തിൽ, നിലനിൽക്കുന്നതും ലിംഗപദവി തുല്യ തയിലേക്ക് നയിക്കുന്നതുമായ പരിപാടികൾ ഉണ്ടാ കുന്നില്ല. ഈ അവസ്ഥക്ക് മാറ്റം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ സഖി, കഴിഞ്ഞ അഞ്ചു വർഷങ്ങളായി ഇരുപതിലധികം പഞ്ചായത്തുകളിൽ ഇടപെട്ട് പ്രവർത്തിക്കുന്നു.

പഞ്ചായത്തിന്റെ താൽപര്യം അനുസരിച്ച് ഒന്നു

മുതൽ മൂന്നു വർഷം വരെ ഒരു പഞ്ചായത്തിൽ സഖിയുടെ സാന്നിദ്ധ്യം ഉണ്ടാകും. ജനുവരി ഫെബ്രുവരി മാസങ്ങളിലായി പഞ്ചാത്തുകളെ തെര ഞ്ഞെടുത്തു കഴിഞ്ഞാൽ, പഞ്ചായത്തിലെ ലിംഗ പദവി സംബന്ധമായ വിവരങ്ങൾ മനസ്സിലാക്കു ന്നതിനായി ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ നടത്തും. തുടർന്ന് ഓരോ വാർഡിൽ നിന്നും വാർഡ് മെമ്പ റുടെ സഹായത്തോടെ ഒരു പുരുഷനെയും ഒരു സ്ത്രീയെയും കണ്ടെത്തുന്നു. പഞ്ചായത്തിനെ ലിംഗപദവി സംബന്ധമായ പ്രവർത്തനങ്ങളിൽ സഹായിക്കാൻ കഴിയുന്ന ഒരു റിസോഴ്സ് ഗ്രൂപ്പായി ഇവരെ മാറ്റിയെടുക്കുകയാണ് തുടർന്നുള്ള മാസങ്ങളിലെ ഒരു പ്രധാനപ്രവർത്തനം. അതിനായി വിവിധ വിഷയങ്ങ ളിൽ പരിശീലനങ്ങളും പഠനയാത്രയും സംഘടിപ്പി ക്കുന്നു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഉള്ള ലിംഗ പദവി പരിശീലനങ്ങളും ഇതോടൊപ്പം നടക്കുന്നു. വർഷത്തിന്റെ അവസാനം നടക്കുന്ന പഠനയാ ത്രയിൽ ഇവരുടെ പ്രതിനിധികളെയും ഉൾപ്പെടുത്തു ന്നു. 1996 മുതൽ ശ്രമിച്ചിട്ടും വളരെ അപൂർവ്വം പഞ്ചായത്തുകളിൽ മാത്രം പ്രവർത്തിക്കുന്ന, അതെ സമയം സ്ത്രീകളുടെ സുരക്ഷിത ജീവിതവുമായി ബന്ധപ്പെട്ട് ഏറെ സാദ്ധ്യതകളുള്ളതുമായ സംവി ധാനമാണ് പഞ്ചായത്ത്/വാർഡ് തല ജാഗ്രതാ സമി തികൾ. ഇവ ശക്തിപ്പെടുത്താനായി, ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ആളുകൾക്ക് അവ ശ്യമായ പരിശീലനങ്ങൾ നൽകുകയും, മെച്ചപ്പെട്ട പ്രവർത്തനത്തിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

ജനകീയാസൂത്രണത്തിന്റെ ഒരു പ്രധാന പോരാ യ്മയായി ഇപ്പോൾ ചൂണ്ടിക്കാട്ടപ്പെടുന്ന ഒരു കാര്യം, പദ്ധതി ആസൂത്രണത്തിൽ സാധാരണ ജന ങ്ങളുടെ ക്രിയാത്മക ഇടപെടൽ ഉണ്ടായിരുന്നില്ല എന്നതാണ്. റിട്ടയേർഡ് അദ്ധ്യാപകരുടെയും മറ്റ് ഉദ്യോഗസ്ഥരുടേതുമായ, വിദ്യാഭ്യാസത്തിലും സാമൂഹിക സാഹചര്യത്തിലുമെല്ലാം ഉയർന്നു നിന്നിരുന്ന ഒരു വലിയ വിഭാഗം ആളുകളായിരുന്നു പഞ്ചായത്തുകൾക്കായി പദ്ധതികൾ എഴുതിയുണ്ടാ ക്കിയിരുന്നത്. ഈ സാഹചര്യം ഒഴിവാക്കുന്നതി നായി, ഗ്രാമസഭകളിൽ ക്രിയാത്മക ചർച്ചകളിലൂടെ പദ്ധതി ആശയങ്ങൾ ഉയർന്നു വരുന്നതിനായുള്ള ശ്രമങ്ങൾ സഖി നടത്തുന്നു. ഗ്രാമസഭകളുടേയും ചെറിയ യൂണിറ്റായ അയൽ സഭകളാണ് ഇതിനുള്ള പറ്റിയ വേദികൾ. അതിനാൽ അയൽ സഭകളുടെ നേതൃനിരയിൽ നിൽക്കുന്നവർക്ക് ക്രിയാത്മക ചർച്ചകൾക്ക് നേതൃത്വം നൽകാനുള്ള പരിശീലന ങ്ങൾ നൽകി. പഞ്ചായത്തിനെസംബന്ധിച്ച, ലിംഗ ഭേദമനുസരിച്ചുള്ള, വിവരങ്ങൾ ലഭ്യമായാൽ മാത്രമേ ജനങ്ങളുടെ യഥാർത്ഥ പ്രശന്ങ്ങളും ആവ ശ്യങ്ങളും മുൻനിർത്തിയുള്ള പദ്ധതിആസൂത്രണം സാദ്ധ്യമാകൂ. നിലവിൽ പഞ്ചായത്തുകളിൽ ഇത്തരം ചില വിവരങ്ങൾ ലഭ്യമാണെങ്കിലും, അവ സമഗ്രമല്ല. 2016 ൽ വിദഗ്ദ്ധാഭിപ്രായങ്ങൾ സ്വരൂപി ച്ചുകൊണ്ട്, അയൽ സഭകൾ വഴി സമഗ്രമായ വിവര ശേഖരണം നടത്താനുതകുന്ന തരത്തിലുള്ള ഫോമുകൾ സഖി തയ്യാറാക്കുകയുണ്ടായി. 2017 തുടക്കത്തിൽ, ഈ ഫോമുകൾ ഉപയോഗിച്ചുകൊ ണ്ട്, 13-ാം പദ്ധതിആസൂത്രണത്തിനായി വിവരങ്ങൾ ശേഖരിക്കേണ്ടതെങ്ങിനെയെന്ന പരിശീലനവും പഞ്ചായത്തുകൾക്ക് നൽകി. ഈ രീതിയിൽ പദ്ധതികൾ തയ്യാറാക്കിയ പഞ്ചായത്തുകൾക്ക് ജനോപയോഗപ്രദമായ, യാഥാർത്ഥ്യ ബോധത്തോ ടെയുള്ള പദ്ധതികൾ തയ്യാറാക്കാൻ കഴിഞ്ഞിട്ടുണ്ട്.

മുൻവർഷങ്ങളിലെ പ്രവർത്തനങ്ങളിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് 2017 ൽ, കേരള ത്തിലെ എല്ലാ ജില്ലകളിലും ജന്റർ ഫ്രണ്ട്ലി പഞ്ചാ യത്ത് എന്ന ആശയം വ്യാപിപ്പിക്കുന്നതിനായുള്ള ആശയ പ്രചാരണ സെമിനാറുകൾ സംഘടിപ്പിക്കു കയാണ്. 13-ാം പഞ്ചവത്സര പദ്ധതിയിൽ പാർശ്വ വൽകൃത വിഭാഗങ്ങളെ ഉൾച്ചേർക്കേണ്ടതിന്റെ ആവശ്യകതയും അതിന്റെ രീതിശാസ്ത്രവുമാണ് ഈ സെമിനാറുകളിൽ ചർച്ച ചെയ്യുന്നത്. ആറു ജില്ലകളിലെ സെമിനാറുകൾ കഴിഞ്ഞപ്പോൾ ഈ വിഷയത്തിലുള്ള പഞ്ചായത്തുകളുടെ താൽപര്യ ത്തെക്കുറിച്ച് പ്രതീക്ഷകളുണ്ട്. പല പഞ്ചായത്തു കൾക്കും വനിതാ ഘടക പദ്ധതി (wcp) ഇന്നും കീറാമുട്ടിയാണ്. ഇതിൽ ഉൾപ്പെടുത്താൻ സാധി ക്കുന്ന പ്രൊജക്ട് ആശയങ്ങൾ ആണ് പഞ്ചായത്തു കൾ ആവശ്യപ്പെടുന്നത്. എന്നാൽ ഓരോ പഞ്ചായ ത്തിലെയും അവസ്ഥയും പ്രശ്നങ്ങളും വ്യത്യസ്ത മാകാം എന്നതുകൊണ്ട്, പൊതുവായി പ്രൊജക്ട് ആശയങ്ങൾ നൽകുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും. ഇതിനു പരിഹാരമായി സഖി മുന്നോട്ടുവക്കുന്ന നിർദ്ദേശം, ജില്ലാ തല സെമിനാ റുകൾക്കു ശേഷം, താൽപര്യമുള്ള പഞ്ചായത്തുകൾ ആവശ്യപ്പെട്ടാൽ അവർക്കായി പദ്ധതി രൂപീകരണ ത്തിനായി പ്രത്യേകം പിൻതുണ നൽകാം എന്നതാ ണ്. ഇത്തരത്തിൽ ചില പഞ്ചായത്തുകൾ സഖി യുടെ പിൻതുണയോടെ പദ്ധതി രൂപീകരണം നട ത്തുകയാണ്.

ജനാധിപത്യത്തെ ശക്തിപ്പെടുത്താനുള്ള, ലിംഗ പദവി സൗഹൃദമാക്കാനുള്ള സഖിയുടെ ഇത്തരം പ്രവർത്തനങ്ങൾ വരും വർഷങ്ങളിലും തുടരേണ്ട തുണ്ട് എന്നുതന്നെയാണ് ഞങ്ങളുടെ വിശ്വാസം. കേരള സർക്കാരിന്റെ നയങ്ങളും നിർദ്ദേശങ്ങളും പ്രാദേശിക വികസനത്തിന് യോജിക്കുന്നതരത്തി ലാണ് എന്നത് ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് കരു ത്താണ്.

# സ്ത്രീ അധികാരത്തിന്റെ ഇന്ത്യൻ വഴിത്താരകൾ



കെ. എ. ബീന



അഞ്ചു വർഷം മുൻപാണ്....ഓഫീസ് ജോലികളുടെ ഭാഗമായി കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുയായിരുന്നു. ഞങ്ങൾ ആ ഗ്രാമത്തിൽ എത്തിയിട്ട് അഞ്ചു ദിവസമായി.

അവസാന ദിവസം വൈകുന്നേരം സമാപനസമ്മേളനം നടക്കുകയാണ്.ഗ്രാമത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി നടത്തിയ മത്സരങ്ങളുടെ സമ്മാനങ്ങൾ വിതരണം ചെയ്യുന്ന ചടങ്ങ് നടക്കുന്നു.പഞ്ചായത്ത് പ്രസിഡന്റ് (പുരുഷൻ) സമ്മാനങ്ങൾ  കൊടുത്തു കൊണ്ടിരിക്കുന്നതിനിടയിൽ മൈക്കിനു മുന്നിൽ വന്നു പറഞ്ഞു,“ എടീ ശാന്തേ, (പേര് സാങ്കല്പികം)നീയിങ്ങു കയറി വാടീ, കുറെ സമ്മാനം നീയും കൊടുക്ക്”.ആ പഞ്ചായത്തിലെ വൈസ് പ്രസിഡന്റിനെയാണ് അയാൾ പരസ്യമായി എടീ എന്ന് അഭിസംബോധന ചെയ്യുന്നത് ! അതും കേന്ദ്രഗവൺമെന്റ് നടത്തുന്ന ഒരു ചടങ്ങിൽ.

ഞാൻ വല്ലാതെ ഞെട്ടി.എന്റെ കൂടെയുണ്ടായിരുന്ന കർണാടകക്കാരി സഹപ്രവർത്തക ഞെട്ടി എന്ന് മാത്രം അല്ല വിറക്കുകയും ചെയ്തു.വ്യക്തമായി മനസ്സിലാകാത്തതിനാൽ അവർ എന്നോട് ചോദിച്ചു ,

“സംസാരം കേട്ടിട്ട് സുഖമായി തോന്നിയില്ല.അയാൾ എന്താണ് പറഞ്ഞത്?” എന്ന്.

ഞാൻ മറുപടി പറഞ്ഞതു കേട്ട്  അവർ കലിതുള്ളി. ആ പഞ്ചായത്ത് പ്രസിഡന്റിനെ സ്ത്രീകളോട് മര്യാദയ്ക്ക് സംസാരിക്കാനുള്ള പാഠങ്ങൾ പഠിപ്പിച്ചു കൊണ്ടിരുന്നു.എന്റെ മനസ്സ്  ചിന്തയിൽ ആയിരുന്നു. 50 % സംവരണം പഞ്ചായത്ത് തലത്തിൽ സ്ത്രീകൾക്ക് ഉണ്ട്. അത് ഏതു രീതിയിലാണ് നടപ്പാക്കപ്പെടുന്നത്? ഇപ്പോൾ കണ്ടത് ഒറ്റപ്പെട്ട സംഭവമാണോ?കേരളത്തിലെ ഒരു  പഞ്ചായത്ത് പ്രസിഡന്റിനു പരസ്യമായി  ആ പഞ്ചായത്തിലെ വൈസ് പ്രസിഡന്റിനെ ഇങ്ങനെ അഭിസംബോധന ചെയ്യാൻ കഴിയുന്നുവെങ്കിൽ അത് കേട്ട വൈസ് പ്രസിഡന്റിന് ഒന്നും മിണ്ടാതെ ചിരിച്ചുകൊണ്ട് കയറിവന്നു അയാൾ പറഞ്ഞതുപോലെ സമ്മാനം വിതരണം ചെയ്യാൻ കഴിയുന്നുവെങ്കിൽ... സംവരണം എന്താണ് സൃഷ്ടിച്ചിരിക്കുന്നത്? ഗുണമോ ദോഷമോ? പുരുഷാധിപത്യത്തിന്റെ ഭിത്തികൾ പൊളിച്ചുമാറ്റാൻ സംവരണം കാരണമാകുന്നില്ലേ? പെട്ടെന്ന് മറ്റൊരു ചിന്ത കൂടി കടന്നുകൂടി. കേരളത്തിൽ ഇത് സംഭവിക്കുന്നു

വെങ്കിൽ ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ എന്താവും സ്ഥിതി? ഇന്ത്യൻ രാഷ്ട്രീയവും , ഇന്ത്യയിലെ ഗ്രാമങ്ങളിൽ എന്ത് നടക്കുന്നു എന്നതും ഒക്കെ സമഗ്രമായി അറിയുന്ന പ്രിയ സുഹൃത്ത് വെങ്കിടേഷ് രാമകൃഷ്ണനോട് വിഷയം ചർച്ച ചെയ്തപ്പോൾ ബീഹാറിലെ ഒരു വനിതാ പഞ്ചായത്ത് പ്രസിഡന്റിനെ നേരിൽ കണ്ട കഥ പറഞ്ഞു.ആ ഗ്രാമത്തിലെ ക്രമസമാധാനപ്രശ്നങ്ങൾ അവർ പരിഹരിക്കുന്ന രീതി കണ്ടു മതിപ്പ് തോന്നിയതും മറ്റും വെങ്കിടേഷ് പറയുന്നത് കേട്ടപ്പോൾ ഉറപ്പിച്ചു. വായിച്ചും അഭിമുഖം നടത്തിയും അല്ല, കഥാപാത്രങ്ങളെ നേരിൽ കണ്ട് അറിയേണ്ട ഒരു വിഷയമാണ് ഇത്.സംവരണം ഇന്ത്യൻ സ്ത്രീകളെ ഏതെങ്കിലും വിധത്തിൽ മുന്നോട്ട് കൊണ്ടുവന്നിട്ടുണ്ടോ? ദളിത് – ആദിവാസി സ്ത്രീകളുടെ അധികാരത്തിലേക്കുള്ള വഴി സുഗമമാണോ ? സ്ത്രീകൾ അധികാരത്തിൽ എത്തുന്നത് വീടുകളുടെയും , സമൂഹത്തിന്റെയും, രാജ്യത്തിന്റെയും അധികാരസംവിധാനത്തിൽ മാറ്റം ഉണ്ടാക്കിയിട്ടുണ്ടോ? ചോദ്യങ്ങൾ നിരവധി ആയിരുന്നു.

I

ഗുജറാത്തിലെ ഖേടാ ജില്ലയിലെ കനിജു ഗ്രാമ പഞ്ചായത്തോഫീസിൽ ഇരുന്നു നീരുബെൻ പട്ടേൽ എന്ന പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു ,“ എല്ലാം ദൈവകൃപ. എനിക്ക് ഇപ്പോൾ സാരികൊണ്ട് തല മൂടാതെയും മുഖം മറയ്ക്കാതെയും പുറത്തിറങ്ങി നടക്കാം.എന്റെ മരുമകൾക്ക് വലിയ വിഷമമാണ് അങ്ങനെ നടക്കാൻ പറ്റാത്തതിൽ.അവൾക്കു വീട്ടിനുള്ളിൽപോലും മുഖം മറച്ചേ നടക്കാൻ പറ്റൂ .”

സംവരണം തനിക്കു നൽകിയ വലിയ സമ്മാനം മുഖം മറയ്ക്കുന്നതിൽ നിന്നുള്ള മോചനം ആണെന്ന് പറഞ്ഞു ചിരിച്ചു കൊണ്ടിരുന്ന നീരു ബെന്നിന്റെ മുന്നിലേക്ക് ഏതോ ഫയലുമായി പഞ്ചായത്ത് സെക്രട്ടറി(പുരുഷൻ)കടന്നു വന്നു .അവരുടൻ തല മറച്ചു. മുഖവും പാതിയിലേറെ മറച്ചു. അയാൾ പോയിക്കഴിഞ്ഞപ്പോൾ മുഖത്ത് നിന്ന് സാരി മാറ്റി എന്നോട് പറഞ്ഞു.

“അന്യപുരുഷനല്ലേ, മുഖം മറച്ചു ശീലിച്ചു പോയി.”

വിചിത്രമായിരുന്നു നീരുബെന്റെ അഭിപ്രായങ്ങൾ എല്ലാം. പഞ്ചായത്ത് പ്രസിഡന്റ് എന്ന സ്ഥാനലബ്ധി അവർ ആസ്വദിക്കുന്നുണ്ട് , അതേസമയം പഴയതൊന്നും വിടാൻ തയ്യാറുമല്ല.ഗ്രാമത്തിന്റെ കാര്യങ്ങളൊന്നും തനിക്കു അറിയേണ്ടതല്ല, എല്ലാം ദൈവം നോക്കിക്കൊള്ളും എന്നതാണ് സ്ഥിരം പല്ലവി.

“പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ അഭിമാനം തോന്നിയ മുഹൂർത്തം ഏതാണ്?”, ഞാൻ അവരോടു ചോദിച്ചു. “കഴിഞ്ഞ ശിവരാത്രിക്ക് ഇവിടത്തെ ഉയർന്ന ജാതിക്കാരുടെ അമ്പലത്തിൽ ഒരു ദളിത് പെൺകുട്ടി തൊഴാൻ വന്നു.എല്ലാവരും കൂടി അവളെ അടിച്ചു പുറത്തിറക്കി.അവളെ പുറത്താക്കാൻ ആളുകൾക്ക് നേതൃത്വം നൽകിയത് ഞാൻ ആണ്. രാത്രി അവളുടെ വീട് ആക്രമിക്കാനും ആളുകൾ പോയി. എനിക്ക് അഭിമാനം തോന്നിയ കാര്യം ആണത്.”



ഞാൻ അമ്പരന്നു ചോദിച്ചു.

“നിങ്ങൾ ഇവിടുത്തെ പഞ്ചായത്ത് പ്രസിഡന്റ് അല്ലെ? ഈ ഗ്രാമത്തിന്റെ അമ്മയല്ലേ? ഇങ്ങനൊക്കെ ചെയ്യാമോ?” “എന്താ കുഴപ്പം? ദളിത് എന്നാൽ ചെരുപ്പ് പോലെ ആണ്...ചെരിപ്പ് എടുത്തു തലയിൽ വയ്ക്കുമോ?‘നീരുബെൻ പട്ടേൽ നൽകിയ ഷോക്ക് മാറിയത് അമ്പലത്തിൽ കയറാൻ ധൈര്യം കാണിച്ച അനിത എന്ന പെൺകുട്ടിയെ കണ്ടപ്പോൾ ആണ്.

അവൾ അടങ്ങാത്ത കലിയോടെ പറഞ്ഞു, ‘25



**നീരുബെൻ**

ഓളം പേരാണ് എന്റെ വീട് ആക്രമിച്ചത്.ഗ്രാമത്തിൽ ആരും , എന്റെ ഭർത്താവ് ഒഴിച്ച് , കൂടെനിന്നില്ല.എല്ലാവർക്കും പേടിയാണ്. ദീദി നോക്കിക്കോളൂ .ഒരു ദിവസം ഞാൻ ജയിക്കും. ഇവരെയൊക്കെ ഞാൻ ജയിലിലാക്കും."



II

തമിഴ്നാട്ടിലെ തിരുവള്ളൂർ ജില്ലയിലെ പാലവയൽ പുത്തൂർ പഞ്ചായത്ത് ഓഫീസിൽ പ്രസിഡന്റ് സുജാത രമേശ് സ്വന്തം സ്കൂട്ടർ പായിച്ചാണ് വന്നിറങ്ങിയത്.എളിമ നിറഞ്ഞു നിൽക്കുമ്പോഴും ആത്മവിശ്വാസവും നിശ്ചയദാർഢ്യവും പെരുമാറ്റത്തിൽ പ്രകടമായിരുന്നു."എന്റെ ഭർത്താവായിരുന്നു ഇവിടെ പ്രസിഡന്റ്. കാൻസർ വന്നു മരിച്ചുപോയി.അങ്ങിനെയാണ് ഞാൻ മത്സരിച്ചത്.ഒരുപാട് പ്രയാസങ്ങൾ നേരിട്ടാണ് ഇവിടെ ജീവിക്കുന്നത്. സ്ത്രീയായതുകൊണ്ടുള്ള പ്രയാസങ്ങൾ ഒരു വഴിക്ക്. ദളിത് കൂടി ആയാൽ പറയേണ്ട. ഉയർന്നജാതിക്കാർ പലവഴി തോല്പിക്കാൻ ശ്രമിക്കുന്നുണ്ട്.ഏതു നിമിഷവും കൊല്ലപ്പെടാവുന്ന അവസ്ഥ വരെയുണ്ട്. എന്റെ മക്കളോട് ഞാൻ പറഞ്ഞിട്ടുണ്ട്. അമ്മയെ കൊന്നാലും നിങ്ങൾ തലയുയയർത്തി ജീവിക്കണം എന്ന്. എട്ടാം ക്ലാസ് വരെയേ പഠിച്ചിട്ടുള്ളുവെങ്കിലും ലോറി ,ബസ് , ഓട്ടോറിക്ഷ എല്ലാം ഓടിക്കും സുജാത.

"വേണ്ടി വന്നാൽ പ്ലയിനും ഓടിക്കും ഞാൻ" എന്നാണ് സുജാത പറയുന്നത്.

"ഊരിലെ മക്കളുടെ എന്ത് ആവശ്യത്തിനും ഞാൻ വണ്ടിയെടുത്തു പായും.അതുകൊണ്ട് തന്നെ ഇലക്ഷനിൽ എനിക്ക് നല്ല ഭൂരിപക്ഷം കിട്ടും.എന്റെ ജീവിതം ഈ നാട്ടുകാർക്ക് വേണ്ടി ആണ്."

" ഒരു സ്ത്രീ (വിധവയും കൂടിയായാൽ പറയേണ്ട) യും ദളിതുമായാൽ ഈ രാജ്യത്തു ജീവിതം എത്ര ദുസ്സഹമാണെന്ന് എനിക്ക് അനുഭവത്തിൽ നിന്നറിയാം.എന്നെക്കുറിച്ച് എന്തൊക്കെ അപവാദങ്ങൾ ആണെന്നോ പറയാറ്? അങ്ങനെ പറഞ്ഞ ഒരാളെ ഒരു ദിവസം ഞാൻ പോയി അടിച്ചു ശരിയാക്കി.മടങ്ങി വരുമ്പോൾ സങ്കടം തോന്നി.100 രൂപ കൊടുത്തിട്ട് ചായ കുടിച്ചോളാൻ പറഞ്ഞു.

'സമാധാനിക്ക്, എന്റെ ദേഷ്യം കൊണ്ട് അടിച്ചതാണെന്നും പറഞ്ഞു."സുജാത സ്കൂട്ടറിൽ കയറ്റി എന്നെ കുറെ ദൂരത്തേക്കു കൊണ്ട് പോയി.

മണൽമാഫിയയുടെ കേന്ദ്രമായിരുന്നു അത്."നോക്കൂ ,മണൽ കോരുന്നത് കണ്ടോ? ഞാൻ പാടില്ല എന്ന് പറഞ്ഞതാണ്.ഉയർന്ന ജാതിക്കാരായ റെഡ്യാർമാർ കലക്ടറുടെ കയ്യിൽ നിന്ന് സ്പെഷ്യൽ ഓർഡർ വാങ്ങി മണൽ കൊണ്ടുപോകുകയാണ്.എതിർക്കാൻ ചെന്ന എന്നെ അവർ ആക്രമിച്ചു."

സുജാതയുടെ സ്കൂട്ടർ വീണ്ടും സ്റ്റാർറ്റ് ആയി.ഇത്തവണ അത് ചെന്ന് നിന്നത് കുറെ കുടിലുകളുടെ മുന്നിലായിരുന്നു.

"ഇത് ദളിതർ താമസിക്കുന്ന കോളനി.ഇവിടെ വെള്ളം എത്തിക്കാൻ ശ്രമിച്ചതിനു പല വട്ടം എനിക്ക് ഭീഷണി നേരിടേണ്ടി വന്നിട്ടുണ്ട്."

സുജാതയെ കണ്ട് കുടിലുകളുടെ അകത്തു നിന്ന് ആളുകൾ ഓടിയെത്തി.

ചിലർ ചേർത്തുപിടിച്ചും മറ്റു ചിലർ കെട്ടിപ്പിടിച്ചും സ്നേഹം കാണിച്ചു.സുജാതയുടെ സ്കൂട്ടറിൽ ആ ഗ്രാമം മുഴുവൻ ചുറ്റിക്കഴിഞ്ഞപ്പോൾ മനസ്സിലായി അധികാരത്തിന്റെ സ്ത്രീവഴി സ്നേഹത്തിൻറെ , അനുനയത്തിന്റെ, അനുകമ്പയുടെ സ്ത്രീമാർഗം ആണെന്ന്.

തമിഴ്നാട്ടിൽ തന്നെ വ്യത്യസ്തമായ മറ്റൊരനുഭവം ഉണ്ടായി.മധുര ജില്ലയിലെ കല്ലന്തരി പഞ്ചായത്ത് പ്രസിഡന്റ് പുഷ്പയെ തേടിയാണ് ആ ദൂരമത്രയും താണ്ടി ആ നട്ടുച്ചയ്ക്ക് ചെന്നിറങ്ങിയത്. മധുരയിൽ നിന്ന് ഞങ്ങൾ കയറിയ ഓട്ടോറിക്ഷ വഴിതെറ്റിയാണ് പുഷ്പയെ കാണാമെന്ന് പറഞ്ഞ "ട്രാൻസ്പോർട്ട് കമ്പനി" ഓഫീസിന് മുന്നിൽ എത്തിയത്.

കല്ലന്തരി പഞ്ചായത്ത് ഓഫീസ് , ട്രാൻസ്പോർട്ട് കമ്പനി ഓഫീസിനുള്ളിലാവും എന്ന് ധരിച്ചാണ് ഗേറ്റിനുള്ളിലേക്ക് കയറിച്ചെന്നത്. കാവിമുണ്ടുടുത്ത് പച്ച പട്ടുഷർട്ടിട്ട് തല പാടേ നരച്ച ഒരാൾ വന്നു സ്വീകരിച്ചു.

'ഞാൻ പാണ്ടി. പഞ്ചായത്ത് സെക്രട്ടറിയാണ്." നെറ്റിയിൽ നിറയെ ചന്ദനം പൂശി കൈകളിൽ പല നിറങ്ങളിലുള്ള ചരടുകൾ കെട്ടിയിട്ടുള്ള പാണ്ടി ഒരു കെട്ടിടത്തിന്റെ പിൻവശത്തേക്ക് ക്ഷണിച്ചു. അൽപ്പം സംഭ്രമം തോന്നാതിരുന്നില്ല. ആകെപ്പാടെ ഒരു ലക്ഷണക്കേട്. പിൻവാതിൽ തുറക്കുമ്പോൾ ശരിക്കും ഞെട്ടി. തടിക്കഷ്ണങ്ങളും ചാക്കുകെട്ടുകളും മറ്റ് ലൊട്ടുലൊടുക്ക് സാധനങ്ങളും കൂട്ടിയിട്ടൊരു വലിയ മുറി. ഏതോ ഒരു തമിഴ് സിനിമയിലെ സ്റ്റണ്ട് രംഗം കാണുന്നതുപോലെ. പാണ്ടി അകത്തേക്ക് ക്ഷണിച്ചുകൊണ്ടേയിരുന്നു,

"ഉള്ളെ വാങ്കോ", ധൈര്യം സംഭരിച്ച് തടിക്കഷ്ണങ്ങൾക്കിടയിലൂടെ അകത്തേക്ക് നടന്നു. വാതിൽ തുറന്നുപിടിച്ച് പാണ്ടി അകത്തേക്ക് നയിച്ചു.

ഒന്നാന്തരം ഒരു മുറി. എ.സി.യുടെ ശീതളിമ. നടുവിലെ മേശയ്ക്ക് പിന്നിലെ കസേരയിൽ ഒരാൾ ഇരിക്കുന്നു. ഒരസ്സൽ തമിഴ്സിനിമാ വില്ലൻ.

വശത്തിട്ടിരിക്കുന്ന കസേരകളിൽ മൂന്നാലുപേർ.

പാണ്ടി പരിചയപ്പെടുത്തി.

"മഹേന്ദ്രൻ, പഞ്ചായത്ത് പ്രസിഡന്റ് പുഷ്പയുടെ ഭർത്താവ്."

"പുഷ്പ എവിടെ?"

"ഇവിടെയുണ്ടായിരുന്നു. മധുരയ്ക്ക് പോയതാ."

ഞാൻ ഗവൺമെന്റുദ്യോഗസ്ഥയാണെന്നും, പുഷ്പയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കാൻ വന്നതാണെന്നും ധരിച്ചിരിക്കുകയാണെന്ന് തോന്നി. പാണ്ടി പുഷ്പയുടെ പ്രവർത്തനങ്ങൾ പറയാൻ തുടങ്ങി:

"ആയിരം ലിറ്റർ വെള്ളം കൊള്ളുന്ന സിന്റക്സ് ടാങ്ക് ഗ്രാമത്തിൽ സ്ഥാപിച്ചു. വരൾച്ച ബാധിത പ്രദേശങ്ങളിൽ 2 ക്ലസ്റ്ററുകളിലായി തൊഴിലുറപ്പ് പദ്ധതി നടത്തി. ഓഫീസിലെ കാര്യങ്ങൾ ഒക്കെ പുഷ്പ തലൈവർ നോക്കും. പുറത്തുപോയി ഓഫീസുകളിൽ കാര്യങ്ങൾ നോക്കാൻ മാത്രമേ മഹേന്ദ്രൻ തലൈവർ പോകാറുള്ളൂ."

പഞ്ചായത്തിന് രണ്ട് തലൈവർമാർ ഉണ്ടെന്നും യഥാർത്ഥ തലൈവർ മഹേന്ദ്രനാണെന്നും പുഷ്പയെ കണ്ടുകിട്ടാൻ പോലും പോകുന്നില്ലെന്നും മധുരയിൽ വച്ചുതന്നെ മേയിയമ്മ (ഡെക്കാൺ ക്രോണിക്കിൾ കറസ്പോണ്ടന്റ്) മുന്നറിയിപ്പു തന്നിരുന്നതുകൊണ്ട് 'മഹേന്ദ്രജാലം' ഞെട്ടലുണ്ടാക്കിയില്ല.

"സെമിത്തേരി, സോളാർ വിളക്കുകൾ, തെരുവ് വിളക്കുകൾ, ജലസേചനം, പാവപ്പെട്ടവർക്ക് വീടുകൾ, ഗ്രീൻ ഹൗസുകൾ തുടങ്ങിയവയൊക്കെ ഗ്രാമത്തിൽ സ്ഥാപിക്കാൻ പുഷ്പ താൽപ്പര്യമെടുത്തിട്ടുണ്ട്". പാണ്ടി വീണ്ടും പുഷ്പയ്ക്ക് സർട്ടിഫിക്കറ്റുമായി വന്നു.

പുഷ്പ പഞ്ചായത്തിൽ നിന്ന് ഏറെ അകലെ മധുരയിലാണ് താമസം. കളക്ടറും അധികാരികളും മറ്റും വരുമ്പോൾ മാത്രമേ പുഷ്പ പഞ്ചായത്ത് ഏരിയയിൽ പ്രത്യക്ഷപ്പെടൂവെന്നാണ് പാണ്ടിയുടെ സംസാരത്തിൽ നിന്ന് മനസ്സിലായത്.

മഹേന്ദ്രൻ ചിരിക്കാൻ വകനൽകിക്കൊണ്ടേയിരുന്നു. എന്തു ചോദിച്ചാലും അയാൾ പാണ്ടിയെ നോക്കും. പാണ്ടിയാണ് ഉത്തരം പറയുക.

"സിദ്ധ" യ്ക്ക് പഠിക്കുന്ന മോളെ രാഷ്ട്രീയത്തിൽ വിടുമോ എന്ന് ചോദിച്ചപ്പോൾ മാത്രം മഹേന്ദ്രൻ ഇടയ്ക്ക് കയറി ഉത്തരം പറഞ്ഞു:

"ഇല്ലേയില്ല. രാഷ്ട്രീയം പെണ്ണുങ്ങൾക്ക് ചേർന്നതേയല്ല. വീട്ടീന്ന് പുറത്തിറങ്ങി കാര്യങ്ങൾ ചെയ്യാൻ സ്ത്രീകൾക്ക് പറ്റില്ല."

കഴിഞ്ഞ 8 വർഷമായി പുഷ്പ ഈ പഞ്ചായത്തിന്റെ പ്രസിഡന്റല്ലേ? അവരെങ്ങനെ കാര്യങ്ങൾ ചെയ്യുന്നു എന്ന ചോദ്യത്തെ മഹേന്ദ്രൻ മൗനം കൊണ്ട് നിർവീര്യമാക്കി. പുഷ്പയെ കാണിക്കില്ലെങ്കിൽ വൈസ്പ്രസിഡന്റിനെയെങ്കിലും കാണിച്ചുതരൂ എന്ന് ഞാൻ പറഞ്ഞു.

"അവർ മുസ്ലീമാണ്, റംസാൻ ആയതുകൊണ്ട് സാധനങ്ങൾ വാങ്ങാൻ മധുരയിൽ പോയിരിക്കുന്നു" എന്നായിരുന്നു പാണ്ടിയുടെ മറുപടി.

എന്നാൽ മറ്റു വനിതാ പഞ്ചായത്ത് മെമ്പർമാരെ കാണാമല്ലോ എന്ന് പറഞ്ഞപ്പോൾ അവരൊക്കെ തൊഴിലുറപ്പു പണിയിലാണ് എന്നും ഇപ്പോൾ കാണാൻ പറ്റില്ലെന്നും പാണ്ടി അറിയിച്ചു. പുഷ്പ വക മഹേന്ദ്രൻ ഭരണത്തെക്കുറിച്ച് കേട്ടതൊക്കെ ശരിയാണെന്ന് വിശ്വസിപ്പിക്കുന്നതായിരുന്നു അനുഭവം. എത്ര ശ്രമിച്ചിട്ടും പുഷ്പയെ കാണാൻ കഴിയാതെ മടങ്ങി.

പൊയ്ക്കരപ്പെട്ടി മധുര ജില്ലയിലെ ഗ്രാമമാണ്. നാലു വർഷമായി മഴ പെയ്യാത്ത ഇടമാണിത്. മധുരയിലെ 36 പഞ്ചായത്തുകളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന പഞ്ചായത്താണിത്. വരൾച്ചയുടെ പിടിയിൽ നിന്ന് രക്ഷപ്പെടാനാണ് പഞ്ചായത്ത് പണം ഏറെയും ചിലവഴിക്കപ്പെടുന്നത്. വെട്ടിയ കുളങ്ങളിലൊന്നും വെള്ളമില്ല. 500, 600 അടി കുഴിച്ചാലും കിണറുകളിൽ വെള്ളം കിട്ടാറില്ല. ബോർവെല്ലുകളും വാട്ടർ ടാങ്കുകളും സ്ഥാപിക്കുവാനാണ് പഞ്ചായത്തിന്റെ ശ്രദ്ധയും പണവും ചിലവഴിക്കുന്നത്.

അഴകർമലൈക്ക് താഴെ കൊടിയ വരൾച്ചയിലും അഴക്പെണ്ണ് ചിരിച്ചുതിളങ്ങി നിന്നു. പൊയ്ക്കരപ്പെട്ടി പഞ്ചായത്തിലെ വൈസ് പ്രസിഡന്റാണ് അഴക് പെണ്ണ്. കില്ലന്തേരിയിൽ നിന്ന് പുഷ്പയെ കാണാനാവാത്ത നിരാശയിൽ സ്ത്രീസംവരണം പാഴായെന്ന് സങ്കടപ്പെട്ട് ചെല്ലുമ്പോഴാണ് പൊയ്ക്കരപ്പെട്ടി വിപരീതമായ അനുഭവം നൽകിയത്.

"എങ്ങനുണ്ട് "തുണൈതലൈവർ" അനുഭവം?"

"സന്തോഷം. സന്തോഷം. മക്കൾ (ജനങ്ങൾക്ക്) വേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യാൻ അവസരം കിട്ടിയല്ലോ, ഞാനെന്റെ വീട്ടിൽ കാര്യങ്ങൾ ചെയ്യുന്നതുപോലെതന്നെയാണ് പുറത്ത് മക്കളുടെ കാര്യവും ചെയ്യുന്നത്. രാഷ്ട്രീയമൊന്നും താൽപ്പര്യമില്ല. സ്വാതന്ത്ര്യത്തോടെ മക്കളുടെ കാര്യങ്ങൾ ചെയ്യണം. അതാണിഷ്ടം." വീടിന്റെ ചുവരിൽ എ.ഐ.എ.ഡി.എം.കെ.യുടെ ചിഹ്നമായ "രണ്ടില" വരച്ചുവച്ചിട്ടുണ്ട്.

"അതെന്തുകൊണ്ടാ?"

"അതുപിന്നെ അമ്മയുടെ പാർട്ടിയല്ലേ."

ചെന്നൈയിലെ ഹ്യൂമൻ റൈറ്റ്സ് ഫൗണ്ടേഷനിലെ കൃഷ്ണവേണി പറഞ്ഞതോർത്തു:

"പഞ്ചായത്തുതലത്തിൽ രാഷ്ട്രീയം അധികാരത്തിനൊപ്പമാണ്. ഡി.എം.കെ. ഭരിച്ചാൽ മിക്കവരും തലൈവർ ഭക്തരാകും.എ.ഐ.എ.ഡി.എം.കെ.യാണെങ്കിൽ ഉടനെ അമ്മ ഭക്തരാവും."

അഴക് പെണ്ണ് ആറാം ക്ലാസ്സ് വരെ പഠിച്ചിട്ടുണ്ട്. വീട്ടുകാരൻ തെരവിയം കൂലിവേലക്കാരനാണ്. മകൻ ബി.എസ്.സി. വരെ പഠിച്ച് അടുത്തുള്ള ഒരു ഫാക്ടറിയിൽ പണിയെടുക്കുന്നു. അഴക് പെണ്ണ് കൂലിവേലയ്ക്ക് പൊയ്ക്കൊണ്ടിരുന്നതാണ്. തുണൈതലൈവർ ആയതിന് ശേഷം പണിക്ക് പോകുന്നില്ല. തമിഴ്നാട്ടിൽ കേരളത്തിലേതുപോലെ പഞ്ചായത്ത്

പ്രസിഡന്റിനും മറ്റും ശമ്പളം ലഭിക്കുന്നില്ല.

"മക്കൾക്ക് സേവ ചെയ്യാൻ ശമ്പളം എന്തിന്? ആ നന്മ മാത്രം മതി സന്തോഷത്തിന്" – അഴക്പ്പെണ്ണിന്റെ ഭർത്താവ് സ്കൂട്ടറെടുത്തുപോയി പഞ്ചായത്ത് പ്രസിഡന്റിനെ കൂട്ടിവന്നു. ചന്ദനക്കുറിയിട്ട വൃത്തിയും വെടിപ്പുമുള്ള വേഷം ധരിച്ച ഹരിശ്ചന്ദ്രൻ അഴക്പ്പെണ്ണിന്റെ പ്രവർത്തനത്തെ ശ്ലാഘിച്ചു:

"ആണുങ്ങൾക്ക് അറിയാൻ കഴിയാത്ത പല പ്രശ്നങ്ങളും പെണ്ണുങ്ങൾക്ക് അറിയാനും, പരിഹാരം കണ്ടെത്താനും കഴിയും. അഴക് പെണ്ണ് യഥാർത്ഥത്തിൽ പഞ്ചായത്തിന് വലിയൊരു സഹായവും നേട്ടവുമാണ്. സർക്കാരിൽ നിന്ന് യാതൊരാനുകൂല്യവും കിട്ടാത്തതിനാൽ പഞ്ചായത്ത് പ്രവർത്തനത്തിന് പോകാൻ പണം കൈയ്യിൽ നിന്ന് മുടക്കുകയാണ് പതിവെന്ന് ഹരിശ്ചന്ദ്രൻ പറഞ്ഞു.

III

ഉത്തർപ്രദേശിലെ ഫൈസാബാദിലെ പഹഗഞ്ച് ഗ്രാമപഞ്ചായത്ത് സർപഞ്ചിനെ കാണാൻ ഒപ്പം വന്നത് പഞ്ചായത്താഫീസിലെ സെക്രട്ടറി രൺധീർ ശർമ്മയായിരുന്നു. വഴിയരികിൽ പ്രധാൻ (പഞ്ചായത്ത് പ്രസിഡന്റിനെ പ്രധാൻ എന്നാണ് ഇവിടെ വിളിക്കുന്നത്) കാത്തുനിന്നിരുന്നു.അഭിമാപൂർവ്വം പഞ്ചായത്തിൽ താൻ നിർമ്മിച്ച റോഡുകളും കാണിച്ചുകൊണ്ട് വീരേന്ദർ ശുക്ല പറഞ്ഞു, "2006–ലെ ശുചിത്വത്തിനുള്ള നിർമ്മൽ ഗ്രാമപുരസ്ക്കാരം (കേന്ദ്രഗവൺമെന്റ് നൽകുന്നത്) ഈ പഞ്ചായത്തിനാണ് ലഭിച്ചത്".

ഫോട്ടോയെടുക്കണമെന്ന് പറഞ്ഞപ്പോൾ പ്രധാൻ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ ടെലിവിഷൻ കണ്ടുകൊണ്ട് ശരിക്കുള്ള "പ്രധാൻ", താരാ ശുക്ലയെന്ന പഞ്ചായത്ത് പ്രസിഡന്റ് ഇരിപ്പുണ്ടായിരുന്നു.

ഫോട്ടോയെടുത്തു കഴിഞ്ഞപ്പോൾ "ഭർത്താവ് പ്രധാൻ" വീണ്ടും പഞ്ചായത്ത് കാര്യങ്ങൾ പറയാൻ തുടങ്ങി.റോഡുകളും മറ്റും നിർമ്മിച്ചതും ആറ് മാസത്തിലൊരിക്കൽ ഗ്രാമസഭ കൂടുന്നതുമൊക്കെ അയാൾ പറഞ്ഞു.

ടോയ്‌ലറ്റുകൾ ഉത്തർപ്രദേശിൽ വളരെയധികം ആർഭാടമുള്ള ഒന്നാണ്. അങ്ങനെയിരിക്കെ ഈ ഗ്രാമപഞ്ചായത്ത് എങ്ങനെയാണ് 100% വീടുകളിലും ടോയ്‌ലറ്റ് ഉണ്ടാക്കി നിർമ്മൽഗ്രാമ പുരസ്ക്കാരം നേടിയത്?

അതിനുള്ള മറുപടി താരാശുക്ല തന്നെ പറഞ്ഞു:

"ഒരിക്കൽ വെളിമ്പ്രദേശത്ത് ടോയ്‌ലറ്റിൽ പോകുമ്പോൾ ഞാൻ ആക്രമിക്കപ്പെട്ടു. വീട്ടിൽ വന്ന് പറഞ്ഞപ്പോൾ ഭർത്താവ് പറഞ്ഞു – നമുക്ക് ടോയ്‌ലറ്റുണ്ടാക്കണം – ഞങ്ങളുടെ വീട്ടിൽ മാത്രമല്ല, എല്ലാ വീട്ടിലും ടോയ്‌ലറ്റുണ്ടാക്കാൻ ഞങ്ങൾ ഒരുപാട് പ്രയാസപ്പെടേണ്ടിവന്നു. എങ്കിലും അതിന് കഴിഞ്ഞു."

താരാശുക്ലയോട് ഫോൺനമ്പർ ചോദിച്ചപ്പോൾ അറിയില്ലായിരുന്നു, ഭർത്താവിന്റെ നമ്പറിൽ വിളിച്ചാൽ മതിയെന്ന് അവർ കൂട്ടിച്ചേർത്തു.

IV

ബീഹാർ ഏറ്റവും നല്ല വഴിയാണ് കാട്ടിത്തന്നത്, സംവരണത്തിനൊപ്പം മെച്ചപ്പെട്ട പരിശീലനം കൂടി അത്യാവശ്യമാണെന്ന്. സ്ത്രീകളുടെയും ജാതിയിൽ താഴത്തെ ശ്രേണിയിൽ നിൽക്കുന്നവരുടെയും ഉയർച്ചയ്ക്ക് ഒരു കൈ സഹായം ആവശ്യമാണെന്ന്.

ബീഹാറിലെ മുസഫർപൂർ, സീതാമഠി, ഔറംഗബാദ് ജില്ലകളിലെ പഞ്ചായത്തു മെംബർമാരായ സ്ത്രീകൾക്കിടയിൽ ന്യൂഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന 'സെന്റർ ഫോർ കാറ്റലൈസിംഗ് ചെയ്ഞ്ച് ' എന്ന സംഘടന 'പഹൽ' എന്ന പേരിൽ നടത്തുന്ന ശാക്തീകരണപ്രവർത്തനങ്ങൾ ഉണ്ടാക്കിയിരിക്കുന്ന മാറ്റങ്ങൾ അമ്പരപ്പിക്കുന്നതാണ്. ബീഹാറിനെക്കുറിച്ച് കേട്ടറിഞ്ഞതൊന്നുമല്ല ഈ സ്ത്രീകൾ വ്യക്തമാക്കിയത്. അവർ വെളിച്ചത്തിലായിരുന്നു – അധികാരത്തിന്റെ, ആത്മശക്തിയുടെ വെളിച്ചത്തിൽ. "ബീഹാറിലെ സ്ത്രീകൾക്കിടയിൽ സംവരണം ഉണ്ടാക്കിയിരിക്കുന്ന മാറ്റം ശ്രദ്ധേയമാണ്. അവർ ആന്തരികമായി തന്നെ മാറിയിരിക്കുന്നു. യഥാർത്ഥമായതും ശക്തമായതുമാണ് അവരുടെ മാറ്റം.

"പഞ്ചായത്തിലെ സംവരണം ബീഹാറിന്റെ ജാതിവ്യവസ്ഥയിൽ അടിമുടി മാറ്റങ്ങൾ ഉണ്ടാക്കിയെന്നത് സത്യമാണ്. ഇന്ന് ഹിന്ദി സംസാരിക്കുന്ന മേഖലകളിൽ ഏറ്റവും ശക്തരായ സ്ത്രീകൾ ഉള്ളത് ബീഹാറിലാണ്."ബീഹാറിലെ പ്രശസ്ത അക്കാദമിക് വിദഗ്ദ്ധനും ഏഷ്യൻ ഡെവലപ്പ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (അഉണക) ഡയറക്ടറുമായ ശൈബൽ ഗുപ്ത പറഞ്ഞു. പഞ്ചായത്തീരാജ് മേഖലയിൽ നിരവധി പഠനങ്ങൾ അഉണക നടത്തിയിട്ടുണ്ട്.

"തെരഞ്ഞെടുപ്പിന് നോമിനേഷൻ നൽകുവാൻ സാരിത്തലപ്പുകൊണ്ട് തലമൂടി വന്ന സ്ത്രീകൾ പ്രചാരണവേളയാകുമ്പോഴേക്കും തന്നെ തലമൂടാതെയാകുന്നത് കണ്ടിട്ടുണ്ട്. ആദ്യകാലത്ത് ഭർത്താക്കന്മാരാണ് കാര്യങ്ങൾ നടത്തിയിരുന്നതും ആജ്ഞാപിച്ചിരുന്നതും. ഇപ്പോൾ അതും മാറിയിരിക്കുന്നു. സ്വയം കാര്യങ്ങൾ ചെയ്യാൻ ഒരുപാട് സ്ത്രീകൾ പ്രാപ്തി നേടിയിരിക്കുന്നു. ജാതി വ്യവസ്ഥയ്ക്ക് മേൽ കനത്ത ആഘാതങ്ങൾ ഉണ്ടാക്കാൻ സംവരണം കാരണമായി. ഒന്നു രണ്ട് ഉദാഹരണങ്ങൾ കൊണ്ട് തന്നെ ഇത് വ്യക്തമാക്കാം. വിവാഹങ്ങൾക്ക് പഞ്ചായത്ത് മുഖ്യന്റെ/മുഖ്യയുടെ സർട്ടിഫിക്കറ്റ് നിർബ്ബന്ധമാക്കിയത് വിപ്ലവകരമായ മാറ്റത്തിന് കാരണമായി. വിവാഹ വേളയിൽ ദളിത് മുഖ്യന്റെയോ മുഖ്യയുടെയോ സാന്നിദ്ധ്യം വേണ്ടിവരുമ്പോൾ ഉയർന്ന ജാതിക്കാർ വിഷമത്തോടെയാണെങ്കിലും അവർക്ക് ഇരിപ്പിടങ്ങൾ നൽകി. പഞ്ചായത്ത് ഭരണഘടനാപരമായ സ്ഥാപനമാണെന്നതിനാൽ അതല്ലാതെ മറ്റൊരു വഴിയില്ലാതെയായി.

"പഹൽ" പരിശീലനം നൽകുന്ന മുസഫർപൂർ,

സീതാമഠി ജില്ലകളിലെ നിരവധി പഞ്ചായത്തുകളിൽ ഭൂമിഹാറുകളും രാജപുതുകളും (ഉയർന്ന ജാതിക്കാർ)മൽഹാമാർ, യാദവന്മാർ (മദ്ധ്യവർഗ്ഗവിഭാഗക്കാർ) പാസ്വാൻമാർക്കും മാഞ്ചികൾക്കും (പിന്നോക്കവിഭാഗക്കാർ, ദളിതർ) മുസ്ലീങ്ങൾക്കും ഒരുമിച്ചിരിക്കാനും, ഒരുമിച്ചിരുന്ന് പഞ്ചായത്തുകാര്യങ്ങൾ ചെയ്യാനും മടിയില്ലെന്നത് നേരിൽ കണ്ടപ്പോൾ ശൈബൽ ഗുപ്ത പറഞ്ഞത് ശരിയാണെന്ന് ബോദ്ധ്യമായി.

"ഞാൻ പണ്ട് വിനോദ് സാഹ്നിയുടെ ഭാര്യയായിരുന്നു. ഇപ്പോൾ മഞ്ചുദേവിയായി. ഞാൻ ഞാനായി. ഇപ്പോൾ ഞാൻ ഒപ്പിട്ടാൽ ഒരുപാട് കാര്യങ്ങൾ മറ്റുള്ളവർക്ക് വേണ്ടി നടക്കും. ഇതൊന്നും ഒരിക്കലും സ്വപ്നംപോലും കണ്ടതല്ല."

സീതാമഠി ജില്ലയിലെ മധുപൻപഞ്ചായത്തിലെ 14-ാം വാർഡിലെ മെമ്പറായ (മെമ്പർമാർ വാർഡ് സദസ്യ എന്ന് ബീഹാറിൽ അറിയപ്പെടുന്നു) മഞ്ചുദേവി പറഞ്ഞതു തന്നെയാണ് മറ്റു നിരവധി പഞ്ചായത്തുകളിൽ കണ്ടുമുട്ടിയവർക്കും പറയാനുണ്ടായിരുന്നത്. അവരുടെ കണ്ണുകളിൽ ആത്മവിശ്വാസത്തിന്റെ വെളിച്ചത്തിളക്കവുമുണ്ടായിരുന്നു. സ്വരത്തിൽ വിജയാരവം മുഴങ്ങി:

"ഗ്രാമത്തിൽ പ്രശ്നങ്ങൾ ഉണ്ടാവുമ്പോൾ നാട്ടുകാർ ഇപ്പോൾ പോലീസിന്റെയടുത്തേക്കല്ല പോകാറ്. എന്റടുത്തേക്കാണ്. എല്ലാ കാര്യങ്ങളിലും ഞാൻ ഇടപെടാറുണ്ട്. ധാരാളം ദാരിദ്ര്യം ഇപ്പോഴും ഈ പഞ്ചായത്തിലുണ്ട്. എന്തൊക്കെ ഗവൺമെന്റിൽ നിന്ന് ജനങ്ങൾക്ക് ശരിയാക്കിക്കൊടുക്കാൻ പറ്റുമോ അതൊക്കെ വാങ്ങിക്കൊടുക്കാൻ ശ്രമിക്കാറുണ്ട്. കൈക്കൂലി കണ്ടാൽ അതിനെതിരെ പ്രവർത്തിക്കും. പലവട്ടം ബി.ഡി.ഒ.ക്ക് പരാതി നൽകിയിട്ടുണ്ട്. കൈക്കൂലിക്കാരനായ ഉദ്യോ ഗസ്ഥനെ വഴക്കുപറഞ്ഞ് അതിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിക്കാറുണ്ട്. ."അടുത്ത തെരഞ്ഞെടുപ്പിൽ മുഖ്യ (പഞ്ചായത്ത് പ്രസിഡന്റ്) സ്ഥാനത്തേക്ക് മത്സരിക്കണമെന്നാണ് മഞ്ചുദേവി തീരുമാനിച്ചിരിക്കുന്നത്. അവിടെ നിന്ന് എം.എൽ.എ. ആയി വളരണം എന്ന സ്വപ്നവും മറച്ചുവച്ചില്ല.

"ജനതയാണ് എന്നെ വളർത്തുന്നത്. എവിടെ വരെ വളർത്തണമെന്ന് അവർക്കേ അറിയൂ."

തന്റെ രാഷ്ട്രീയഭാവിയെ മഞ്ചുദേവി വിലയിരുത്തുന്നത് അങ്ങനെയാണ്. ഇതിനൊക്കെ ഭർത്താവ് അനുവദിക്കുമോ? തടസ്സം നിന്നാൽ എന്തു ചെയ്യും? എന്ന ചോദ്യങ്ങൾക്ക് മഞ്ചുദേവി അമ്പരപ്പിക്കുന്ന മറുപടിയാണ് നൽകിയത്:

"എന്നെ തെരഞ്ഞെടുത്തത് ജനങ്ങളാണ്. ഞാനവരുടെ കാര്യം നോക്കാതെ വീട്ടുകാര്യം നോക്കിയിരുന്നാൽ ജനങ്ങൾ എന്നെ അടിക്കില്ലേ? അടി കൊള്ളേണ്ടത് ഞാനല്ലേ? ഭർത്താവിനെ ജനങ്ങൾ അടിക്കില്ലല്ലോ?"

മഞ്ചുദേവിയെപ്പോലെ നിരവധിനിരവധി സ്ത്രീകളെ ബീഹാറിൽ കണ്ടു. സ്വയമറിഞ്ഞവർ, സ്വന്തം നിയോഗങ്ങളെ ഉൾക്കൊണ്ടവർ. സീതാമഠി ജില്ലയിലെ തന്നെ റസൽപൂർ പഞ്ചായത്തിലെ 6-ാം വാർഡിലെ മെമ്പർ മീനാദേവി അത്തരത്തിൽ ഒരു ശക്തിദുർഗ്ഗയായിരുന്നു. ഉൾക്കരുത്തിൽ പ്രകമ്പനം കൊള്ളുന്ന മറ്റൊരു നിരക്ഷര. പക്ഷെ ഒപ്പിടാൻ മാത്രം അറിയുന്ന സാക്ഷരത അവരെ പിന്നോട്ടുവലിക്കുന്നതേയില്ല.

"ഹം നേതാ നഹീം, സാഥീ ഹൂം" (ഞാൻ നേതാവല്ലാ സുഹൃത്താണ്) എന്നതാണ് മീനാദേവിയുടെ പക്ഷം.

മീന സ്വന്തം കഥ പറഞ്ഞു:

"മെമ്പറായിരുന്ന ആദ്യകാലത്ത് എന്താണ് ഏതാണ് എന്നൊന്നും തിരിച്ചറിവ് ഇല്ലായിരുന്നു. പേടിയായിരുന്നു മുഖ്യമായും. ഒന്നിനെക്കുറിച്ചും ഉള്ളിൽ ബോധമില്ലാത്ത അവസ്ഥ. അപ്പോഴാണ് 'പഹൽ' വന്നത്. ആദ്യത്തെ പത്തുദിവസത്തെ പരിശീലനം കൊണ്ടുതന്നെ ഉള്ളുതെളിയാൻ തുടങ്ങി. സ്വയാധികാരം എടുക്കാനുള്ള ശേഷി കിട്ടി. മുഖ്യനോടും ബി.ഡി.ഒ.യോടും ഒക്കെ സംസാരിക്കാൻ ധൈര്യം ഉണ്ടായി. കാര്യപ്രാപ്തി ഉണ്ടായപ്പോൾ ഞാൻ പറഞ്ഞാൽ കാര്യങ്ങൾ നടക്കും എന്നായി. പണ്ട് ജാതി അനുസരിച്ച് ആയിരുന്നു വികസനം. ഇപ്പോൾ അങ്ങനെയല്ല. ഉയർന്ന ജാതിക്കാർക്കും താഴ്ന്ന ജാതിക്കാർക്കും വേണ്ടതൊക്കെ ചെയ്യും. വെള്ളത്തിന്റെ പൈപ്പ് വെയ്ക്കുന്നത് ഇന്നയിടത്ത് ആകണം എന്ന് പറഞ്ഞാൽ അവിടെ തന്നെ വെയ്ക്കും."

പത്ത് വർഷമായി പഞ്ചായത്ത് മെമ്പറായ മീനാദേവി തന്റെ മാറ്റത്തെ വിലയിരുത്തി:

"പണ്ടായിരുന്നെങ്കിൽ ഞാൻ തലമൂടി, മിണ്ടാതെ നിങ്ങളുടെ മുന്നിൽ ഇരുന്നേനെ. ഇപ്പോൾ ആണിനോടും പെണ്ണിനോടും മിണ്ടാൻ ഭയമില്ല. ആണും പെണ്ണും തമ്മിൽ അന്തരമില്ല എന്ന് ഇന്നെനിക്കറിയാം." റസൽപൂർ പഞ്ചായത്തിലെ അഞ്ചാം വാർഡ് അംഗമായ സംഗീതദേവിയ്ക്കും ഒപ്പ് മാത്രമിടാനറിയുന്ന സാക്ഷരതയേ ഉള്ളൂ. പക്ഷെ അവർ ചെയ്യുന്ന കാര്യങ്ങൾ, പറയുന്ന വാക്കുകൾ – ഉയർന്ന വിദ്യാഭ്യാസവും, ഉന്നതമായ ചിന്താശേഷിയുമുള്ള കോടിക്കണക്കിന് സ്ത്രീകൾക്ക് സ്വപ്നം പോലും കാണാൻ കഴിയാത്തതാണ്.

2013-ൽ റസൽപൂരിലെ ബുനിയാദെ സ്കൂളിൽ കുട്ടികൾക്ക് കൊടുക്കുന്ന ഉച്ചഭക്ഷണം വളരെ മോശമാണെന്ന് കണ്ടപ്പോൾ അതിനെതിരെ സംഗീതാദേവി സ്ത്രീകളെ സംഘടിപ്പിച്ച് ബി.ഡി.ഒ.യെ ഘെരാവോ ചെയ്തു. അതോടെ സ്കൂളിലെ ഭക്ഷണം ശരിയായി. എല്ലാ ദിവസവും ഉച്ചഭക്ഷണ സമയത്ത് സംഗീതാദേവി സ്കൂളിൽ ചെല്ലും. കുട്ടികൾക്ക് ഭക്ഷണം വിളമ്പിക്കൊടുത്ത് അവരെ ഊട്ടി മടങ്ങും. ഏതു കാര്യത്തിനും കളക്ടറുടെ അടുത്തുവരെ പോകാൻ സംഗീതാ ദേവിക്ക് മടിയില്ല. കൈക്കൂലി തന്റെ വാർഡിൽ വച്ചുപൊറുപ്പിക്കില്ലെന്ന് സംഗീതാ

ദേവി പറയുന്നു. ബി.പി.എൽ കാർഡുകൾ നൽകാത്തതിനെതിരെ നിരവധി ധർണകൾ ഇവർ ഇതിനോടകം സംഘടിപ്പിച്ചു കഴിഞ്ഞു. ഇതിനൊക്കെയിടയിൽ വീട്ടുകാര്യങ്ങൾ എങ്ങനെ നടക്കുന്നുവെന്ന ചോദ്യത്തിന് സംഗീതാദേവി നൽകിയ മറുപടി ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽ നിന്ന് കേട്ട മറുപടി തന്നെയായിരുന്നു:

"രാവിലെ മൂന്നു മണിക്കെഴുന്നേറ്റ് വീട്ടുകാര്യങ്ങൾ മുഴുവൻ ചെയ്തുവച്ചിട്ടാണ് നാട്ടുകാര്യങ്ങൾക്ക് ഇറങ്ങുന്നത്."

മറ്റൊന്നും കൂടി സംഗീതാ ദേവി കൂട്ടിച്ചേർത്തു:

"അത്യാവശ്യം പഞ്ചായത്ത് ചെലവുകൾക്ക് സ്വന്തം ചിലവിനുള്ള കാശിൽ നിന്ന് എടുക്കും. വേണ്ടി വന്നാൽ വീട്ടുചെലവിന് ഭർത്താവ് തരുന്ന കാശിൽ നിന്ന് മോഷ്ടിച്ചെടുക്കുകയും ചെയ്യും."

"പണ്ട് ഇവിടെ സ്ത്രീകൾ എത്രമാത്രം പിന്നിലായിരുന്നുവെന്ന് പറയാൻ പറ്റില്ല. വീട്ടിൽ നിന്ന് പുറത്തിറങ്ങുവാനേ പാടില്ല. പെൺകുട്ടികൾ പിറന്നാൽ സങ്കടമായിരുന്നു. ഇന്ന് ഞങ്ങളൊക്കെ പുരുഷന്മാരെപ്പോലെ പുറത്തിറങ്ങി നടക്കുന്നു. നാട്ടുകാര്യങ്ങൾ ചെയ്യുന്നു. പഞ്ചായത്തിലുള്ള മറ്റു സ്ത്രീകളെയും വീട്ടിലിരിക്കാൻ സമ്മതിക്കുന്നില്ല. അവരും ഗ്രാമസഭകൾക്ക് വരുന്നു. പെൺകുട്ടികൾ ആടുമേയ്ക്കാനല്ല സ്കൂളിലേക്കാണ് പോകുന്നത്. സംവരണം ഇല്ലായിരുന്നുവെങ്കിൽ ഇന്നും ഞങ്ങൾ മുഖം സാരികൊണ്ട് മറച്ച് വീട്ടിനുള്ളിലിരുന്നേനെ."

ധുമ്റാ ബ്ലോക്കിലെ ലഗ്മാ പഞ്ചായത്തിലെ പത്താം വാർഡിലെ മെമ്പർ പ്രഭാദേവി സംവരണം പഞ്ചായത്ത് അംഗങ്ങളാകുന്ന സ്ത്രീകളെ മാത്രമല്ല, സ്ത്രീകൾക്കാകമാനമാണ് ശാക്തീകരണം നൽകുന്നതെന്ന് ചൂണ്ടിക്കാട്ടി:

"ഞങ്ങൾ പുറത്തിറങ്ങിയപ്പോൾ മറ്റു സ്ത്രീകൾക്കും പ്രചോദനമായി. പ്രൈമറി ഹെൽത്ത് സെന്ററിൽ നഴ്സ് എന്തൊക്കെ ചെയ്യണം, എന്തൊക്കെ മരുന്നും സംവിധാനങ്ങളും അവിടെ ഉണ്ടാകണം എന്നൊക്കെ നോക്കാൻ ഞങ്ങൾക്ക് പരിശീലനം കിട്ടിയത് ഞങ്ങൾ മറ്റ് സ്ത്രീകളുമായി പങ്കുവച്ചു. ഗ്രാമസഭകളിൽ സ്ത്രീകൾ പങ്കെടുക്കുകയും നാട്ടുകാര്യങ്ങളിൽ ഇടപെടുകയും ചെയ്യുന്നു. ഒരു വാർഡിൽ എന്തെങ്കിലും നടക്കുമ്പോൾ ഞങ്ങൾ എല്ലാവരും ചെന്ന് അതിൽ പങ്കുചേരുന്നു. പ്രശ്നങ്ങൾക്ക് കൂട്ടായ പരിഹാരമുണ്ടാക്കുന്നു. വീടുകളിലെ പ്രശ്നങ്ങൾ സംസാരിച്ച് തീർക്കുകയാണ് പതിവ്. പെൺകുട്ടികൾ എല്ലാവരും ഇന്ന് സ്കൂളിൽ പോകാറുണ്ട്. "പഹൽ" ട്രെയിനിംഗ് തന്നെയാണ് ഈ മാറ്റത്തിന് കാരണം. ഇനി "പഹൽ" ഇല്ലെങ്കിലും ഞങ്ങൾക്ക് മുന്നോട്ടു പോകാനാകും. ഉള്ളിൽ അത്രക്ക് കരുത്തു നേടിക്കഴിഞ്ഞു." സ്വന്തം കാലിൽ നിൽക്കാമെന്ന ആത്മവിശ്വാസം പ്രകടിപ്പിച്ച പ്രഭാദേവി തങ്ങളാരും കൈക്കൂലി വാങ്ങുകയോ അങ്ങിനെ ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുകയോ ചെയ്യില്ലെന്ന് കട്ടായം പറയുന്നു:

"അങ്ങനെ ചെയ്താൽ അടുത്ത പ്രാവശ്യം ജയിക്കാനാവില്ല എന്നുറപ്പാണ്. ഇത് ബീഹാറിലെ സ്ത്രീകൾക്ക് കിട്ടിയ ഭാഗ്യാവസരമാണ്. ഇവിടുത്തെ സ്ത്രീകൾ എത്ര പിന്നിലായിരുന്നുവെന്ന് നിങ്ങൾക്ക് ഊഹിക്കാൻ പറ്റില്ല. ആ അവിടെ നിന്ന് ആശുപത്രിയിൽ കൂടുതൽ നേരം സ്ത്രീരോഗികളെ പരിശോധിക്കുന്ന ഡോക്ടറെ സ്ഥലംമാറ്റുന്ന ഇടത്തേക്ക് വരെ ഞങ്ങൾക്ക് ശക്തി നേടാനായി."

പഹൽ പരിശീലനം വളരെയേറെ ലളിതവും സുതാര്യവുമാണ്. നിരക്ഷരരായ സ്ത്രീകൾക്കിടയിൽ അവർ ചെക്ക് ലിസ്റ്റുകൾ ഉണ്ടാക്കിക്കൊടുത്തത് ചിത്രങ്ങളുടെ സഹായത്തോടെയാണ്. ആശുപത്രിയിൽ എന്തൊക്കെ സൗകര്യങ്ങൾ വേണം, സ്കൂൾ എങ്ങനെയിരിക്കണം, അംഗൻവാടികൾ എങ്ങനെ പ്രവർത്തിക്കണം എന്നൊക്കെ അവർ സചിത്ര ചെക്ക്ലിസ്റ്റുകൾ ഉണ്ടാക്കി സ്ത്രീകൾക്ക് വിതരണം ചെയ്തു. സ്ത്രീകൾ അതുമായി ഓരോ സ്ഥാപനത്തിലും ചെന്നു. ആദ്യമൊക്കെ അദ്ധ്യാപകരും ആരോഗ്യപ്രവർത്തകരും അമ്പരന്നു. പഞ്ചായത്ത് മെമ്പർമാരെ ധിക്കരിക്കാനാവില്ലെന്ന് മനസ്സിലായതോടെ കാര്യങ്ങൾ നേരെചൊവ്വേ നടത്താൻ അവരും തയ്യാറായി. പുതിയ സ്ലേറ്റിൽ എഴുതുന്നതുപോലെയാണ് ഈ സ്ത്രീകൾ കാര്യങ്ങൾ ഉൾക്കൊള്ളുന്നത്. പഹൽ ട്രെയിനിംഗ് അവർ 100% ഉൾക്കൊള്ളുന്നു, 100% അതനുസരിച്ച് പ്രവർത്തിക്കുന്നു."

"പഹൽ ട്രെയിനിംഗ് സ്ത്രീകൾക്ക് മാത്രമാണ് നൽകുന്നത്. പുരുഷന്മാർക്ക് ട്രെയിനിംഗില്ല. ഇപ്പോൾ ഞങ്ങൾ പുരുഷന്മാർക്ക് കാര്യങ്ങൾ പറഞ്ഞുകൊടുക്കാറുണ്ട്, ട്രെയിനിംഗിലൂടെ അവരെക്കാൾ പ്രാപ്തി ഞങ്ങൾക്ക് കൈവന്നിട്ടുണ്ട്".

മുസഫർപൂരിലെ ഫഗാക്കൽ പഞ്ചായത്തിലെ ചൈലസ്യാദേവി പറയുന്നത് ഒരിക്കൽ തലയിലെ തട്ടം മാറ്റിയാൽ പിന്നീട് സ്ത്രീക്ക് മുന്നിൽ തടസ്സങ്ങളേയില്ല എന്നാണ്.

മണിപ്പൂർ, രാജസ്ഥാൻ ഉത്തർപ്രദേശിലെ ബിജനോർ പോലെയുള്ള ജില്ലകളിലെ ഉൾഗ്രാമങ്ങൾ ,തമിഴ്നാട്ടിലെ പല പല ഗ്രാമങ്ങൾ ഒക്കെ ഈ യാത്രയിൽ സ്ത്രീകരുത്തും, സ്ത്രീവിധേയത്വവുമായി പഞ്ചായത്തുകളിലെ സ്ത്രീ സംവരണത്തിന്റെ വ്യത്യസ്ത മുഖങ്ങൾ കാഴ്ചവച്ചു.നെഗറ്റീവും പോസിറ്റീവുമായ കാഴ്ചകൾ അനുഭവങ്ങൾ-പക്ഷെ, ഓരോ യാത്രയും എന്നെ ഒരു കാര്യം നിസ്സംശയം മനസ്സിലാക്കിച്ചു.സ്ത്രീഅധികാരത്തിനു തൽക്കാലം ഇതല്ലാതെ ഒരു മാർഗം ഇല്ല.പാറ പോലെ ഉറച്ച പുരുഷാധിപത്യത്തിനും പിതൃ അധീശത്വത്തിനും വെല്ലുവിളി ഉയർത്താൻ രാഷ്ട്രീയാധികാരമല്ലാതെ മറ്റെന്താണ് സഹായകമാവുക?

ചർച്ചാവിഷയം



ആർ. പാർവതി ദേവി




# വികസനം , അതിക്രമം, സ്ത്രീ

കേരളത്തിലെ സ്ത്രീസമൂഹം നേരിടുന്ന പ്രശ്നങ്ങൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേതിൽ നിന്നും വ്യത്യസ്തമാണ്. സാക്ഷരത, മാതൃമരണ നിരക്ക്, ശിശുമരണ നിരക്ക്, സ്ത്രീപുരുഷ അനുപാതം തുടങ്ങിയ മാനദണ്ഡങ്ങൾ സ്ത്രീക്ക് അനുകൂലം ആയിരിക്കുമ്പോഴും തൊഴിൽ, സുരക്ഷ , അധികാരം എന്നീ മേഖലകളിൽ കേരളസ്ത്രീ പിന്നാക്കം നിൽക്കുന്നു എന്നത് ഗൗരവമുള്ള വൈരുദ്ധ്യമാണ്. ഇതിനുള്ള പരിഹാരങ്ങളിൽ പ്രധാനം ലിംഗനീതിയെ വികസന പ്രശ്നമായി കണക്കിലെടുക്കുക എന്നത് തന്നെ ആണ്. അതിക്രമം വർധിച്ചു വരുമ്പോൾ അടിസ്ഥാനപരമായ പരിഹാരം എന്ത് എന്ന അന്വേഷണം ചെന്നെത്തുന്നത് ലിംഗനീതി ഉറപ്പു നൽകുന്ന വികസനത്തിൽ തന്നെ ആണ്. സ്ത്രീയുടെ അധികാരമില്ലായ്മയാണ് അവളുടെ അരക്ഷിതാവസ്ഥയുടെയും കാരണം. രാഷ്ട്രീയ, സാംസ്കാരിക, ഉത്പാദന, സാമ്പത്തിക മേഖലകളിൽ കേരളസ്ത്രീ അദൃശ്യയും കീഴാളയുമാണ്. തീരുമാനമെടുക്കലിന്റെ കുത്തക കേരളത്തിൽ പുരുഷനാണ്. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും സ്ഥാപനങ്ങളിലും അനുസരിക്കുക എന്ന പണി മാത്രമേ സ്ത്രീ ചെയ്യേണ്ടതായുള്ളൂ . അതിക്രമങ്ങൾ മാത്രമായി അടർത്തി മാറ്റി കളയാൻ ആവില്ല. അധികാരം തുല്യമായി പങ്കിടുമ്പോളെ സ്ത്രീയും ദളിതും ഉൾപ്പെടെ 'സുരക്ഷിതത്വം' അനുഭവിക്കൂ.

ഇതിനുള്ള ഒരു വഴിയാണ് ഭരണഘടനയുടെ 73, 74 ഭേദഗതിയിലൂടെ സ്ത്രീകൾക്ക് പ്രാദേശിക സർക്കാരുകളിൽ 50 % സംവരണം നൽകിയത് .കേരളത്തിൽ ദാരിദ്ര്യലഘൂകരണം എന്ന ലക്ഷ്യത്തോടെ തുടങ്ങിയ കുടംബശ്രീ ഈ മാറ്റത്തിനു ആക്കം കൂട്ടി. കൂടാതെ ജനകീയാസൂത്രണവും പദ്ധതി വിഹിതത്തിന്റെ 10% വനിതാ ഘടക പദ്ധതിക്കായി നീക്കി വെക്കാനുള്ള തീരുമാനവും ലിംഗനീതിയിലേക്കുള്ള പ്രയാണം വേഗത്തിലാക്കാൻ സഹായിക്കുന്നതാണ്.




എന്നാൽ ഇതുസംബന്ധിച്ച വിമർശനാത്മകമായ വിലയിരുത്തൽ അനിവാര്യമായിരിക്കുന്നു. മേൽ സൂചിപ്പിച്ച ഓരോ തീരുമാനവും പ്രതീക്ഷിച്ച രീതിയിൽ ഫലം ഉളവാക്കിയിട്ടില്ല എന്നതിന് കണക്കുകൾ തന്നെ ആണ് തെളിവ്. നിരവധി അനുകൂല ഘടകങ്ങൾ ഉണ്ടായിട്ടും സ്ത്രീശാക്തീകരണം കയ്യെത്താദൂരത്തു തന്നെ നിലനില്ക്കുന്നതിന്റെ കാരണം അന്വേഷിക്കുമ്പോൾ എത്തിച്ചേരാനാകുന്ന നിഗമനം നമ്മുടെ വികസന പ്രക്രിയയുടെ പുരുഷാധിപത്യരീതി തന്നെയാണെന്ന് കാണാം. വനിതാ ഘടക പദ്ധതി പ്രകാരം 10 % തുക സ്ത്രീകൾക്ക് മാറ്റി വെക്കുമ്പോൾ അത് ഏതു തരത്തിൽ വിനിയോഗിക്കണം എന്ന ധാരണ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. സ്ത്രീയെ ഒരു ഗുണഭോക്താവ് എന്ന നിലയിൽ മാത്രം കണ്ടു കൊണ്ട് അവളുടെ ദൈനംദിന ജീവിതാവശ്യങ്ങൾ നേടി കൊടുക്കുക എന്ന ചിന്ത ഉണ്ടാകുന്നതു സ്വാഭാവികമാണ്. കക്കൂസ് , വാഴ , കോഴി തുടങ്ങിയവ അനുവദിച്ചു കൊണ്ട് വനിതാ ഘടക പദ്ധതി തുക ചിലവഴിക്കുകയാണ് ഇക്കാലങ്ങളിൽ ചെയ്തു വന്നത്. അപൂർവമായി മറ്റു തരത്തിൽ ഉണ്ടായിട്ടില്ല എന്നല്ല. എന്നാൽ നിലവിലുണ്ടായിരുന്ന മാർഗരേഖ ലിംഗനീതിയെക്കുറിച്ചുള്ള കാഴ്ചപ്പാട് ഉണ്ടാക്കുവാൻ സഹായകമല്ലാത്തതാണ് പ്രധാന പ്രശ്നം .

സ്ത്രീപദവി ഉയർത്തുവാൻ പര്യാപ്തമായ പദ്ധതികൾക്ക് രൂപം നല്കാൻ മാർഗരേഖ സഹായകമായില്ല എന്ന് വേണം കരുതാൻ . സ്ത്രീകളെ വികസന പ്രക്രിയയിൽ പങ്കാളികൾ ആക്കി മാത്രമേ മാറ്റം സാദ്ധ്യമാകൂ. എന്നാൽ സ്ത്രീകൾക്ക് ഇത്തരത്തിൽ മുഖ്യധാരയിലേക്കു സ്വയം വരാൻ കഴിയാത്ത തരത്തിൽ പുരുഷാധിപത്യം അതീവ ദൃഢമാണെന്ന് വ്യക്തമാണ്. പൊതുഇടങ്ങൾ അരക്ഷിതമായിരിക്കുന്നതിനും കുടുംബത്തിന്റെ ജനാധിപത്യമില്ലായ്മക്കും കാരണം മറ്റൊന്നല്ല. പ്രാദേശിക വികസനം സ്ത്രീ സൗഹാർദപരമാകുകയും വനിതാ ഘടക പദ്ധതി സ്ത്രീ ജീവിതത്തെ അടിസ്ഥാനപരമായി മാറ്റുകയും വേണം. പുതിയ മാർഗരേഖ പ്രതീക്ഷ നൽകുന്നു.

അക്കാദമിക പണ്ഡിതർ , സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സംഘടനകൾ, വ്യക്തികൾ എന്നിവരുടെ സഹായവും മേൽനോട്ടവും പിന്തുണയും ഉണ്ടെങ്കിലേ ഇക്കാര്യങ്ങൾ പ്രയോഗതലത്തിൽ എത്തിക്കാൻ കഴിയൂ. കിലയിൽ ഒരു ജെൻഡർ സ്കൂൾ ഉണ്ടാകണം. കിലയുടെ പരിശീലനം ആകെ ഉടച്ചു വാർത്തു കൊണ്ട് മാത്രമേ സ്ത്രീ സൗഹാർദ പഞ്ചായത്ത് എന്ന സ്വപ്നം നേടാനാകൂ. പുതിയ മാർഗരേഖ പ്രകാരം വ്യക്തമായ കാഴ്ചപ്പാടോടെ സ്ത്രീ സൗഹൃദ വികസനം പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്താൽ മാത്രമേ ജനാധിപത്യം പൂർണമാകൂ.





# കുടുംബശ്രീ സംഘടനാ സംവിധാനവും ജനകീയാസൂത്രണ പ്രവർത്തനങ്ങളും



സോയ

വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുടെയും ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെയും ഭാഗമായാണ് കുടുംബശ്രീ കേരളത്തിൽ ഉത്ഭവിക്കുന്നത്. 1996 ൽ കേരളത്തിൽ നടന്ന ജനകീയാസൂത്രണ ക്യാമ്പയ്ൻ അധികാരം പ്രാദേശിക സർക്കാറുകളിലേയ്ക്ക് വികേന്ദ്രീകരിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകുകയും ചെയ്തു. ഇതിന്റെ ഭാഗമായി പ്രാദേശിക സർക്കാറുകളിൽ വനിതാഘടക പദ്ധതി രൂപീകരണവും നടന്നു. ജനകീയാസൂത്രണത്തിൽ ഗ്രാമസഭകളുടെ ഉപഘടകമായി കുടുംബശ്രീ അയൽക്കൂട്ടം എന്ന ആശയം രൂപം കൊണ്ടു. 1996–2001 കാലത്തെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ സ്ത്രീകളുടെ ഏറ്റവും വലിയ സാമൂഹ്യ സംഘടനാ സംവിധാനമായ കുടുംബശ്രീ രൂപീകരണത്തിന് മുഖ്യ സ്വാധീനമായി. 1998 മെയ് 17 ന് മലപ്പുറത്ത് കുടുംബശ്രീ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

ജനകീയാസൂത്രണ പ്രക്രിയയിൽ മികവ് പുലർത്തിയ 250 ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും കുടുംബശ്രീ പഞ്ചായത്തുകളായി അവയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. 1990 കളിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിലും മലപ്പുറത്തും നിലവിൽ വന്ന സ്വയംസഹായ സംഘ മാതൃകകളാണ് കുടുംബശ്രീ അയൽക്കൂട്ടങ്ങളായി പരിണമിച്ചത്. കേരള സർക്കാരിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായി കുടുംബശ്രീയെ കേരളത്തി ലെ മുഴുവൻ ജില്ലകളിലും വ്യപിപ്പിക്കുന്നതിനും 50% ത്തിൽ അധികം കുടുംബങ്ങളുടെ പ്രാതിനിധ്യം ഈ ശ്യംഖലയിൽ കണ്ണികളാക്കുന്നതിനും സാധിച്ചു.

2000-2002 കാലയളവിൽ മിക്കവാറും പഞ്ചായത്തുകളിലേയ്ക്ക് കുടുംബശ്രീ സംവിധാനത്തെ വ്യാപിപ്പിക്കുകയും ത്രിതല സാമൂഹ്യ സംഘടനസംവിധാനം എന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സി.ഡി.എസ്സുകൾ രൂപീകരിക്കുകയും ചെയ്തു. പ്രാദേശികാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട

**കേരള സർക്കാരിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായി കുടുംബശ്രീയെ കേരളത്തി ലെ മുഴുവൻ ജില്ലകളിലും വ്യപിപ്പിക്കുന്നതിനും 50% ത്തിൽ അധികം കുടുംബങ്ങളുടെ പ്രാതിനിധ്യം ഈ ശ്യംഖലയിൽ കണ്ണികളാക്കുന്നതിനും സാധിച്ചു.**

സംഘടനാ സംവിധാനത്തിന്റെ സ്വയം പര്യാപ്തതയും അധികാര സ്വാതന്ത്ര്യവും ഉറപ്പാക്കുന്നതിനായി പല മാർഗ്ഗങ്ങളും അവലംബിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് സി.ഡി.എസ് സംവിധാനങ്ങൾക്ക് മാതൃക ബൈലോ ഉണ്ടാക്കി, പഞ്ചായത്ത്തല സി.ഡി.എസുകൾ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു. നഗര



സി.ഡി.എസുകളുടെയും കുടുംബശ്രീ സംവിധാനത്തിൽ ഉൾപ്പെടുത്തി, സർക്കാരിന്റേയോ സർക്കാർ ഏജൻസികളുടെയോ നേതൃത്വത്തിലുള്ള സ്വയംസഹായ സംഘങ്ങളെ സി.ഡി.എസ് സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവന്നു. ഏറ്റവും താഴെത്തട്ടിൽ അയൽക്കൂട്ടങ്ങൾ, വാർഡ്തലത്തിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി (എ.ഡി.എസ്) പ്രാദേശിക ഗവൺമെന്റ് തലത്തിൽ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്) എന്നിങ്ങനെ കുടുംബശ്രീ ത്രിതല സംഘടനാസംവിധാനത്തെ രൂപപ്പെടുത്തി. പ്രാദേശിക സർക്കാരിനോടൊപ്പം ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലും, പ്രാദേശിക വികസനപ്രക്രിയയിലും ഏർപ്പെടുന്നതിനുള്ള ഒരു ഏകോപനവേദി ആയും ഈ സംവിധാനത്തെ കാണാനാകും. ത്രിതല പഞ്ചായത്ത് രാജ് സംവിധാനവും കുടുംബശ്രീയും തമ്മിലുള്ള ഏകോപനം, എന്നത് സ്ഥാപനങ്ങൾ, പരിപാടികൾ, വിഭവങ്ങൾ എന്നിവയുടെയെല്ലാം പങ്കിടൽ ഏകോപനത്തിലൂടെ ലക്ഷ്യമിടുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനത്തിൽ അംഗങ്ങളുടെ സാമ്പത്തിക സാമൂഹ്യവികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ കേന്ദ്രബിന്ദുവായി. സൂക്ഷ്മസംരംഭങ്ങൾ രൂപീകരിക്കുന്നതിനാവശ്യമായ ധനസഹായം നൽകുകയും തുടർന്ന് ഗ്രേഡിംഗും ലിങ്കേജും ഏർപ്പെടുത്തി വായ്പകൾ അനുവദിച്ചു. സാമ്പത്തിക ശാകതീകരണ പ്രവർത്തനങ്ങൾ പ്രാദേശിക സാമ്പത്തിക വികസനത്തിനും സ്ത്രീ ശാക്തീകരണത്തിനും അനിവാര്യമാണ് എന്നതിനാൽ സാമൂഹ്യ വികസനപ്രവർത്തനങ്ങൾ സ്ത്രീ ശാക്തീകരണ പരിപാടികൾ എന്നിവയും ഉൾച്ചേർക്കപ്പെട്ടു.

സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അരക്ഷിതാവസ്ഥകളെ നേരിടുന്നതിനായി പ്രാദേശിക സർക്കാരുകളോടുചേർന്ന് അഗതികൾക്കായുള്ള ആശ്രയ പദ്ധതി, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂൾ, കുട്ടികളുടെ വികസനത്തിനായി ബാലസഭകളും അനുബന്ധിത പ്രവർത്തനങ്ങളും, ആദിവാസി-തീരദേശ മേഖലകളിലെ പ്രത്യേക ഇടപെടലുകൾ എന്നിവയും രൂപപ്പെട്ടു. എന്നാൽ സൂക്ഷ്മ സംരംഭങ്ങളിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് പൂർണ്ണ സംരംഭകരായി മാറാൻ ആവശ്യമായ സമയവും അവസരവും ലഭിക്കാത്തതും കുടുംബത്തിലും സമൂഹത്തിലും അവരുടെ പദവിയിൽ മാറ്റം ഉണ്ടാക്കാത്തതും കുടുംബശ്രീ സ്ത്രീകൾ സംഘടനയുടെ പ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങുകയും ചെയ്യപ്പെട്ടിരുന്നു. ഈ പശ്ചാത്തലത്തിൽ പതിനൊന്നാം പദ്ധതി കാലയളവിൽ കുടുംബശ്രീ സംഘടനാസംവിധാനത്തിൽ സ്ത്രീ പദവി സ്വയംപഠന പരിപാടിക്ക് രൂപം നൽകി. സ്ത്രീശാക്തീകരണ അവബോധത്തിലൂടെ കുടുംബശ്രീ സംഘടനയുടെ ശാക്തീകരണം പൊതുമണ്ഡലത്തിൽ സ്ത്രീകളുടെ ഇടങ്ങളും അവസരങ്ങളും സൃഷ്ടിക്കുക, പ്രാദേശിക വികസനപ്രവർത്തനങ്ങളിൽ സ്ത്രീകളുടെ അർത്ഥപൂർണ്ണമായ പ്രാതിനിധ്യം ഉണ്ടാക്കുക - എന്നിവയെല്ലാം ഈ പഠന പരിപാടിയുടെ മുഖ്യ ലക്ഷ്യങ്ങളാണ്. ഇതിന്റെ തുടർച്ചയായി അതിക്രമങ്ങളെ പ്രതിരോധിക്കുക, അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്കുള്ള പിന്തുണാസംവിധാനം, സ്ത്രീപദവിയിലും പ്രാപ്തിയിലും പരിവർത്തനം സംഭവിക്കുന്നതിനുള്ള പ്രവർത്തന പരിപാടികളും നടപ്പിലാക്കുന്നു.

42 ലക്ഷം സ്ത്രീകൾ കുടുംബശ്രീ ശൃംഖലയിലെ അംഗങ്ങളാകുകയും, സമൂഹത്തിലെ വിവിധ മേഖലകളിൽ പ്രാദേശിക സർക്കാരിനോടും മറ്റ് വകുപ്പുകളോടും ചേർന്ന് ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. കേരളത്തിൽ കുടുംബശ്രീ സംഘടനാസംവിധാനം സർക്കാരിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായി വ്യാപിപ്പിച്ചിട്ട് ഇപ്പോൾ 19 വർഷം പൂർത്തിയാകുന്നു. സാമൂഹ്യ സാമ്പത്തിക-സാംസ്ക്കാരിക മേഖലകളിൽ കുടുംബശ്രീയുടെ സ്വാധീനവും കേരളത്തിലെ സ്ത്രീകൾക്ക് പൊതുമണ്ഡലത്തിലും വികസനപ്രക്രിയയിലും ഇടം സൃഷ്ടിക്കുന്നതിലും കുടുംബശ്രീയുടെ സ്വാധീനം വിലയിരുത്തപ്പെടേണ്ടതാണ്. വിവിധ നൈപുണ്യവികസന പരിപാടികളിലൂടെ സൂക്ഷ്മസംരംഭങ്ങളിലൂടെയും മറ്റ് തൊഴിൽ മേഖലകളിലെ ഉൾപ്പെടലുകളിലൂടെയും (വ്യവസ്ഥാപിത മേഖലകൾക്കപ്പുറം) സാമ്പത്തികമായി സ്വയം പര്യാപ്തരാകുന്ന സ്ത്രീകളുടെ എണ്ണവും വളരെയാണ്. ഇത് സ്ത്രീകളുടെ പദവിയിലും പുരുഷകേന്ദ്രീകൃത കുടുംബ-സാമൂഹിക വ്യവസ്ഥയിലും മാറ്റം വന്നിട്ടുണ്ടോ എന്നും വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.

ഉപ്പും മുളകും


ഗീത

# വീണ്ടും പടിഞ്ഞാറ്റുംമുറി

രണ്ടു പതിറ്റാണ്ടു മുമ്പ് ഒരമ്മയെയും മകളെയും മൊട്ടയടിച്ച പ്രദേശമാണ് പടിഞ്ഞാറ്റും മുറി. അവർ വേശ്യകളാണെന്നായിരുന്നു നാട്ടുകാർ പറഞ്ഞത് . കൂട്ടത്തിൽ തിരിച്ചറിയാനായിരുന്നുവത്രെ മൊട്ടയടിച്ചത്! അവർക്ക് എയിഡ് സോ മറ്റോ ഉണ്ടെങ്കിൽ തിരിച്ചറിയുകയുമാവാം. ഇനിയഥവാ അവർ വേശ്യകൾ ആണെങ്കിൽ അവരെ വേശ്യകളാക്കിയവർ തന്നെയാണ് ആ പാവം പെണ്ണുങ്ങളെ മൊട്ടയടിച്ച് സമൂഹത്തിൽ ഒറ്റപ്പെടുത്തിയത്.

തുടർന്ന് സ്ത്രീകളുടെ ഒരു വലിയ പ്രതിഷേധക്കൂട്ടായ്മ അവിടെ സംഘടിപ്പിക്കപ്പെട്ടു. വലിയ ജനരോഷമിരമ്പി. ഇതിനേത്തുടർന്ന് വേശ്യാവൃത്തി, മൊട്ടയടിക്കൽ, പുരുഷന്റെ എയിഡ്സ് രോഗബാധ എന്നിങ്ങനെ പല പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടു. മൊട്ടയടിക്കപ്പെട്ട സ്ത്രീകൾ അപമാനിതരായി, സ്ത്രീ സമൂഹം പൊതുവായും അപമാനിതരായി. പക്ഷേ സമൂഹത്തിലെ പൊതുബോധത്തെ നവീകരിക്കുകയും തിരുത്തുകയും ചെയ്യുന്ന മട്ടിലുള്ള ചർച്ചകൾ അതേത്തുടർന്നു വികസിക്കുകയുണ്ടായി.

അതേ പടിഞ്ഞാറ്റും മുറിയിൽ നിന്നാണിപ്പോൾ പുതിയ വാർത്ത പുറത്തു വന്നിരിക്കുന്നത്. 67 വയസുള്ള ഒരു വൃദ്ധ ബലാത്സംഗം ചെയ്യപ്പെട്ടിരിക്കുന്നു.

അവർ ഭർത്താവു മരിച്ച് ഒറ്റക്ക് ഒരു വീട്ടിൽ ജീവിക്കുന്ന സ്ത്രീയാണ്. അഞ്ചു പെൺമക്കളുണ്ട്. അവരെ വിവാഹം ചെയ്തയച്ചു കഴിഞ്ഞിരിക്കുന്നു. തൊട്ടയൽപക്ക വീടുകളിൽ പുറം പണിയെടുത്തും തൊഴിലുറപ്പിനു പോയുമാണവരുടെ ഉപജീവനം.

ഇതിനിടയിലേക്കാണ് അയൽപക്കത്തെ ചെറുപ്പക്കാരൻ വെള്ളം ചോദിച്ച് അവരുടെ വീട്ടിലേക്കു വന്നത്. അവന് തന്റെ പേരക്കുട്ടികളുടെ പ്രായം മാത്രമേയുള്ളൂവെന്നും അവന്റെ വിവാഹത്തിന് താനും ഭർത്താവും പങ്കെടുത്തിട്ടുണ്ടെന്നും പറയുമ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. വെള്ളം കുടിച്ച ശേഷം അവൻ അവരോടാവശ്യപ്പെട്ടത് തന്നോട് അല്പനേരമിരുന്ന് സംസാരിക്കാനാണ്. അവർക്കാകട്ടെ അലക്കിക്കഴിഞ്ഞ് കുറച്ചകലെയുള്ള വീട്ടിൽ പുറംപണിക്കു പോകണമായിരുന്നു (മുറ്റം അടിക്കലും പാത്രം കഴുകലും). അതുകൊണ്ട് സംസാരിച്ചിരിക്കാനൊന്നും തനിക്കു നേരമില്ലെന്ന് അവരവ നോട് അനുസരണക്കേട് കാണിച്ചു

ഏതു പ്രായത്തിലുള്ള പുരുഷനോ ആകട്ടെ, അവന്റെ താല്പര്യങ്ങൾക്കു വിധേയപ്പെടാതിരുന്നാൽ ശിക്ഷിക്കപ്പെടുമെന്ന് പാവം അവർക്കറിയില്ലായിരുന്നു.

അന്നവൻ പോയെങ്കിലും തൊട്ടടുത്ത ദിവസങ്ങളിൽ തന്റെ സുഹൃത്തിനോടൊപ്പം അവൻ വന്നു. വെള്ളം ചോദിച്ചു. വാതില്ക്കൽ നിന്നിരുന്ന ഇവരെ സുഹൃത്ത് അകത്തേക്കു തള്ളി. സുഹൃത്ത് അവരുടെ വസ്ത്രമഴിച്ചു. 'പിന്നെ വേണ്ട വിധം അവനെന്നെ പല രീതിയിൽ ചെയ്തു. മറ്റവൻ നോക്കി നിന്നു. എനിക്ക് കൈയും കാലും വിറച്ച് മിണ്ടാൻ വയ്യാതായി. കരയാൻ തുടങ്ങിയപ്പോൾ വായ പൊത്തിപ്പിടിച്ച് ആരോടെങ്കിലും പറഞ്ഞാൽ മോളെ ഇവിടെക്കൊണ്ടുവന്ന് ഇങ്ങനെയൊക്കെ ചെയ്യുമെന്നു പറഞ്ഞു. എനിക്കു പേടിയായി. പോകുമ്പോൾ അവൻ പറഞ്ഞു 'എന്നോട് ഇത്തിരി നേരം ഇരുന്നു സംസാരിക്കാൻ പറഞ്ഞിട്ട് പറ്റില്ലെന്ന് പറഞ്ഞില്ലേ? ഇപ്പോൾ എന്തായി' എന്ന്. പേടിച്ചിട്ട് ആരോടും ഞാനൊന്നും പറഞ്ഞില്ല. എന്റെ മകളെ അവർ വല്ലതും ചെയ്താലോ "  മുത്തശ്ശിയുടെ പ്രായമുള്ള ഒരു സ്ത്രീയെ ക്രൂരമായി ബലാത്സംഗം ചെയ്യാൻ സുഹൃത്തിനെ കൂട്ടിക്കൊണ്ടുവരികയും അയാളതു ചെയ്യുന്നതു കണ്ടു നിന്നു രസിക്കുകയും ചെയ്യുന്ന മലയാളി പുരുഷാഹന്തയെപ്പറ്റി എന്തു പറയാൻ!

ബന്ധുക്കളോടൊപ്പം പരാതിയുമായി ഈ സ്ത്രീ മലപ്പുറം പോലീസ് സ്റ്റേഷനിലെത്തി. പതിവു പോലെ പ്രതികൾ ഒളിവിൽപ്പോയി, പോലീസിന് അവരെ പിടിക്കാൻ കിട്ടിയില്ല. ദിവസങ്ങൾക്കു ശേഷം അയൽക്കാരനെ കോടതിയിൽ കീഴടങ്ങാൻ വന്നപ്പോൾ പോലീസ് അറസ്റ്റു ചെയ്തു. എന്തായാലും കോടതിയിൽ കീഴടങ്ങാനുള്ള സമ്മർദ്ദമുണ്ടാക്കാൻ പോലീസിനു കഴിഞ്ഞു. പക്ഷേ ബലാത്സംഗിയെ ഇതെഴുതുന്ന ഈ നിമിഷം വരെ പിടികൂടാൻ പോലീസിന് സാധിച്ചിട്ടില്ല എന്നത് ലജ്ജാകരമാണ്.

ഇവർ രണ്ടു പേരിൽ ആരുടെയും കുറ്റം ലഘുവല്ല . വൃദ്ധയുടെ ബലാത്സംഗത്തിനു പ്രേരണയാവുകയും പ്രതികാരബുദ്ധിയോടെ  അതു കണ്ടു നിന്നു രസിക്കുകയും ചെയ്തവനുള്ള ശിക്ഷ ബലാസംഗം ചെയ്തവനുള്ള ശിക്ഷ തന്നെയായിരിക്കണമെന്ന് പെണ്ണുങ്ങൾ ആവശ്യപ്പെടേണ്ടിയിരിക്കുന്നു. കാരണം പെണ്ണിനെപ്പറ്റിയുള്ള ആൺബോധത്തിന്റെ മൂർത്തി മദ്ഭാവമാണ് ബലാത്സംഗം ചെയ്തവനേക്കാൾ അതിനു പ്രേരണയും കാഴ്ചക്കാരനുമായ അയൽക്കാരൻ.

ഈ വാർത്ത വരുന്നതിനു ഏതാനും ദിവസം മുമ്പ് കുളത്തൂർ ഭാഗത്ത് 78 വയസായ ഒരു വൃദ്ധ ക്രൂരമായി ബലാത്സംഗം ചെയ്യപ്പെട്ടിരുന്നു. അവരൊറ്റക്കുള്ള സമയത്ത് അയൽക്കാരൻ ചെന്ന് ഇത്തിരി നേരം സംസാരിച്ചിരിക്കണമെന്നാവശ്യപ്പെട്ടുവത്രെ. പേരക്കുട്ടിക്ക് കഴിക്കാൻ എന്തോ ഉണ്ടാക്കുന്ന തിരക്കിലായതിനാൽ അവരതു നിഷേധിച്ചു. ആ അനുസരണക്കേടിനു ശിക്ഷയായിരുന്നുവത്രെ അവന്റെ ബലാത്സംഗം. മുറിവേറ്റ വൃദ്ധ ആശുപത്രിയിലാക്കുന്നു. പ്രതി അറസ്റ്റിലായി. പക്ഷെ രസകരമായ മറ്റൊന്നു സംഭവിച്ചു. ഇയാൾ നിരപരാധി ആണെന്നും അയാളല്ല ബലാത്സംഗം ചെയ്തതെന്നും അതിനാൽ അയാളെ വിട്ടയക്കണമെന്നുമുള്ള മാസ് പെറ്റിഷനുമായി നാട്ടുകാരിൽ ചിലർ പോലീസ് സ്റ്റേഷനിൽ എത്തിയത്രെ.

നോക്കൂ എവിടെയെത്തിയിരിക്കുന്നു മലയാളി പുരുഷൻ എന്ന്!

ഇങ്ങനെയിതു പറയുമ്പോൾ അടച്ചാക്ഷേപിക്കുകയാണെന്നു തോന്നാം. പക്ഷേ അനുഭവിച്ച സ്ത്രീകൾ മേൽ സൂചിപ്പിച്ച രണ്ടു വൃദ്ധകൾ മാത്രമല്ല. ഇത്തരമൊരവസ്ഥ അരക്ഷിതരാക്കിയ വീട്ടിൽ ഒറ്റക്കിരിക്കേണ്ടി വരുന്ന ഏതു സ്ത്രീയുമാണ്. സ്വന്തം വീടിനുള്ളിൽ പകൽനേരത്ത് ഏതു പ്രായത്തിലും ആക്രമിക്കപ്പെടാം എന്ന ഭീതി പെണ്ണിന്റെ മാനസിക രോഗമല്ല. അവൾ യഥാർഥത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന ദുരന്ത യാഥാർഥ്യമാണ്.

ഈ സംഭവത്തോടുള്ള സ്വന്തം പ്രതികരണം സ്ത്രീ പ്രവർത്തകരും സ്ത്രീ സംഘടനകളും സ്വയം വിമർശനപരമായി പരിശോധിക്കേണ്ടതുണ്ടെന്നു ഞാൻ കരുതുന്നു. പ്രതിപക്ഷത്തായതു കൊണ്ടു മാത്രം മഹിളാ കോൺഗ്രസ് നടത്തിയ പോലീസ് സ്റ്റേഷൻ മാർച്ചൊഴികെ സംഘടനാപരമായി സ്ത്രീകളുടെ ഇടപെടലുകൾ ഈ സംഭവത്തിൽ നടന്നിട്ടില്ലെന്നു തന്നെ പറയാം. ഒറ്റപ്പെട്ട സ്ത്രീകൾ സംഭവസ്ഥലം സന്ദർശിക്കുകയും വൃദ്ധയുമായി സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലപ്പുറം ഇരുപതു കൊല്ലം മുമ്പ് സ്ത്രീകൾക്കു സംഘടിപ്പിക്കാൻ സാധിച്ച ആ വലിയ പ്രതിഷേധക്കൂട്ടായ്മ പോലൊന്ന് ഇക്കാര്യത്തിൽ പടിഞ്ഞാറ്റും മുറിയിൽ നടക്കുകയുണ്ടായില്ല. ആരാണ് നമ്മളെ തടഞ്ഞത്? ഉത്തരം കണ്ടെത്തേണ്ടത് സ്ത്രീകൾ തന്നെയാണ്.

---

**കവിത**



**ഭദ്ര**

# ചെവികൾ

ചെവികളിൽ
ആൺചെവികളും പെൺചെവികളുമുണ്ട്
ആൺചെവികൾക്ക് കതകുണ്ടാകും
കുറ്റിയും പൂട്ടുമുണ്ടാകും
അകത്ത് കയറണമെങ്കിൽ
അടച്ചിട്ട കതകിൽ മുട്ടിവിളിക്കണം
സമയവും അസമയവും നോക്കണം
താത്പര്യമനുസരിച്ചു മാത്രം
വാതിൽ തുറക്കപ്പെടും

പെൺചെവികൾക്കാണെങ്കിലോ
കതകുകളുണ്ടാവുകയില്ല.
കുറ്റിയോ പൂട്ടോ ഉണ്ടാകില്ല.
അകത്തുകയറാനായിട്ട്
മുട്ടി വിളിക്കേണ്ടതില്ല.
സമയവും അസമയവും
നോക്കേണ്ടതില്ല.
കാട്ടാനകളും കരടികളും ചെന്നായ്ക്കളും
പെരുകിവരുന്നൊരീനാട്ടിൽ
പുരയ്ക്ക് വാതിൽ വേണം
കുറ്റി വേണം പൂട്ട് വേണം
എന്നാൽ പെൺചെവികൾക്ക് വാതിലുണ്ടായാൽ
കൊടുങ്കാറ്റ്  വീശും
പേമാരി പെയ്യും.

# ജനാധിപത്യം, വികസനം- പ്രാദേശികതലത്തിൽ-



ഏലിയാമ്മ വിജയൻ

## ലിംഗ പദവി കാഴ്ചപ്പാടിൽ ഒരു പുനർ വിചിന്തനം




### തദ്ദേശ ഭരണപ്രക്രിയയിൽ സ്ത്രീകളുടെ കർത്തൃത്വം: സമസ്യകളും വെല്ലുവിളികളും

ആമുഖം

73, 74 ഭരണഘടന ഭേദഗതിക്ക് ശേഷമുള്ള അഞ്ചാമത്തെ തെരഞ്ഞെടുപ്പ് അടുത്തവർശം (2015) നടക്കാൻ പോവുകയാണ്. 2010 ൽ തദ്ദേശഭരണരംഗത്തേക്കുള്ള സ്ത്രീസംവരണം അമ്പതുശതമാനമാക്കി ഉയർത്തി. കേരള രാഷ്ട്രീയത്തിൽ ആദ്യമായി 11458 സ്ത്രീകൾ (52%) ഭരണരംഗത്തുണ്ടായിരുന്ന ചരിത്രവർഷങ്ങളാണ് നാം പിന്നിട്ടുകൊണ്ടിരിക്കുന്നത്.

വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയ ആരംഭിക്കുമ്പോൾ തന്നെ  ലിംഗനീതി പരിഗണന ബോധപൂർവ്വം ഉൾചേർക്കപ്പെട്ടിരിക്കുന്നു. സ്ത്രീ പദവി പഠനം, ലിംഗപദവി മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്കായി വനിതാഘടകപദ്ധതി, ജാഗ്രതാസമിതികൾ, സ്വയം സഹായസംഘങ്ങൾ, തൊഴിൽ നൈപുണ്യ പരിശീലനവും പരിപാടികളും എന്നിങ്ങനെ സ്ത്രീപങ്കാളിത്തം ഉറപ്പാക്കാനുള്ള സമീപനങ്ങളും നടപടികളും ഉണ്ടായി.

ഈ മാറ്റങ്ങൾക്കെല്ലാം തുടക്കം കുറിച്ച തദ്ദേശഭരണത്തിന്റെ നാലാമത്തെ ഘട്ടം അവസാനിക്കാവുന്ന ഈ അവസരം ഒരു പുനർവിചിന്തനം നടത്താനുള്ള അനുയോജ്യമായ സമയമാണ്. ഈ സെമിനാറിലും ചർച്ചകളിലും ലിംഗപദവി കാഴ്ചപ്പാടിന്റെ തലത്തിൽ നിന്നുകൊണ്ടുള്ള ഒരു അവലോകനാണ് ഉദ്ദേശിക്കുന്നത്.

കേരളം, ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണെന്നും സാമൂഹിക മാനുഷ്യ വികസന രംഗത്ത് നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് എന്നഭിമാനിക്കുമ്പോഴും ആൺകോയ്മ മൂല്യങ്ങൾ ആഴങ്ങൾ വേരൂന്നിയിട്ടുള്ള സാമൂഹിക പശ്ചാത്തലമാണ് നിലനിൽക്കുന്നത് എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട് എന്ന് തോന്നുന്നില്ല. ഇങ്ങിനെയുള്ള ഒരു പശ്ചാത്തലത്തിൽ സംവരണത്തിലൂടെ രാഷ്ട്രീയക്കാരായി മാറിയ ആയിരക്കണക്കിന് സ്ത്രീകൾ എങ്ങനെ ഭരണവും അധികാരവും

കൈകാര്യം ചെയ്യുന്നത് എന്ന അന്വേഷണം ഏറെ പ്രസക്തമാണ്. ജനാധിപത്യത്തിന്റെ പൂർണ്ണത എല്ലാ ജനവിഭാഗങ്ങളുടെയും സജീവ ഉൾപ്പെടലും പങ്കാളിത്തവുമാണ്. ആ അർത്ഥത്തിൽ, പകുതിയിൽ കൂടുതൽ ജനപ്രതിനിധികൾ സ്ത്രീകളായിരിക്കുന്നത്. ഗുണപരമായ മാറ്റങ്ങൾ തുടക്കം കുറിക്കാൻ ഇടയാക്കിയിട്ടുണ്ടോ എന്നതാണ് അന്വേഷിക്കുന്നത്. പ്രാദേശിക രാഷ്ട്രീയ-സാമൂഹ്യരംഗത്ത് ഇന്ന് കാണുന്ന സ്ത്രീകളുടെ ദൃശ്യത, കേരള സമൂഹത്തിൽ രാഷ്ട്രീയപാർട്ടികളിലും ഭരണസംവിധാനങ്ങളിലും ലിംഗനീതികളെക്കുറിച്ചുള്ള പരിഗണന വർദ്ധിക്കാൻ ഇടായാകുന്നുണ്ടോ? ഇത് സ്ത്രീകളുടെ തന്നെ പദവി മെച്ചപ്പെടുത്താൻ സഹായിച്ചോ തുടങ്ങിയ ചോദ്യങ്ങൾ ഉയർത്തേണ്ടുന്ന സമയമായിരിക്കുന്നു.

ജനകീയാസൂത്രണത്തിന്റെ തുടക്കം മുതൽ പഞ്ചായത്തുകളുമായി അടുത്തിടപഴകിയും പ്രവർത്തിച്ചുമുള്ള പരിചയം, വനിതാപ്രതിനിധികളുടെ പരിശീലങ്ങൾ നടത്തിയും അവരെ ശൃംഖലയുടെ ഭാഗമാക്കാൻ ശ്രമിച്ചും ഉള്ള അനുഭവങ്ങൾ ഇവയുടെ അടിസ്ഥാനത്തിൽ ചില നിഗമനങ്ങളിലും അനുമാനങ്ങളിലും എത്തിച്ചേരുകയുണ്ടായി. അവയെ ഒന്നു കൂടി വ്യക്തമാക്കാൻ ഒരു പഠനവും നടത്തി. വളരെ ചുരുങ്ങിയ സമയം കൊണ്ട് അറുപതിൽപരം വനിതാജനപ്രതിനിധികളുമായി സഖി പ്രവർത്തകർ നടത്തിയ അഭിമുഖം , ഗ്രൂപ്പ് ചർച്ച എന്നിവയിലൂടെയും മറ്റു പല പഠനങ്ങളിലൂടെയും ലഭിച്ച വിവരങ്ങളാണ് ഈ പേപ്പറിന് അടിസ്ഥാനമാക്കിയിരിക്കുന്നത്.

ചർച്ചക്കും വിശദമായ പഠനത്തിനും വേണ്ടി ഇതിലൂടെ മുമ്പോട്ട് വെക്കുന്ന പ്രമേയങ്ങൾ പ്രധാനമായും ഇവയാണ്.

സംവരണം വഴി രാഷ്ട്രീയരംഗത്ത് പ്രവേശിച്ച ഭൂരിഭാഗം സ്ത്രീകൾക്കും കർത്തൃത്വം ഏറ്റെടുക്കാവുന്നില്ല.

അവർക്ക് ഉപരിഘടകങ്ങളിലേക്കുള്ള ഉയർച്ചയും ഉണ്ടാവുന്നില്ല. അവർ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയപാർട്ടികൾക്കോ പ്രസ്ഥാനങ്ങൾക്കോ ഇവരുടെ രാഷ്ട്രീയമായ വളർച്ചയും ശാക്തീകരണവും ഒരു മുൻഗണനയാകുന്നില്ല. ഇതോടൊപ്പം ഉയർത്തുന്ന മറ്റു ചോദ്യങ്ങൾ, പഞ്ചായത്ത് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഭരണഘടനാപരമായി രൂപീകരിക്കപ്പെട്ട ഗ്രാമസഭകളുടെ നിലനിൽപ്പുതന്നെ സ്ത്രീകളുടെ പങ്കാളിത്തം കൊണ്ടാണ്. എന്നാൽ ഇത് എണ്ണത്തിൽ മാത്രമുള്ള പങ്കാളിത്തമാണ്. അതോ നയങ്ങളേയും തീരുമാനങ്ങളേയും സ്വാധീനിക്കത്തക്ക പങ്കാളിത്തമാണോ? ജാഗ്രതാസമിതിയുടെ രൂപീകരണവും നടത്തിപ്പുമായി ബന്ധപ്പെട്ട് 1996 ൽ മുതൽ സർക്കാർ ഉത്തരവുകൾ ഉണ്ട്. വനിതാകമ്മീഷന്റേയും മറ്റും ഇടപെടലുകളുണ്ടായിട്ടുണ്ട്. ജനപ്രതിനിധികളിൽ പകുതിയിലേറെ സ്ത്രീകളായിട്ടും എന്തുകൊണ്ട് ഇവ സജീവമാകുന്നില്ല.

**വനിതാ ജനപ്രതിനിധികളായി വരുന്നവരുടെ ആത്മവിശ്വാസവും സമൂഹത്തെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചുമുള്ള പരിജ്ഞാനവും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ 20 വർഷങ്ങൾ പിന്നീടാറായിട്ടും പ്രാദേശികതലത്തിൽ നിന്ന് സംസ്ഥാനഭരണത്തിലേക്കോ രാഷ്ട്രീയപാർട്ടികളുടെ ഉന്നതസമിതികളിലേക്കോ സ്ഥാനം ലഭിച്ചവർ ഇല്ല എന്നുതന്നെ പറയാം.**

വനിതാജനപ്രതിനിധികളുടെ പ്രവർത്തനാധികാരവും ശാക്തീകരണവുമാണ് ഈ പേപ്പറിൽ ചർച്ച ചെയ്യാനുദ്ദേശിക്കുന്നത്. തീർച്ചയായും തദ്ദേശഭരണസ്ഥാപനങ്ങളിലൂടെ സ്ത്രീകളുടെ രാഷ്ട്രീയ സാമൂഹികരംഗത്തുള്ള ദൃശ്യത വർദ്ധിച്ചിട്ടുണ്ട്. പൊതുഇടങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യവും ഇടപെടലുകളും വർദ്ധിച്ചിട്ടുണ്ട്. വനിതാ ജനപ്രതിനിധികളായി വരുന്നവരുടെ ആത്മവിശ്വാസവും സമൂഹത്തെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചുമുള്ള പരിജ്ഞാനവും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ 20 വർഷങ്ങൾ പിന്നിടാറായിട്ടും പ്രാദേശികതലത്തിൽ നിന്ന് സംസ്ഥാനഭരണത്തിലേക്കോ രാഷ്ട്രീയപാർട്ടികളുടെ ഉന്നതസമിതികളിലേക്കോ സ്ഥാനം ലഭിച്ചവർ ഇല്ല എന്നുതന്നെ പറയാം. വിരലിലെണ്ണാവുന്നവർ മാത്രമാണ് സംസ്ഥാനനിയമസഭയിലേക്ക് മത്സരിച്ചത്. രാഷ്ട്രീയ ചലനാത്മകതയുടെ ഈ നിഷേധം എന്തുകൊണ്ട് സംഭവിക്കുന്നു.

ഈ ചർച്ചയിൽ നമ്മൾ ഉപയോഗിക്കുന്ന ആശയങ്ങളും അവയുടെ പശ്ചാത്തലവും വ്യക്തമാക്കേണ്ടതുണ്ട്. എന്താണ് കർത്തൃത്വം, പ്രവർത്തനാധികാരം. അല്ലെങ്കിൽ ഏജൻസി?

സാമൂഹികസാമ്പത്തിക ശാസ്ത്രത്തിലും സ്ത്രീവാദചർച്ചകളിലും കഴിഞ്ഞ കുറെ വർഷങ്ങളായി ഉപയോഗിക്കപ്പെടുന്ന ആശയങ്ങളാണ് കർത്തൃത്വവും ശാക്തീകരണവും. ശാക്തീകരണം എന്ന പ്രയോഗം നമുക്ക് സുപരിചിതമാണ്. എന്നാൽ ശാക്തീകരണം ഒരു പ്രക്രിയയാണെങ്കിൽ അതിന്റെ അടിസ്ഥാനശിലകളാണ് 'ഏജൻസിയും സാധ്യതകളുടെ ഉപയോഗവും' ഏജൻസി എന്ന പദത്തെ കർത്തൃത്വം, കാര്യകർത്താവ്, പ്രവർത്തനാധികാരം ഉള്ള വ്യക്തി എന്നിങ്ങനെ പരിഭാഷപ്പെടുത്താം.

പ്രസിദ്ധ സാമ്പത്തികശാസ്ത്രജ്ഞനായ അമർത്യാസെന്നിന്റെ പല ലേഖനങ്ങളിലും

**കർത്തൃത്വത്തിന്റെ വിപുലീകരണമാണ് ശാക്തീകരണം. അതൊരു പ്രക്രിയയാണ്. തന്ത്രപരമായ തെരഞ്ഞെടുപ്പുകൾ നടത്താനുള്ള വ്യക്തികളുടെ കഴിവിന്റെ വിപുലീകരണം ആണത്. ശാക്തീകരണം നിഷേധിച്ചിരുന്ന അവസ്ഥയിൽ നിന്നും ശാക്തീകരിക്കപ്പെട്ടു എന്ന അവസ്ഥയിലെത്തണമെങ്കിലും കർത്തൃത്വം ആവശ്യമാണ്.**

അദ്ദേഹം മുമ്പോട്ടു വയ്ക്കുന്ന ആശയങ്ങളാണ് കർത്തൃത്വവും അവസരങ്ങളും സാദ്ധ്യതകളും ഉപയോഗിക്കാനുള്ള കഴിവും. നയിലാ കബീറിനെ പോലുള്ള ധാരാളം സ്ത്രീവാദഗവേഷകർ ഈ ആശയത്തെ അധീകരിച്ച് മറ്റ് പഠനങ്ങളും നടത്തിയിട്ടുണ്ട്.

ഇവിടെ നമ്മുടെ ചർച്ചക്ക് സഹായകരമായ ഏതാനും കാര്യങ്ങൾ ലളിതമായി അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്.

**കർത്തൃത്വം** – ഏത് സാഹചര്യത്തിലായാലും അവസരങ്ങളെ ഉപയോഗപ്പെടുത്തി ഫലപ്രദമായ തീരുമാനങ്ങളെടുക്കാനും അർത്ഥപൂർണ്ണമായ തെരഞ്ഞെടുപ്പുകൾ നടത്താനും സാധിക്കുകയും അവ വഴി തങ്ങൾ ഉദ്ദേശിക്കുന്ന പരിണിതഫലം കൈവരിക്കുകയും ചെയ്യുക എന്നതാണ് കർത്തൃത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. നല്ലത് അല്ലെങ്കിൽ ഗുണപ്രദമായത് എന്ത് എന്ന ഒരു വ്യക്തിയുടെ വിലയിരുത്തലിന്റെ വെളിച്ചത്തിൽ ആ വ്യക്തിക്ക് പ്രവർത്തിക്കാൻ കഴിയുമ്പോൾ അയാൾക്ക് കർത്തൃത്വം ഉണ്ട്. എന്ന് പറയാം. ഒരു വ്യക്തി മുമ്പോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങളെ നയിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നത് അയാളുടെ മൂല്യങ്ങളാണ് എന്നും സെൻ അടിവരയിട്ട് പറയുന്നുണ്ട്. ഒരു വ്യക്തി സ്വയം ബോധ്യപ്പെട്ട് രൂപപ്പെടുത്തുന്ന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്താൻ കഴിയുക എന്നതാണ് ഏജൻസി. വ്യക്തികൾ സ്വയം ഒരു പ്രവർത്തി തെരഞ്ഞെടുക്കുമ്പോൾ അതിലേക്ക് കൊണ്ടുവരുന്ന പ്രചോദനം ലക്ഷ്യബോധം ഇവയെല്ലാമാണ് അവരുടെ കർത്തൃത്വം അല്ലെങ്കിൽ ആന്തരിക ശക്തി സാമൂഹ്യശാസ്ത്രത്തിൽ സാധാരണയായി ഇതിനെ തീരുമാനമെടുക്കുന്ന പ്രക്രിയ എന്ന് വിശേഷിപ്പിക്കുന്നുണ്ടെങ്കിലും – വിലപേശൽ, കൂടിയാലോചന, തർക്കവിഷയമാക്കുക, പ്രതിരോധം എന്നിങ്ങനെ മറ്റ് പല രൂപങ്ങളും കൈവരിക്കുന്നുണ്ട്. മാത്രവുമല്ല വിചിന്തനങ്ങളും വിശകലനവും നടക്കുന്നുണ്ടാകാം.

കർത്തൃത്വത്തിന്റെ വിപുലീകരണമാണ് ശാക്തീകരണം. അതൊരു പ്രക്രിയയാണ്. തന്ത്രപരമായ തെരഞ്ഞെടുപ്പുകൾ നടത്താനുള്ള വ്യക്തികളുടെ കഴിവിന്റെ വിപുലീകരണം ആണത്. ശാക്തീകരണം നിഷേധിച്ചിരുന്ന അവസ്ഥയിൽ നിന്നും ശാക്തീകരിക്കപ്പെട്ടു എന്ന അവസ്ഥയിലെത്തണമെങ്കിലും കർത്തൃത്വം ആവശ്യമാണ്.

ഇതു കുറച്ചുകൂടി വിശദമാക്കാം. ഒരു വനിതാ ജനപ്രതിനിധിക്ക് രാഷ്ട്രീയ രംഗമെന്ന തന്റെ കർമ്മമണ്ഡലത്തിൽ ഫലപ്രദമായി പ്രവർത്തിക്കണമെങ്കിൽ ആത്മവിശ്വാസവും ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള അറിവും ഉണ്ടാകണം. തീരുമാനങ്ങളെടുക്കുന്ന പ്രക്രിയകളിൽ ഇടപെടാനും അതുവഴി താൻ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന് അതിന്റെ പരിണിതഫലം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കാനും കഴിയണം. എന്നാൽ ഇത് മാത്രം പോര, അത്തരം അനുകൂല ഫലങ്ങളിലെത്തണമെങ്കിൽ അതിനുള്ള അവസരങ്ങളും സാഹചര്യങ്ങളും കൂടി ഉണ്ടാകണം. സമയോചിത ഘടനകൾ അവസരങ്ങളുടെ വിപുലീകരണത്തെയാണ് സെൻ പ്രാപ്തി അല്ലെങ്കിൽ കെല്പ് എന്ന് വിശേഷിപ്പിക്കാവുന്നത് കർത്തൃത്വവും അവസരങ്ങളുടെ വിപുലീകരണവും സംയോജിക്കുമ്പോൾ വികസനം ഉണ്ടാകുന്നു എന്ന് സെൻ വാദിക്കുന്നു.

നമ്മുടെ പെരുമാറ്റങ്ങളെയും തെരഞ്ഞെടുപ്പുകളെയും സ്വാധീനിക്കുന്ന ലിഖിതങ്ങളും അലിഖിതങ്ങളുമായ നിരവധി നിയമങ്ങളുടെയും ചട്ടങ്ങളുടെയും സ്വാധീനം പലപ്പോഴും നമ്മൾ മനസ്സിലാക്കാതെ പോകുന്നു. കർത്തൃത്വം എന്നത് തികച്ചും സങ്കീർണ്ണമായ ഒന്നാണ്. പല തലങ്ങളിലും മേഖലകളിലും വ്യത്യസ്ഥമായി ഇത് പ്രവർത്തിക്കുന്നു.

കർത്തൃത്വത്തിന്റെ – സ്വയം പ്രവർത്തനാധികാരത്തിന്റെ– അഭാവമാണ് നമ്മൾ നേരിടുന്ന ഒട്ടേറെ തിരസ്കാരങ്ങൾക്ക് കാരണം വിദ്യാഭ്യാസം, സാമ്പത്തിക സ്വയംപര്യാപ്തത തുടങ്ങിയവ സ്ത്രീകളുടെ കർത്തൃത്വം വർദ്ധിപ്പിക്കുന്നു എന്ന് വിവിധ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. കേരളത്തിലെ നമ്മുടെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇവയും പരിശോധിക്കേണ്ടതാണ്. ഒരു വ്യക്തിയുടെ സാമ്പത്തികനില (ആസ്തികൾ-വീട്-ഭൂമി-നിക്ഷേപം) എല്ലാതരം ശേഷികൾ (വിദ്യാഭ്യാസം, ആരോഗ്യം..) സാമൂഹിക കെല്പ് (സാമൂഹിക ഇടം, സ്വത്വബോധം, നേതൃത്വബന്ധങ്ങൾ) മനഃശാസ്ത്രവിഷയമായ കാര്യങ്ങൾ (ആത്മവിശ്വാസം, ആത്മാഭിമാനം, ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടും സ്വപ്നങ്ങളും) ഇവയെല്ലാം കർത്തൃത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

ആത്മാഭിമാനവും ആത്മവിശ്വാസവും സാമൂഹിക- മാനസികശേഷികളുമൊക്കെ കൈവരിക്കണമെങ്കിൽ, സാമ്പത്തിക സ്വാശ്രിതത്വവും പിന്തുണയും വേണം. ഇതു കൂടാതെ കൂട്ടായ ശേഷികളും ആവ

ശ്യമായി വരും. സംഘടന പിന്തുണ, സ്വത്വബോധം തുടങ്ങിയവ.

സ്ത്രീകൾക്ക് സമൂഹത്തിൽ രണ്ടാംകിട സ്ഥാന മാണുള്ളതെങ്കിലും അവർ നിഷ്ക്രിയരോ, നിസ്സഹാ യരോ അല്ല. കുടുംബം, സമൂഹം, രാഷ്ട്രീയം എന്നിങ്ങനെ വിവിധതലങ്ങളിൽ ആണ് കർത്തൃത്വം പ്രവർത്തിക്കുന്നത്. കുടുംബത്തിൽ കർത്തൃത്വം പ്രകടിപ്പിക്കുന്ന സ്ത്രീക്ക് സമൂഹത്തിലോ പൊതു ഇടങ്ങളിലോ അത് പ്രകടിപ്പിക്കുവാൻ സാധിച്ചി ല്ലെന്ന് വരില്ല. സംസ്കാരത്തിന്റെയും പാരമ്പര്യ ത്തിന്റെ പേരിലുള്ള കൗശലങ്ങളെ ചെറുക്കുക എളുപ്പമല്ല. സ്വാഭിമാനവും സ്വീകാര്യതയും അനു കൂല സാഹചര്യങ്ങളുടെ പിന്തുണയോടു കൂടി മാത്രം രൂപപ്പെടുത്തുന്നവയാണ്.

ഈ ആശയങ്ങളുടെ വെളിച്ചത്തിൽ തെരഞ്ഞെ ടുത്ത വനിതാജനപ്രതിനിധികളുമായി നടത്തിയ അഭിമുഖത്തിലൂടെ ലഭിച്ച വിവരങ്ങൾ പ്രസക്തമാ ണ്. നേരത്തെ സൂചിപ്പിച്ചതു പോലെ കേരളത്തിന്റെ വിവിധഭാഗങ്ങളിലുള്ള അറുപതോളം വനിതാ ജന പ്രതിനിധികളുമായിട്ടാണ് സംവദിച്ചത്. അവരുടെ പശ്ചാത്തല വിവരങ്ങൾ ഇപ്രകാരമാണ്.

65% പേരും മുപ്പതിനും അമ്പതിനും ഇടക്ക് പ്രായമുള്ളവരാണ്. അറുപതിന് മുകളിൽ പ്രായമുള്ള 8% പേർ ഉണ്ടായിരുന്നു.

| **പ്രായം** | **ശതമാനം** |
|---|---|
| 20നും 30നും ഇടക്ക് | 3 |
| 30നും 40നും ഇടക്ക് | 27 |
| 40നും 50നും ഇടക്ക് | 38 |
| 50നും 60നും ഇടക്ക് | 25 |
| 60നും 70നും ഇടക്ക് | 6 |
| 70നും 80നും ഇടക്ക് | 2 |

| **രാഷ്ട്രീയ പരിചയം** | **എണ്ണം** |
|---|---|
| 5-10 വർഷം | 24 |
| 10-15 വർഷം | 27 |
| 15-20 വർഷം | 10 |
| 20 ന് മുകളിൽ | 2 |

**വിവാഹ പദവി**

മൂന്നു പേരൊഴിച്ച് ബാക്കി എല്ലാവരും വിവാഹി തരോ വിധവകളോ ആയിരുന്നു. ഒറ്റയ്ക്ക് കഴിയുന്ന വർ സവിശേഷമായ പ്രശ്നങ്ങൾ നേരിടുന്നതായി പറഞ്ഞു.

**മുൻകാല പ്രവർത്തന പരിചയം**

വളരെ ചുരുങ്ങിയ ശതമാനം സ്ത്രീകൾക്ക് മാത്രമാണ് പൊതുപ്രവർത്തന പാരമ്പര്യമുണ്ടായിരു ന്നത്. വേതനം ലഭിച്ചിരുന്ന തൊഴിലുകൾ ചെയ്തി രുന്നവരും കുറവായിരുന്നു. നല്ലൊരു ശതമാനം സ്ത്രീകളും തങ്ങൾ പാർട്ടി കുടുംബങ്ങളിൽ നിന്നാണ് വരുന്നതെന്ന് അവകാശപ്പെട്ടു. അല്ലാത്തവ രും, ഭർത്താവിന്റെയോ പാർട്ടികളുടെയോ സമ്മർദ്ദം കൊണ്ടാണ് തെരഞ്ഞെടുപ്പിൽ മത്സരിച്ചതെന്ന് വ്യക്തമാക്കി. ചിലർ, കുടുംബശ്രീ വഴി വന്നവരും.



കൊണ്ടും മത്സരിക്കാനിറങ്ങിയവർ വളരെ കുറവാ ണ്. കുടുംബത്തിന്റെ പിന്തുണ ഇല്ലാതെ, രാഷ്ട്രീയ പ്രവർത്തനം സാധിക്കില്ല എന്ന് ഭൂരിഭാഗം പേരും അഭിപ്രായപ്പെട്ടു.

സ്ത്രീകളുടെ കർത്തൃത്വം ഈ തീരുമാനത്തിൽ അത്ര ഇല്ലായിരുന്നു എന്ന് വ്യക്തമാണ്. പാർട്ടിയുടെ നിയന്ത്രണവും കുടുംബത്തിൽ നിന്നുള്ള സമ്മർദ്ദങ്ങളും തെരഞ്ഞെടുപ്പ് പ്രക്രിയയിലും ശേഷവും നിരന്തരമായി ഉണ്ടായിരുന്നതായി ഏറെ പ്പേരും അഭിപ്രായപ്പെട്ടു. ജെ.ദേവികയും ബിനീതാ തമ്പിയും ചേർന്ന് നടത്തിയ ഒരു പഠനത്തിലും രാഷ്ട്രീയപാർട്ടികളുടെ നിയന്ത്രണത്തെക്കുറിച്ച് വ്യക്തമാക്കുന്നുണ്ട്.

രാഷ്ട്രീയകർത്താക്കളായി മാറുന്നതിനുള്ള താല്പര്യമോ ആന്തരികമായ പ്രചോദനമോ ഇല്ലാ തെ, സമ്മർദ്ദങ്ങൾ കൊണ്ട് വരുന്ന ഭൂരിഭാഗം പേരും എങ്ങിനെയെങ്കിലും അഞ്ചുവർഷം തള്ളിനീക്കാ നാണ് ശ്രമിക്കുന്നത്. എന്നാൽ ഇവരിൽ കുറെ പേരെങ്കിലും ഭരണരംഗത്തെ അനുഭവങ്ങളിലൂടെ, സാമൂഹികരാഷ്ട്രീയരംഗത്ത് നിന്ന് തുടരാൻ ആഗ്രഹം ഉള്ളവരായി മാറുന്നു. സംവരണവാർഡു കൾ മാറി വരുന്നത് രാഷ്ട്രീയമായ പരിചയസമ്പ ന്നത ആർജ്ജിക്കുന്നതിന് തടസ്സമാകുന്നു.

പ്രവർത്തന/അനുഭവ പരിചയം ഇല്ലാത്ത ഏറെ പേർ ഒരു ഭരണസമിതിയിൽ ഉണ്ടാകുന്നത് സൃഷ്ടി ക്കുന്ന പ്രശ്നങ്ങൾ പുരുഷ ജനപ്രതിനിധികളും



അവർ പ്രവേശിക്കുന്നത് തന്നെ അർഹതയുടെയും അവകാശത്തിന്റെയും ബോധത്തോടെയാണ്. രാഷ്ട്രീയ പാർട്ടിയുമായി ഇവർക്ക് നിരന്തര സമ്പർക്കവുമുണ്ട്. എന്നാൽ വനിതാ ജനപ്രതിനിധികളിൽ മിക്കവർക്കും ഇത്തരം അനുഭവങ്ങളോ അതു നൽകുന്ന ആത്മവിശ്വാസമോ ഇല്ല.

എന്നാൽ തെരഞ്ഞെടുക്കപ്പെട്ട് കഴിയുമ്പോൾ, സ്വയം പഠിക്കാനും, കർത്തൃത്വം ആർജ്ജിക്കാനും കാര്യമായ ശ്രമങ്ങൾ നടത്തുന്നതായി അവർ പറഞ്ഞു. പഞ്ചായത്ത് നിയമങ്ങളും ചട്ടങ്ങളും മനസ്സിലാക്കുകയും മുൻ അംഗങ്ങളോട് സംസാരിച്ചും ആത്മവിശ്വാസം കൈവരിക്കാൻ അവർ ശ്രമിക്കുന്നു. കില, കുടുംബശ്രീ, പഞ്ചായത്ത് അസോസിയേഷൻ തുടങ്ങിയവർ നൽകുന്ന പരിശീലനങ്ങളുടെ സാധ്യതകളും പരമാവധി പ്രയോജനപ്പെടുന്നു.

എന്നാൽ പ്രത്യയശാസ്ത്രപരമായോ രാഷ്ട്രീയമായോ ഉള്ള പരിശീലനത്തിന്റെ അഭാവം മൂലമുണ്ടാകുന്ന ക്ലേശങ്ങൾ ഇവർ മനസ്സിലാക്കുന്നു. സ്ത്രീകൾ എന്ന നിലയിൽ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ആഴത്തിലുള്ള വിശകലന പരമായ അറിവ് നേടാനും സാഹചര്യം ഉണ്ടാകുന്നില്ല. രാഷ്ട്രീയ, സ്ത്രീ സംഘടനകളുടെ ശ്രദ്ധപതിയേണ്ട സ്ഥലമാണിത്.

ഉദ്യോഗസ്ഥരും ആവർത്തിച്ച് പറയാറുണ്ടെങ്കിലും സ്ത്രീകളുടെ രാഷ്ട്രീയപരിശീലനത്തിന് പാർട്ടികളോ കുടുംബശ്രീ പോലുള്ള സംഘടനകളോ മുൻഗണന നൽകുന്നില്ല എന്നത് ഖേദകരമാണ്. കില നടത്തുന്നതുപോലത്തെ പരിശീലനം, രാഷ്ട്രീയ പരിശീലനം അല്ല; തദ്ദേശ ഭരണം കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം മാത്രമാണത്.

സമൂഹത്തിന്റെ സ്ത്രീസങ്കല്പങ്ങളും സാമൂഹികചട്ടങ്ങളും സ്ത്രീകളെ സ്വാധീനിച്ചിരുന്നു എന്ന് അഭിമുഖത്തിൽ പങ്കെടുത്തവർ വ്യക്തമാക്കി. രാഷ്ട്രീയം സ്ത്രീകൾക്ക് ചേരുന്നതല്ല, കുടുംബത്തിനാണ് സ്ത്രീകൾ പ്രാഥമിക പരിഗണന നൽകേണ്ടത്. രാഷ്ട്രീയം അഴിമതിയും സ്വജനപക്ഷപാതവും നിറഞ്ഞതാണ് എന്നിങ്ങനെയുള്ള മുൻവിധികളും രീതികളും ഇവരെ അലട്ടിയിരുന്നു. രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നതിന് മടിയുണ്ടാക്കിയത് ഇത്തരം പേടികളും തെറ്റിദ്ധാരണകളും ആയിരുന്നു.

തങ്ങളുടെ ജീവിതത്തിന്റെ കാര്യകർത്താക്കളായി മാറാൻ അവശ്യം വേണ്ട മുൻവിധികളില്ലാത്ത വ്യക്തമായ അറിവ് സ്ത്രീകൾക്ക് നിഷേധിക്കപ്പെടുന്നു.

പുരുഷജനപ്രതിനിധികൾക്ക് ലഭിക്കുന്ന പ്രവർത്തനപരിചയം, പ്രധാനമായും വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയാണ്. പ്രാദേശികഭരണത്തിൽ

**തടസ്സങ്ങൾ**

ജനപ്രതിനിധികളെന്ന നിലയിലുള്ള വളർച്ചക്ക് തടസ്സം നിൽക്കുന്ന പ്രധാനകാര്യങ്ങൾ ഇവയാണ്.

**1. സമീപനങ്ങൾ, മൂല്യങ്ങൾ**

ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി മിക്കവാറും ചൂണ്ടിക്കാണിച്ചത് പൊതുസമൂഹത്തിന്റെ പ്രത്യേകിച്ച് പുരുഷന്മാരുടെ സമീപനങ്ങളാണ്. തങ്ങൾക്ക് തീർത്തും പരിചിതമല്ലാത്ത പ്രകോപനപരവും ഏറ്റുമുട്ടലിന്റേതുമായ ഭാഷ, വ്യക്തി/പാർട്ടി വൈരാഗ്യങ്ങൾ, സ്ത്രീകളെ താണവരായി കാണുകയും അവഗണിക്കുകയും ചിലപ്പോൾ കളിയാക്കുകയും ചെയ്യുന്ന രീതി എന്നിങ്ങനെ ആണത്ത അധീശരീതികൾ സ്ത്രീകളെ നിശബ്ദരാക്കുന്നു. 10 –15 വർഷം മുമ്പ് പഞ്ചായത്ത് ഭരണരംഗത്തെത്തിയവർ അനുഭവിച്ച അത്രയും തീഷ്ണതയോടെ, ഇപ്പോഴുള്ളവർക്ക് ഇത് നേരിടേണ്ടിവരുന്നില്ല എന്നും അവർ കൂട്ടിച്ചേർത്തു.

സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങളെ വിലയിരുത്തുന്ന കാര്യത്തിലും ഒട്ടേറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. സ്ത്രീധനം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, തൊഴിലിന്റെ ആവശ്യകത തുടങ്ങിയ

കാര്യങ്ങളിൽ നിലപാടുകളെടുക്കാൻ പുരുഷന്മാരും തയ്യാറാണ്. എന്നാൽ ആഴത്തിലുള്ള മുൻവിധികൾ, വിവാഹം, ലൈംഗികത തുടങ്ങിയ പല കാര്യങ്ങളെക്കുറിച്ചും നിലനിൽക്കുകയും ചെയ്യുന്നു. വികേന്ദ്രീകൃതാസൂത്രണത്തിലൂടെ മുമ്പോട്ട് വെച്ച ലിംഗപദവി മുഖ്യധാരാവൽക്കരണം, സമീപനങ്ങളിൽ ഏറെ മാറ്റങ്ങൾ സൃഷ്ടിച്ചു എന്നു കാണാം. എന്നാലും ലിംഗനീതിയുടെ അജണ്ട വിശാലമാക്കുകയും രാഷ്ട്രീയ സാമൂഹിക സംഘടനകളുടെ ഭാഗമാക്കുകയും ചെയ്താലേ സ്ഥായിയായതും ആഴത്തിലുള്ളതുമായ മാറ്റം ഉണ്ടാകൂ.

**2. സാമ്പത്തിക ബുദ്ധിമുട്ടുകൾ**

വനിതാജനപ്രതിനിധികൾക്ക് പഞ്ചായത്തിൽ നിന്നും കിട്ടുന്ന ഹോണറേറിയം അല്ലാതെ മറ്റു വരുമാനങ്ങളില്ല. അഭിമുഖത്തിൽ പങ്കെടുത്ത പകുതിയോളം പേർക്ക് കടങ്ങളുണ്ട്. പഞ്ചായത്തിൽ നിന്ന് കിട്ടുന്ന വേതനം, കല്യാണം പോലുള്ള ചടങ്ങുകൾക്കും മറ്റും പോകുമ്പോൾ, സമ്മാനം നൽകാനും പിരിവ് നൽകാനും മാത്രമേ തികയുകയുള്ളൂ. വളരെ കുറച്ച് പേർ മാത്രമാണ് വ്യക്തിപരമോ കുടുംബപരമോ ആയ കാര്യങ്ങൾക്കായി വിനിയോഗിക്കുന്നത്. വയനാട് പോലെ, യാത്രാക്ലേശം ഏറെയുള്ള സ്ഥലങ്ങളിൽ, കുടുംബത്തിന്റെ കടബാധ്യതകൾക്കൊപ്പം യാത്രാച്ചെലവും കൂട്ടുമ്പോൾ, താങ്ങാനാവുന്നില്ല എന്നു പറഞ്ഞവരും കുറവല്ല. സ്ത്രീകളുടെ സാമ്പത്തിക പരാശ്രിതത്വം അവരുടെ പ്രവർത്തനാധികാരത്തിന്റെ തടസ്സങ്ങളിൽ മുഖ്യമാണ്.

3. പരസ്പരം പൊരുത്തപ്പെടാത്ത വിവിധ ചുമതലകൾ, തന്മൂലം ഉണ്ടാകുന്ന സമയക്കുറവ്

സാമൂഹിക സാംസ്കാരിക സമീപനങ്ങൾ സ്ത്രീകളെ വീക്ഷിക്കുന്നത് വീട്ടമ്മയായിട്ടാണ്. വീട്ടുജോലികൾ, കുട്ടികളുടെയും മുതിർന്നവരുടെയും പരിരക്ഷ തുടങ്ങി ഒട്ടേറെ ചുമതലകൾ വീട്ടിലുണ്ട്. ജനപ്രതിനിധി ആയി കഴിയുമ്പോൾ, വാർഡിലെ ജനങ്ങളുടെ പ്രതീക്ഷകൾ, ഡിമാന്റുകൾ, പഞ്ചായത്തിലെ മീറ്റിംഗുകളും മറ്റ് പ്രവർത്തനങ്ങളും, പരിശീലനപരിപാടികൾക്കുള്ള യാത്ര ഇങ്ങനെ ജോലി ഭാരത്താൽ നട്ടം തിരിയുന്ന സ്ത്രീകൾക്ക് സ്വയംപഠനം, വായന, വിനോദം, വിശ്രമം തുടങ്ങിയവയ്ക്കുള്ള അവസരങ്ങൾ ഇല്ല എന്ന് തന്നെ പറയാം. ആദ്യകാലത്ത് ഏറെ ബുദ്ധിമുട്ട് തോന്നിയ ഇത്തരം ബഹുവിധ ഉത്തരവാദിത്വങ്ങളാണ് ക്രമേണ പൊരുത്തപ്പെട്ടു എന്നു പറയുമ്പോഴും ഇനി ഒരു തെരഞ്ഞെടുപ്പിനില്ല എന്ന് ഒട്ടേറെ പേർ പറയുന്നത് ഈയൊരു കാരണം കൊണ്ട് മാത്രമാണ്. കുടുംബജോലികളിൽ ഭർത്താവിന്റേയോ മക്കളുടെയോ സഹകരണം ഉണ്ടെങ്കിൽ പോലും, ഇത്തരം ജോലികൾ സ്ത്രീകളുടെ ഉത്തരവാദിത്വമാണെന്ന് സാമൂഹിക ചിന്താഗതി നിലനിൽക്കുന്നതുകൊണ്ട് തന്നെ ഏറെ കുറ്റബോധം

**വനിതാജനപ്രതിനിധികൾക്ക് പഞ്ചായത്തിൽ നിന്നും കിട്ടുന്ന ഹോണറേറിയം അല്ലാതെ മറ്റു വരുമാനങ്ങളില്ല. അഭിമുഖത്തിൽ പങ്കെടുത്ത പകുതിയോളം പേർക്ക് കടങ്ങളുണ്ട്. പഞ്ചായത്തിൽ നിന്ന് കിട്ടുന്ന വേതനം, കല്യാണം പോലുള്ള ചടങ്ങുകൾക്കും മറ്റും പോകുമ്പോൾ, സമ്മാനം നൽകാനും പിരിവ് നൽകാനും മാത്രമേ തികയുകയുള്ളൂ. വളരെ കുറച്ച് പേർ മാത്രമാണ് വ്യക്തിപരമോ കുടുംബപരമോ ആയ കാര്യങ്ങൾക്കായി വിനിയോഗിക്കുന്നത്.**

അനുഭവിക്കുന്നു എന്ന വസ്തുതയും പലരും പങ്കുവെച്ചു. അമ്മ ഇനി മത്സരിക്കണ്ട എന്നു മക്കൾ പറയുന്നതുകൊണ്ട് അതനുസരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് പറഞ്ഞവരും ഉണ്ട്. സ്ത്രീകളുടെ ശാക്തീകരണത്തിന് സ്വയം ലക്ഷ്യം കണ്ടെത്തി, തീരുമാനമെടുത്ത് അവ പ്രാവർത്തികമാക്കുന്നതിന് ഏറ്റവും വിഘാതം ഈ ജോലിഭാരം തന്നെയാണ്. ഇത് കൈകാര്യം ചെയ്യാൻ നിലവിലിരിക്കുന്ന മതപരവും സാംസ്കാരികവുമായ അന്തരീക്ഷത്തിൽ സാധിക്കുന്നില്ല.

കുടുംബത്തിന്റെ ജനാധിപത്യവത്ക്കരണം, വീട്ടുജോലികളുടെ പങ്കുവയ്ക്കൽ  ഇവയൊക്കെ രാഷ്ട്രീയപാർട്ടികളുടെയും സംഘടനകളുടെയും പ്രധാന അജണ്ടയായി മാറിയാലേ, ജനസംഖ്യയിൽ പകുതി വരുന്ന സ്ത്രീകളെ രാഷ്ട്രീയ കർത്താക്കളാക്കി മാറ്റാൻ കഴിയൂ.

**4. വ്യക്തിത്വ സവിശേഷതകൾ**

സാമൂഹ്യവൽക്കരണം സ്വകാര്യതലത്തിൽ വർത്തിക്കേണ്ടുന്ന ഒരു വ്യക്തിയായിട്ടാണ് സ്ത്രീകളെ പരുവപ്പെടുത്തുന്നത്. അതിനനുസരിച്ചുള്ള ഗുണങ്ങളും സമീപനങ്ങളും ആണ് അവരിൽ പരിപോഷിപ്പിക്കുന്നതും. ആണത്ത അധീശമൂല്യങ്ങൾ ശക്തമായി പ്രവർത്തിക്കുന്ന പൊതുരാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകളുടെ ചില വ്യക്തിത്വ സവിശേഷങ്ങൾ, അവ അഭികാമ്യമാണെങ്കിൽ പോലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കുടുംബത്തിലും സമൂഹത്തിലും നിലനിൽക്കുന്ന അധികാരബന്ധങ്ങൾ, സ്ത്രീക്ക് അനുകൂലമായവയല്ല. സ്ത്രീകളുടെ ലൈംഗികത കർശനമായി നിരീക്ഷണത്തിലാണ്. സദാചാരപോലീസിങ്ങ് പല തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇങ്ങനെ പല കാരണങ്ങൾ കൊണ്ട് പരസ്പര ഇടപെടലുകളിലും

സഞ്ചാരത്തിനും മറ്റും ധാരാളം സ്വയം നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ സ്ത്രീകൾ നിർബന്ധിതരാകുന്നു.

കുടുംബത്തിൽ നിൽക്കുന്ന അധികാര അസന്തുലിതാവസ്ഥ, തുല്യതയില്ലായ്മക്ക് കാരണമാകുന്നു. വിഭവങ്ങളും സേവനങ്ങളും ചുമതലകളും വിഭജിക്കപ്പെടുന്നത്, ഈ അധികാര അസന്തുലിതാവസ്ഥയുടെ പശ്ചാത്തലത്തിലാണ്. കുടുംബകാര്യങ്ങളിൽ തങ്ങൾക്ക് അധികാരമുണ്ട് എന്ന് സ്ത്രീകൾ സ്വയം വിശ്വസിക്കുമ്പോഴും സാമ്പത്തികവും സാംസ്കാരികവുമായ സ്വാതന്ത്ര്യങ്ങൾ മിക്കപ്പോഴും നിഷേധിക്കപ്പെടുകയോ, സമയക്കുറവ്, യാത്രാസൗകര്യ അപര്യാപ്തത തുടങ്ങിയവ മൂലം ഇവ നേടിയെടുക്കാൻ സാധിക്കാതെ വരികയോ ചെയ്യുന്നു.

സമയക്കുറവ്, ജോലി ഭാരത്തിന്റെ സമ്മർദ്ദം തുടങ്ങി സ്ത്രീകളുന്നയിക്കുന്ന പ്രശ്നങ്ങൾ, കുടുംബത്തിലെ നിയന്ത്രണാധികാരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

തങ്ങളുടെ പ്രവർത്തനമണ്ഡലമായ പഞ്ചായത്ത് സ്ത്രീ സൗഹാർദ്ദപരമായ ഇടമാണോ എന്ന ചോദ്യത്തിന് സമ്മിശ്രപ്രതികരണമാണുണ്ടായത്. കുറേയേറെപ്പേർ, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയുടെ പശ്ചാത്തലത്തിലാണ് ഇതിനോട് പ്രതികരിച്ചത്. വളരെ കുറച്ച് പേർ, പുരുഷ ജനപ്രതിനിധികളുടെ മേധാവിത്വമനോഭാവം, അവഗണന, അഭിപ്രായങ്ങളെ നിസ്സാരവത്ക്കരിക്കുക തുടങ്ങിയ കാര്യങ്ങൾ അനുഭവിക്കുന്നതുകൊണ്ട് സ്ത്രീസൗഹാർദ്ദപരമായ ഇടം അല്ല എന്ന് പ്രതികരിച്ചു. ഇടം എന്ന ആശയം വളരെ പ്രസക്തമാണ്. അഭിപ്രായങ്ങൾ സ്വരൂപിക്കാനും കൂട്ടായ്മയുടെയും സഹകരണത്തിന്റെയും അനുഭവങ്ങൾ ഉണ്ടാകാനും അനുയോജ്യമായ ഇടങ്ങൾ കർത്തൃത്വത്തിന് സഹായകരമാകും.

**പാർട്ടി നിയന്ത്രണങ്ങൾ**

സ്ത്രീകളുടെ സ്വതന്ത്ര പ്രവർത്തനാധികാരത്തിന് തടസ്സമാകുന്ന മറ്റ് ചില പ്രധാനപ്പെട്ട കാര്യങ്ങളും പങ്കുവയ്ക്കപ്പെട്ടു. പാർട്ടി വ്യത്യാസങ്ങൾ, പഞ്ചായത്ത് കമ്മിറ്റിയിൽ തന്നെ പ്രതിഫലിക്കുന്ന പാർട്ടികളിലെ ഗ്രൂപ്പിസം, ചിലപ്രശ്നങ്ങളോടുള്ള പാർട്ടികളുടെ മുൻവിധികൾ, പാർട്ടി നിയന്ത്രണം തുടങ്ങിയവയെല്ലാം പരാമർശിക്കപ്പെട്ടു. വിസ്താരഭയത്താൽ ഇവയൊന്നും വിശദീകരിക്കാൻ മുതിരുന്നില്ല. കാര്യങ്ങൾ വ്യക്തമാണ്. സ്ത്രീകൾക്ക് പാർട്ടികളിൽ അംഗത്വം നൽകുന്നത്, തെരഞ്ഞെടുപ്പിന് നിർത്താൻ തീരുമാനിച്ച ശേഷമായിരിക്കും. പാർട്ടിയുടെ ചിട്ടവട്ടങ്ങളും പ്രവർത്തന ശൈലികളും അവർക്ക് നിശ്ചയമുണ്ടാകണമെന്നില്ല. ഇനി പാർട്ടിക്കാരിയാണ് എന്നു പറയുന്നവർ പോലും അവയുടെ മഹിളാസംഘടനകളിൽ പ്രവർത്തിക്കുകയോ തെരഞ്ഞെടുപ്പ് കാലത്ത് സ്ക്വാഡ് പ്രവർത്തനത്തിന് പോകുകയോ മാത്രമായിരിക്കും ചെയ്തിട്ടുണ്ടാകുക. പ്രാദേശിക ഭാരവാഹികളായി പാർട്ടി

**സ്ത്രീകളുടെ സ്വതന്ത്ര പ്രവർത്തനാധികാരത്തിന് തടസ്സമാകുന്ന മറ്റ് ചില പ്രധാനപ്പെട്ട കാര്യങ്ങളും പങ്കുവയ്ക്കപ്പെട്ടു. പാർട്ടി വ്യത്യാസങ്ങൾ, പഞ്ചായത്ത് കമ്മിറ്റിയിൽ തന്നെ പ്രതിഫലിക്കുന്ന പാർട്ടികളിലെ ഗ്രൂപ്പിസം, ചിലപ്രശ്നങ്ങളോടുള്ള പാർട്ടികളുടെ മുൻവിധികൾ, പാർട്ടി നിയന്ത്രണം തുടങ്ങിയവയെല്ലാം പരാമർശിക്കപ്പെട്ടു. വിസ്താരഭയത്താൽ ഇവയൊന്നും വിശദീകരിക്കാൻ മുതിരുന്നില്ല.**

പ്രവർത്തനം നടത്തിയവർ വളരെ ചുരുക്കമാണ്. ഇവിടെയും സമൂഹത്തിൽ പ്രബലമായിരിക്കുന്ന ആൺകോയ്മ മൂല്യങ്ങളുടെ സ്വാധീനം കാണാം.

സ്വതന്ത്രമായ അഭിപ്രായങ്ങളും വ്യക്തമായ സമീപനങ്ങളും ഉള്ള സ്ത്രീകൾ തന്റേടികളായി മുദ്രകുത്തപ്പെടുന്നു എന്നും, അവർക്ക് രണ്ടാമതൊരു അവസരം ലഭിക്കാൻ ഒട്ടും സാധ്യതയില്ല എന്നും ചിലർ അഭിപ്രായപ്പെടുന്നു. അച്ചടക്കവും അനുസരണയും ഉള്ള പാർട്ടികളുടെ പ്രാദേശിക നേതൃത്വത്തിന് അഭിമതരാകുന്നവർക്കാണ് മുൻഗണന. ഇത്തരം അവഗണനകളിൽ പ്രതിഷേധിച്ചും മറുപക്ഷം പോയി തെരഞ്ഞെടുപ്പിൽ വിജയിക്കുന്നവരും ഉണ്ട്.

ഇങ്ങിനെ ഒട്ടേറെ പ്രശ്നങ്ങളും വെല്ലുവിളികളും നേരിട്ടുകൊണ്ടാണ് സ്ത്രീകൾ രാഷ്ട്രീയ കർത്താക്കളായി മാറുന്നത്. കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ ഉള്ളതുകൊണ്ട് മാത്രം സാമൂഹികരംഗത്തെങ്കിലും തുടരാൻ സാധിക്കുന്നു എന്ന് പറഞ്ഞവരുണ്ട്.

**കൺക്ലൂഷൻ**

ജനാധിപത്യം പൂർണ്ണമാകണമെങ്കിൽ, എണ്ണത്തിൽ മാത്രമല്ല സ്ത്രീപങ്കാളിത്തം വർദ്ധിക്കേണ്ടത്. സമൂഹത്തിന്റെ വികസനത്തെ അതിന്റെ സമഗ്രതയിൽ കണ്ട്, സക്രിയവും അർത്ഥവത്തുമായ പങ്കാളിത്തത്തോടെയുള്ള ഭരണപ്രക്രിയ ഇടപെടലുകൾ വഴി മാത്രമാണ് ജനാധിപത്യം ശക്തിപ്പെടുക. ഇതിന് സ്ത്രീകളുടെ പ്രവർത്തനാധികാരം ശക്തിപ്പെടണം. ഇത് യാന്ത്രികമായ ഒരു പ്രക്രിയ അല്ല. മറിച്ച് നിലവിലുള്ള അധീശത്തിന്റെ മൂല്യങ്ങളും പ്രവർത്തനരീതികളും (ജാതി, വർഗ്ഗം, ലിംഗവ്യത്യാസം തുടങ്ങിയവയെ അടിസ്ഥാനമാക്കിയ) മാറ്റിമറിക്കപ്പെടണം. അതുവഴി സാമൂഹിക-കുടുംബഘടനയിൽ പരിവർത്തനമുണ്ടാകണം. രാഷ്ട്രീയപാർട്ടികളുടെ ശൈലികളും പ്രവർത്തനരീതികളിലും ഈ

ഉൾപ്പെടുത്തൽ അടിസ്ഥാനമാക്കിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കണം. സാമൂഹ്യനീതിയുടെ ഭാഗമായ ലിംഗനീതിക്ക് കൃത്യമായ മുൻഗണന നൽകണം. പ്രാദേശിക രാഷ്ട്രീയത്തെ, രാഷ്ട്രീയ പരിശീലനത്തിന്റെ പാഠശാലയായി കണ്ട്, അതിന് അർഹിക്കുന്ന പ്രാധാന്യം നൽകണം.

ഇനി നടക്കാൻ പോകുന്ന ഗ്രൂപ്പ് ചർച്ചയുടെ പരിഗണനയ്ക്കായി ചില നിർദ്ദേശങ്ങൾ മുമ്പോട്ട് വയ്ക്കുന്നു.

1. വനിതാ ജനപ്രതിനിധികളെ ക്വോട്ട തികയ്ക്കാൻ മാത്രമുള്ളവരായി കണക്കാക്കാതെ, രാഷ്ട്രീയമായ ഉയർച്ചയും ലക്ഷ്യബോധവും വളർത്തി സമൂഹത്തിന്റെ പൊതു രാഷ്ട്രീയ ജീവിതത്തിൽ ഗുണപരമായ മാറ്റം ഉണ്ടാക്കത്തക്കവിധം അവരുടെ പരിശീലന-കഴിവു വർദ്ധിപ്പിക്കൽ പരിപാടിയുടെ വിഷയനിർണ്ണയത്തിലും രൂപഘടനയിലും രീതിയിലും മാറ്റങ്ങൾ കൊണ്ടുവരണം. ബദൽനേതൃത്വ ശൈലികളും മൂല്യങ്ങളും ചർച്ച ചെയ്യപ്പെടണം.




2. പൊതുരാഷ്ട്രീയ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ ജോലിഭാരവും സമയക്കുറവും പരിഹരിക്കുന്നതിനുള്ള നടപടികൾ ആവശ്യമാണ്. കുടുംബജോലികൾ കൂട്ടായി നിർവ്വഹിക്കേണ്ടതാണെന്ന ധാരണ വളർത്തിയെടുക്കണം. ഓരോ തെരഞ്ഞെടുപ്പ് കഴിയുമ്പോഴും പുതിയ അംഗങ്ങൾക്ക് നൽകുന്ന ആദ്യഘട്ട പരിശീലനത്തിൽ ഭർത്താക്കന്മാരെക്കൂടി ഉൾപ്പെടുത്തി, ജില്ലാതല യോഗങ്ങൾ സംഘടിപ്പിച്ച് പഞ്ചായത്തിലെ ചുമതലകളും ഏകദേശരൂപവും വീട്ടുജോലികളുടെ പങ്കാളിത്തത്തെക്കുറിച്ചുമൊക്കെ ചർച്ചകൾ നടത്തണം. സ്കൂൾ സിലബസ്സുകളിൽ മാറ്റമുണ്ടാക്കണം. കുടുംബത്തിന്റെ ജനാധിപത്യവത്ക്കരണം ഇന്നത്തെ അടിയന്തര ആവശ്യമാണ്.

3. സ്ത്രീകളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടികൾ ആവശ്യമാണ്. ഇരുചക്രവാഹന ഉപയോഗപരിശീലനം പ്രോത്സാഹിപ്പിക്കപ്പെടണം. കിലയിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും ഇതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. വാഹനങ്ങൾ വാങ്ങണമെന്നുള്ളവർക്ക്, പ്രത്യേക സബ്സിഡിയോടു കൂടി വായ്പ സൗകര്യങ്ങളും ഏർപ്പെടുത്തണം.

4. തമിഴ്നാട്ടിലെ പോലെ സംവരണവാർഡുകളുടെ റൊട്ടേഷൻ, രണ്ട് ടേം എങ്കിലും കഴിഞ്ഞുമതിയെന്ന നിയമഭേദഗതികൊണ്ട് വരണം. സ്ത്രീകളുടെ നേതൃത്വവും കർത്തൃത്വവും വികസിക്കാനും ശക്തമാക്കാനും ഇതാവശ്യമാണ്.

5. രാഷ്ട്രീയ പാർട്ടികളും മഹിളാ വിഭാഗങ്ങളും സ്ത്രീകളുടെ രാഷ്ട്രീയ-നേതൃത്വ പരിശീലനവും ഉയർച്ചയും അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതാണ്. ഭാവിയിൽ ഉന്നതാധികാര സഭകളിലേക്കും സംവരണം ഉണ്ടാകുമ്പോൾ, കൃത്യമായ കാഴ്ചപ്പാടും പ്രാപ്തിയും ഉള്ള സ്ത്രീകൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

6. ജനപ്രതിനിധികൾക്ക് ഉന്നത സഭകളിൽ ഉയർന്ന വേതനം ലഭിക്കുന്നുണ്ട്. എന്നാൽ വളരെ പ്രധാനപ്പെട്ട ജോലികൾ നിർവ്വഹിക്കുന്ന പ്രാദേശിക ജനപ്രതിനിധികൾക്ക് കിട്ടുന്ന തുച്ഛമായ തുകയാണ്. ഇത് മാറണം.

7. തദ്ദേശഭരണ സ്ഥാപന അന്തരീക്ഷം സ്ത്രീസൗഹാർദ്ദപരമാകണം. എല്ലായിടത്തും നിയമാനുസൃതമായ പീഡനപരിഹാര കമ്മിറ്റികൾ രൂപീകരിക്കണം.

8. വനിതാ ജനപ്രതിനിധികൾക്ക് മാത്രമായൊരു കൂട്ടായ്മ ശൃംഖല അല്ലെങ്കിൽ സംഘടന ആവശ്യമാണ്. പഞ്ചായത്ത് അസോസിയേഷൻ പോലെ നിലവിലുള്ള സംഘടനകളുടെ വനിതാവിഭാഗമെന്ന നിലയിൽ പ്രവർത്തിച്ചാലും മതി. തങ്ങളുടെ സവിശേഷ പ്രശ്നങ്ങൾ പങ്കുവയ്ക്കുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കുന്നതിനും കൈത്താങ്ങാകുന്നതിലും ഇതും സഹായകരമാകും.

## തിണർപ്പ്



സതി അങ്കമാലി



# ഗോമാംസവും ഹിന്ദു വ്യാജഭൂരിപക്ഷവും

ഒരു വളർത്തുമൃഗം രാഷ്ട്രീയത്തിൽ ഇടപെട്ട് മനുഷ്യന്റെ മൗലികാവകാശങ്ങൾക്കു മേൽ കൈവെക്കുമ്പോൾ ഹൈന്ദവ ഫാസിസം ഇന്ത്യൻ ജനജീവിതത്തിൽ എങ്ങനെയൊക്കെയാണ് പ്രവർത്തനക്ഷമമായിട്ടുള്ളതെന്നും ഇന്ത്യൻ ഭരണഘടനയെ സംബന്ധിച്ച് എന്തൊക്കെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്നതിന്റെയും വ്യക്തമായൊരു ചിത്രം നമുക്ക് ലഭിക്കുന്നുണ്ട്. അതായത് സംഘപരിവാർ ശക്തികളും കോൺഗ്രസ് സർക്കാരുകളും പങ്കാളികളായ ഗോവധനിരോധിന നിയമനിർമ്മാണത്തിന്റെ ചരിത്രം ഭരണഘടനയെ ദുർവ്യാഖ്യാനിക്കുന്നതിന്റെ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളെ അട്ടിമറിക്കുന്നതിന്റെ ദുരന്തചിത്രമാണത്.

നവഹിന്ദുത്വവാദം അതിന്റെ ഉച്ചകോടിയിലെത്തിയതിന്റെ കേവല പ്രതിഫലനങ്ങളല്ല ഇന്നു രാജ്യത്ത് സംഭ

വിച്ചുകൊണ്ടിരിക്കുന്നത്. മറിച്ച് 'ഒരു രാഷ്ട്രം ഒരു ജനത ഒരു സംസ്കാരം' എന്ന ആത്യന്തികലക്ഷ്യം നേടിയെടുക്കാൻ പ്രതിജ്ഞാബദ്ധരായ ഹൈന്ദവശക്തികളുടെ നീണ്ട രാഷ്ട്രീയ ഇടപെടലിന്റെ ചരിത്രം കൂടിയാണിതെന്ന് വ്യക്തമാകുന്നു. യഥാർത്ഥത്തിൽ ഗോമാംസം ഒരു ഭക്ഷണ പ്രശ്നമായിട്ടോ ഗോവധം ഒരു കൊലയുടെ പാപമെന്ന നിലയിലോ അല്ല ഇന്ത്യയിൽ അതിന്റെ സ്ഥാനം ഉറപ്പിച്ചിരിക്കുന്നത്. അധികാരത്തിന്റെ ബ്രാഹ്മണിക തുടർച്ചകൾ നിലനിർത്തുക എന്ന ലക്ഷ്യമാണ് ഇവിടെ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

സിന്ധുനാഗരികത മുതൽ തന്നെ ലഭ്യമായ ചരിത്രസ്രോതസ്സുകളിൽ നിന്നും ഇന്ത്യയിലെ ജനങ്ങൾ മാംസ-മത്സ്യ-സസ്യഭോജികളായിരുന്നു എന്ന് കാണാൻ സാധിക്കും. മാത്രവുമല്ല ഋഗ്വേദകാലഘട്ടത്തിലും പിൽക്കാല വേദകാലഘട്ടത്തിലും മാംസഭക്ഷണത്തിന് സമൂഹത്തിൽ ഉന്നതമായ സ്ഥാനം കൽപ്പിക്കപ്പെട്ടിരുന്നു. ഋഗ്വേദം ബ്രാഹ്മണരോടും വൈശ്യരോടും ദൈവത്തെ പ്രീതിപ്പെടുത്താൻ വൻതോതിലുള്ള മൃഗബലി മുഖ്യസവിശേഷതയായ മാംസം നിശ്ചിത നിയമാവലികളനുസരിച്ച്, ശ്രേണീബദ്ധമായി വീതിക്കുവാനും ഭക്ഷിക്കുവാനും ആവശ്യപ്പെടുന്നുണ്ട്. (ഡി.എൻ.ജ്ഹയുടെ 'Myth of holy cow' എന്ന ഗ്രന്ഥത്തിലും ബി.ആർ.അംബേദ്ക്കറുടെ സമ്പൂർണകൃതികൾ, വാല്യം 14, 11ാം അദ്ധ്യായം, 'ഹിന്ദുക്കൾ ഒരിക്കലും ഗോമാംസം ഭക്ഷിച്ചിട്ടില്ലേ? എന്ന ലേഖനത്തിലും വിശദീകരിക്കുന്നുണ്ട്. പിന്നീടെപ്പോഴാണ് ബ്രാഹ്മണർ മാംസഭക്ഷണം നിന്ദ്യമായി കരുതുകയും പൂർണമായുമത് വർജ്ജിക്കുകയും സസ്യാഹാരത്തിന് പരിപാവനത്വവും ശുദ്ധതയും കൽപ്പിക്കുകയും ചെയ്തത്. എന്നതിനെ സംബന്ധിച്ച് ഡോ.ബി.ആർ.അംബേദ്ക്കറുടെ അഭിപ്രായത്തിൽ 'യജ്ഞങ്ങൾക്കായി ഗോവധം നടത്തുന്നതിനെ എതിർക്കുക വഴി ജനങ്ങളുടെ മനസ്സിൽ ആദരവും ബഹുമാനവും നേടിയിരുന്ന ബൗദ്ധരെ തത്സ്ഥാനത്ത് നിന്നും നിഷ്കാസിതരാക്കുവാനാണ് ബ്രാഹ്മണർ മാംസഭക്ഷണമുപേക്ഷിച്ച് സസ്യഭക്ഷണം സ്വീകരിക്കുകയും ഗോവധനിരോധകരാവുകയും ചെയ്തത്.

പിൽക്കാലത്ത് എഴുതപ്പെടുകയും കൂട്ടിച്ചേർക്കപ്പെട്ടതുമായ നിരവധി ബ്രാഹ്മണിക കൃതികളിൽ സസ്യഭക്ഷണത്തിന് സാമൂഹ്യവും മതപരവുമായ ഔന്നിത്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് കാണുവാൻ കഴിയും. മനുസ്മൃതിയിലും ശങ്കരസ്മൃതിയിലും ശങ്കരാചാര്യർ ഏർപ്പെടുത്തിയത് എന്ന് കരുതപ്പെടുന്ന അറുപത്തിനാല് അനാചാരങ്ങളിലും സസ്യഭക്ഷണത്തിന്റെ ഔന്നിത്യത്തെ കുറിച്ചും സ്പഷ്ടമായി വിവരിക്കുന്നുണ്ട്. നിരവധി ബൗദ്ധആശയങ്ങൾ ഒളിച്ചുകടത്തിക്കൊണ്ട് 'പ്രച്ഛന്നബുദ്ധൻ' എന്നറിയപ്പെട്ട ഹൈന്ദവ പ്രതിനവീകരണം വിജയകരമായി നയിച്ച ശങ്കരന്റെ ജീവിതത്തിലും പ്രവർത്തനപരിപാടികളിലും ഇവ കാണാൻ കഴിയും' എന്ന് ഹനു ജി ദാസ് (ആഖ്യാനത്തിലെ അപരസ്ഥലികൾ, subject for language press, Kottayam) എന്ന് നിരീക്ഷിക്കുന്നുണ്ട്.

പിന്നീടും നൂറ്റാണ്ടുകളിലേക്ക് പടർച്ചയുള്ള ഹൈന്ദവഫാസിസത്തിന്റെ അപ്രമാദിത്വം കൊളോണിയൽ തീൻമേശകൾക്കുമേലും ഉണ്ടായിരുന്നതായി കാണാം. എന്നിരുന്നാലും വിദേശീയരുടെയും ക്രൈസ്തവ-ഇസ്ലാമിക ജനവിഭാഗങ്ങളുടെയും മത്സ്യ-മാംസഭക്ഷണരീതി ഒരു ബദൽ സംസ്കാരം



**"യജ്ഞങ്ങൾക്കായി ഗോവധം നടത്തുന്നതിനെ എതിർക്കുക വഴി ജനങ്ങളുടെ മനസ്സിൽ ആദരവും ബഹുമാനവും നേടിയിരുന്ന ബൗദ്ധരെ തത്സ്ഥാനത്ത് നിന്നും നിഷ്കാസിതരാക്കുവാനാണ് ബ്രാഹ്മണർ മാംസഭക്ഷണമുപേക്ഷിച്ച് സസ്യഭക്ഷണം സ്വീകരിക്കുകയും ഗോവധനിരോധകരാവുകയും ചെയ്തത്.**

സാധ്യമാക്കി.

എന്നാൽ കൊളോണിയൽ തീൻമേശകളിൽ തട്ടിത്തെറിച്ച സസ്യാഹാരവാദവും–ഹിന്ദുത്വവും, ഇന്ത്യൻ ജനങ്ങളിൽ ഏറെ സ്വാധീനമുണ്ടായിരുന്ന ഗാന്ധി ഏറ്റെടുത്തതോടെ സവർണ ഫാസിസത്തിന് പ്രാമാണികമായ ഒരു രൂപവും ഭാവവും കൈവന്നു. ഏവർക്കും സ്വീകാര്യമായ ലാളിത്യവും അഹിംസാപൂർണവുമായ ഒരു ആശയമെന്ന നിലയിൽ ഹിന്ദുത്വത്തിന് സാർവ്വലൗകികമായ ഒരു അംഗീകാരവും നേടിക്കൊടുക്കാൻ ഗാന്ധിക്ക് കഴിഞ്ഞു.

പ്പെടുത്തിയിട്ടുള്ള ഹിന്ദുമതത്തിന് മറ്റു സെമിറ്റിക് മതങ്ങളെ പോലെ നിർബന്ധബുദ്ധ്യാ പിന്പറ്റേണ്ടുന്ന നിയമാവലികളോ ഏകീകൃത ഘടനാരൂപമോ പ്രതീകങ്ങളോ ഉണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ കൊളോണിയൽ കാലഘട്ടം വരെ ബ്രാഹ്മണരുടേതെന്ന് മാത്രം കരുതിയിരുന്ന വേദങ്ങളും ഉപനിഷത്തുകളും ഇന്ത്യയുടെ പൈതൃകസ്വത്തായി ബോധപൂർവ്വം അവരോധിക്കപ്പെടുകയും അങ്ങനെ ഒരു വ്യാജഹിന്ദുഭൂരിപക്ഷത്തിന്റെ പേരിൽ ഫാസിസ്റ്റ് ചിന്താപദ്ധതി ദേശീയവാദ സാംസ്കാരികപ്രത്യയശാസ്ത്രമായി പരാവർത്തനം ചെയ്യാൻ ഹിന്ദുത്വശക്തികൾക്ക് കഴിഞ്ഞു.



1910ൽ ഹിന്ദുമഹാസഭ രൂപീകരിക്കപ്പെടുമ്പോൾ 'രാഷ്ട്രീയത്തെ ഹൈന്ദവ വൽക്കരിക്കുക, ഹിന്ദുത്വത്തെ പട്ടാളച്ചിട്ടയിലാക്കുക.' എന്നതായിരുന്നു ഹിന്ദുമഹാസഭയുടെ ചെയർമാൻ വിനായക് ദാമോദർ സവർക്കറുടെ മുദ്രാവാക്യം. അതുപോലെ തന്നെ ഗോവധത്തെക്കുറിച്ച് പഠിക്കാൻ 1967ൽ രൂപീകരിച്ച സമിതിയിൽ അംഗമായിരുന്ന സ്വയം സേവക് സംഘത്തിന്റെ സർസംഘ് ചാലക് ആയിരുന്ന എം.എസ്.ഗോൾവാൾക്കറുടെ വർഗ്ഗീയയുക്തിയെ കുറിച്ച്

ഇത്തരം യുക്തികൾ രൂപീകരിക്കുന്നതിലും നിലനിർത്തുന്നതിലും ബദ്ധശ്രദ്ധരായ അനേകം വ്യക്തികളും ഘടകങ്ങളും നിരന്തരം പ്രവർത്തിച്ചിരുന്നതായി സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഇന്ത്യൻ ചരിത്രസാഹചര്യങ്ങളും രാഷ്ട്രീയവും വെളിപ്പെടുത്തുന്നുണ്ട്. കൊളോണിയൽ ഇന്ത്യയിലെ ജനസംഖ്യാനിർണയത്തിന്റെ ഭാഗമായി 1872 ൽ ഇംഗ്ലണ്ട്, ജനങ്ങളെ മതത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചപ്പോഴാണ് ജാതിഹിന്ദുക്കൾക്ക് സ്വന്തം നില അപകടത്തിലാണെന്ന് ബോധ്യം വരുന്നത്. രാജ്യത്തിന്റെ രാഷ്ട്രീയാധിപത്യം ഭൂരിപക്ഷം നിർണയിക്കുമെന്നതിനാലാണ് അസ്പൃശ്യരും അവർണരുമായ ദളിതരെയും ആദിവാസികളെയും ഹിന്ദുത്വത്തിലേക്ക് ഉൾച്ചേർത്തത്. എന്നാൽ ശ്രേണീകരണവ്യവസ്ഥയാൽ അടിസ്ഥാന

**1910ൽ ഹിന്ദുമഹാസഭ രൂപീകരിക്കപ്പെടുമ്പോൾ "രാഷ്ട്രീയത്തെ ഹൈന്ദവ വൽക്കരിക്കുക, ഹിന്ദുത്വത്തെ പട്ടാളച്ചിട്ടയിലാക്കുക." എന്നതായിരുന്നു ഹിന്ദുമഹാസഭയുടെ ചെയർമാൻ വിനായക് ദാമോദർ സവർക്കറുടെ മുദ്രാവാക്യം.**

സമിതിയംഗമായിരുന്ന വർഗ്ഗീസ് കുര്യൻ തന്റെ ആത്മകഥയിൽ പറയുന്നുണ്ട്. 'രാജ്യത്തെ ഹിന്ദുക്കളെ രാഷ്ട്രീയമായി യോജിപ്പിക്കാനുള്ള ഉപാധിയെന്ന നിലയിലാണ് ഞാൻ ഇതിനെ കാണുന്നത്' എന്നായിരുന്നു ഗോൾവാൾക്കറുടെ വെളിപ്പെടുത്തൽ.

ഇതിനെല്ലാം അപവാദമെന്ന് സ്വയം കരുതുന്ന കമ്മ്യൂണിസ്റ്റുകൾ ഒരു തരത്തിലുള്ള ഭക്ഷണസംസ്കാരത്തെപ്പറ്റിയും സംസാരിക്കുകയോ ഇടപെടുകയോ ചെയ്തില്ല. ഫലത്തിൽ ഗോമാതാവും ഗംഗാജലവും രാമക്ഷേത്രവും രക്ഷാബന്ധനവുമൊക്കെ സനാതനധർമ്മപരിപാലനത്തിന്റെ ഏകീകരിക്കപ്പെട്ട ഹിന്ദുപ്രതീകങ്ങളായി ഉയർത്തിക്കാണിക്കാൻ സവർണഹിന്ദുക്കൾക്ക് കഴിഞ്ഞു.

നീണ്ട രാഷ്ട്രീയ ഇടപെടലിന്റെ തുടർച്ചയായിട്ടാണ് സമകാലിക ഫാസിസ്റ്റ് പ്രതിഭാസങ്ങളും പ്രകടനങ്ങളും അരങ്ങേറുന്നത്. ഭരണാധികാരത്തിന്റെ വിശാലതലങ്ങളിൽ മാത്രമല്ല, അധികാരത്തിന്റെ സൂക്ഷ്മകേന്ദ്രമായ പൗരന്റെ അനുദിനജീവിതത്തിലും അപ്രതിരോധ്യമായി പ്രവർത്തനക്ഷമമാകുന്ന ചിന്താപദ്ധതികളും ആവിഷ്കാരപ്രയോഗങ്ങളുമാണ് 'ആർഷഭാരതസംസ്കാരത്തിലൂടെ' ഒളിച്ച് കടത്തുന്നത്.

ഏകജനതയുടെയും ഏകസംസ്കാരത്തിന്റെയും സ്വപ്നങ്ങൾക്ക് വിലങ്ങാകുന്ന വിയോജനങ്ങളെ മുഴുവൻ ഉന്മൂലനം ചെയ്യാനോ, അല്ലെങ്കിൽ സമന്വയിപ്പിക്കാനോ ഉള്ള ശ്രമത്തിന്റെ ഭാഗമാണ് സമകാലീന ഇന്ത്യൻ രാഷ്ട്രീയപരിസരം. അതുകൊണ്ടാണ് വൈവിദ്ധ്യങ്ങളുടെ നീതിപൂർവ്വമായ സഹവർത്തിത്വം സാധ്യമാക്കുന്ന ഇന്ത്യൻ ഭരണഘടനയെപോലും ദുർവ്യാഖ്യാനം ചെയ്യാനും മൂല്യങ്ങളെ അട്ടിമറിക്കാനും ഇവർ ധൈര്യപ്പെടുന്നത്.

എന്ത് കഴിക്കണം/കഴിക്കരുത്, എന്ത് എഴുതണം/എഴുതരുത് എന്ന് തീരുമാനിക്കാനുള്ള അവകാശം കൂടിയാണ് ഭരണഘടനയുടെ മൂന്നാംഭാഗത്തിൽ കൊടുത്തിരിക്കുന്ന മൗലികാവകാശങ്ങൾ. ഇത് ലംഘിക്കാനാവാത്തതാണ്. ഒരു പൗരന് തന്റെ മൗലികാവകാശങ്ങൾ നിഷേധിക്കുന്ന ഒരു നിയമമോ ഭരണനടപടിയോ ഉണ്ടായാൽ അതിന് സുപ്രീംകോടതിയിലോ ഹൈക്കോടതിയിലോ ചോദ്യം ചെയ്യാം. ഇപ്രകാരം ഭരണഘടനാ മൗലികാവകാശങ്ങളുടെ സംരക്ഷണത്തിനായി നിയമങ്ങളിലൂടെ പ്രവർത്തിക്കുന്നു. എന്നിരിക്കെ, ഇന്ത്യൻജനതയുടെ മൗലികാവകാശങ്ങൾക്കു മേൽ ഈ രാജ്യത്തിന്റെ ഗവൺമെന്റ് തന്നെ കൈവെക്കുകയും അത് ഭരണഘടനാപ്രകാരമാണെന്ന് വ്യാജപ്രചാരണം നടത്തുകയും ചെയ്യുന്നു. എന്നാൽ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിക്കാൻ ഒരു സംസ്ഥാനത്തിനു ബാധ്യതയില്ല.

ഇവ കോടതിക്ക് നിർബന്ധിച്ച് നടപ്പിൽ വരുത്താനും സാധ്യമല്ല. ഇങ്ങനെയൊക്കെയാണെങ്കിലും 48ാം അനുച്ഛേദം നടപ്പാക്കാനുള്ള അതിയായ ആവേശവും വ്യഗ്രതയുമാണ് സംസ്ഥാന സർക്കാരുകൾ കാണിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഫലമാണ് എട്ട് സംസ്ഥാനങ്ങളിലൊഴികെ ഗോവധനിരോധന നിയമം പല രൂപങ്ങളിൽ ആവിഷ്കരിക്കപ്പെട്ടത്. ഇത് കേവലമായ പശുസ്നേഹമല്ലെന്ന് അനുച്ഛേദം 48ന്റെ വിശദീകരണത്തിൽ മനസ്സിലാക്കുന്നു.

**ഒരു പൗരന് തന്റെ മൗലികാവകാശങ്ങൾ നിഷേധിക്കുന്ന ഒരു നിയമമോ ഭരണനടപടിയോ ഉണ്ടായാൽ അതിന് സുപ്രീംകോടതിയിലോ ഹൈക്കോടതിയിലോ ചോദ്യം ചെയ്യാം. ഇപ്രകാരം ഭരണഘടനാ മൗലികാവകാശങ്ങളുടെ സംരക്ഷണത്തിനായി നിയമങ്ങളിലൂടെ പ്രവർത്തിക്കുന്നു.**

അനുച്ഛേദം 48 പറയുന്നത് ഇതാണ്;

'കാർഷികവൃത്തിക്കും അനുബന്ധാവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്ന കന്നുകാലികളെയും കറവയുള്ളവയെയും വധിക്കരുതെന്ന വ്യവസ്ഥ.' ഈ നിരോധനത്തിന് മതപരമായ യാതൊരുവിധ കാരണവുമില്ല. മാത്രവുമല്ല ഇത് അവയെ സംരക്ഷിക്കാനും വളർത്താനും വേണ്ടിയാണ്. ഇതിന്റെ ഉദ്ദേശം വളരെ വ്യക്തമാണ്. കൃഷിയെയും കന്നുകാലികളെയും പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി പാൽ തരുന്ന മൃഗങ്ങളെ വധിക്കുന്നത് നിരോധിക്കണമെന്നാണ് ഭരണഘടന വ്യക്തമാക്കുന്നത്. അതുവഴി രാജ്യത്തെ സമ്പൽസമൃദ്ധമാക്കുക എന്ന ഭൗതികലക്ഷ്യം തന്നെയാണുള്ളത്.

ഈ അനുച്ഛേദത്തെ മുൻനിർത്തി ഹിന്ദുത്വരാഷ്ട്രീയ അജണ്ടകൾ നടപ്പാക്കാനാണ് സംസ്ഥാന സർക്കാരുകൾ നിയമം കൊണ്ടുവരുന്നത്. കാരണം ഈ അനുച്ഛേദത്തെ മുൻനിർത്തി ഇന്ത്യൻസംസ്ഥാനങ്ങളിൽ ഒരിടത്തും പാൽ തരുന്ന മൃഗങ്ങളെ കൊല്ലരുത് എന്ന നിയമം പാസ്സാക്കപ്പെട്ടിട്ടില്ല എന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണ്. ഇത് ഭരണഘടനയുടെ യഥാർത്ഥ ലക്ഷ്യത്തെ അട്ടിമറിക്കുകയും പകരം ഹിന്ദുത്വതാല്പര്യങ്ങളെ നിയമമാക്കി മാറ്റുകയും ചെയ്യുന്നു എന്നുള്ളത് വളരെ വ്യക്തമാണ്.

രാജ്യത്തിന്റെ അടിസ്ഥാനശിലകളെ തന്നെ മാറ്റുന്ന ഇത്തരം ഏകാധിപത്യനീക്കങ്ങളെ ഒരു ബഹുസ്വരസമൂഹം എങ്ങനെയാണ് നേരിടേണ്ടത് എന്ന സംവാദാത്മക ഇടങ്ങളിലേക്കാണ് നമ്മൾ എത്തേണ്ടത്.

ശാരിക ശശി

# മലയാള സിനിമ ഫാൻസ് അസോസിയേഷനുകളിലെ പുരുഷ പ്രാതിനിധ്യം




ജനപ്രിയസംസ്ക്കാരത്തിന്റെ ഭാഗമായി ചേർത്തു വായിക്കാവുന്ന ഒന്നാണ് സിനിമ. ജനപ്രിയതയിൽ മുൻപന്തിയിൽ നില്ക്കുന്ന, സമൂഹത്തിലെ എല്ലാവിധ പുരുഷസാമൂഹ്യാധികാരങ്ങളെയും നിരന്തരം പുനരുല്പ്പാദിപ്പിക്കുന്ന, സർവ്വോപരി കുടുംബമെന്ന സ്ഥാപനത്തെ വാഴ്ത്തുന്ന ആണധികാരത്തിന്റെ നിർണ്ണായകമായ പ്രത്യയശാസ്ത്ര ഉപകരണമാണ് സിനിമ. കാഴ്ചയിലൂടെയും ദൃശ്യങ്ങളുടെ സവിശേഷമായ ചലനങ്ങളിലൂടെയും ശബ്ദങ്ങളിലൂടെയും സിനിമയുടെ ആഖ്യാനങ്ങൾ പുല്ലിംഗത്തിന്റെ ആഹ്ലാദമായി മാത്രം മാറുന്നതിന്റെ യുക്തി പഠിതാക്കൾ അന്വഷിച്ച് തുടങ്ങുന്നത് 1970 കൾ മുതലാണ്. ഇതിവൃത്തമെങ്ങനെയാണ് പുരുഷനെ കർത്താവാക്കുന്നത്, ദൃശ്യങ്ങളെങ്ങനെയാണ് സ്ത്രീകളെ വസ്തുവാക്കുന്നത്, ഇവയിലൂടെ സിനിമ എങ്ങനെയാണ് കാണികളുടെ ആനന്ദവിഷയമായിത്തീരുന്നത് തുടങ്ങിയ ചോദ്യങ്ങളിലൂടെയാണ് സ്ത്രീപക്ഷ പഠിതാക്കൾ സഞ്ചരിച്ചത് സ്ത്രീപക്ഷ വിശകലനം മുന്നോട്ട് വെച്ചത് പ്രധാനമായും മൂന്നു കാഴ്ചപ്പാടുകളെയാണെന്ന് പറയാം.

1. സ്തീയുടെ ദൃശ്യവത്ക്കരണത്തിന്റെ പ്രതിനിധാനത്വം വിമർശനവിധേയമാക്കുക.

2. കാഴ്ചവസ്തുവെന്ന സ്വത്വത്തെ റദ്ദാക്കിക്കൊണ്ട് കാഴ്ചക്കാരിയെന്ന നിലയിൽ കാഴ്ചയുടെ അർത്ഥോല്പാദയാവുക. പുരുഷനെപ്പോലെ അധികാരബോധമുള്ള കാണിയാവുക.

3. സിനിമാനിർമ്മാണത്തിന്റെ എല്ലാ മേഖലകളെയും കൈയടക്കിക്കൊണ്ട് സ്ത്രീപക്ഷസിനിമയെ സാധ്യമാക്കുക.

ഇത്തരത്തിൽ പുരുഷനെകേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ടുള്ള വിമർശനങ്ങൾ സിനിമക്ക് അകത്ത് നടക്കുന്ന ഒന്നാണെങ്കിൽ സിനിമയ്ക്ക് പുറത്തുള്ള പുരുഷാധികാരത്തെയാണ് ഈ പ്രബന്ധം കൊണ്ട് ഉദ്ദേശിക്കുന്നത്.

കാഴ്ചയുടെ ആനന്ദം പുരുഷനിൽ നിലീനമായിരിക്കുന്ന പാരമ്പര്യത്തിന്റെ ചരിത്രമാണ് കേരളീയമായ കാണലിന്റെ ആകെത്തുകയെന്നുപറയാം. രേഖപ്പെടുത്തുന്ന സാഹിത്യവും ചിത്രകലയും ആധുനികതയിൽ വികസിക്കുന്ന സിനിമയും അവയുടെയെല്ലാം വർത്തമാനവും വ്യക്തമാക്കുന്നത് കാണിയെന്ന സ്വത്വവും അർഥോല്പാദനവും പുരുഷനുമാത്രം അവകാശപ്പെട്ടതെന്നാണ്. ഇത്തരത്തിൽ പുരുഷാധിപത്യത്താൽ മുന്നേറിക്കൊണ്ടിരിക്കുന്ന കേരളീയസമൂഹത്തിലെ സിനിമകളെ മുൻനിർത്തിയുണ്ടാവുന്ന സിനിമ ഫാൻസ് അസോസിയേഷനുകളിൽ രൂപപ്പെടുന്ന പുരുഷകേന്ദ്രീകൃത സ്വഭാവവും വ്യത്യസ്തമല്ല.

നായകനിൽ കേന്ദ്രസ്ഥാനം ഉറപ്പിച്ചുകൊണ്ട് രൂപപ്പെടുന്ന ധാരാളം ഫാൻസ് അസോസിയേഷനുകൾ മലയാളസിനിമയിൽ സജീവമാണ്. മോഹൻലാൽ, മമ്മൂട്ടി, ദിലീപ്, ദുൽഖർസൽമാൻ, പൃഥ്വിരാജ്, നിവിൻപോളി എന്നിങ്ങനെ നിരവധി നായകതാരനിരകളെ മുൻനിർത്തിയുണ്ടാവുന്ന ഫാൻസ് അസോസിയേഷനുകൾ നമുക്ക് കാണാൻ സാധിക്കും. ഈ സംഘടനയുടെ മുഖ്യമായ അജണ്ട സിനിമയെ വിജയിപ്പിക്കുകതന്നെയാണോ എന്ന് അന്വേഷിക്കേണ്ടതായിട്ടുണ്ട്. കേരളത്തിലാകെ പടർന്നു കിടക്കുന്ന ഇത്തരം ഫാൻസ് അസോസിയേഷനുകൾ സിനിമാശാലകളിൽ കാട്ടികൂട്ടുന്ന വൈകൃതങ്ങൾ ഒക്കെതന്നെ പുരുഷാധികാരപരിധിയിൽ വരുന്നതാണെന്ന് നിസംശയം പറയാൻ സാധിക്കും. ഇത്തരം സംഘടനകൾ നായകന്റെ പേരിൽ നിരവധി സാമൂഹ്യപ്രവർത്തനങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളുമായി മുന്നേറിക്കൊണ്ട് ഒരു നായക കേന്ദ്രീകൃതമായ/പുരഷകേന്ദ്രീകൃതമായ സമൂഹത്തെ സൃഷ്ടിക്കുന്നതിൽ മുഖ്യധാരാപങ്കുവഹിക്കുന്നുണ്ട്. ഇവിടെ നായിക/സ്ത്രീ അപ്രസക്തയാവുകയും അവളുടെ കഴിവിനെ പരിഗണിക്കപ്പെടാതെ പോവുകയുമാണ് ചെയ്യുന്നത്. സിനിമയുടെ വിജയപുരുഷനിൽ/നായകനിൽ മാത്രം നിക്ഷിപ്തമാക്കിക്കൊണ്ട് നായകന്റെ കഴിവുകളെ വാനോളം പുകഴ്ത്തുകയും ഒപ്പം പലതരത്തിലുള്ള പോസ്റ്ററുകളിലൂടെ കൂടുതൽ ജനശ്രദ്ധയാകർഷിപ്പിച്ച് നായകകേന്ദ്രീകൃതമായ സമൂഹത്തെ വാർത്തെടുക്കുവാൻ ഫാൻസ് അസോസിയേഷനുകൾ പ്രധാനപങ്ക് വഹിക്കുന്നുണ്ട് എന്ന് അടിവരയിട്ട് പറയാം.




**ഈ ഫാൻസ് അസോസിയേഷനുകൾ എല്ലാം പുരുഷന്മാരുടെ കുത്തകയാണോ എന്തുകൊണ്ട് നായികമാരുടെ പേരിൽ ഫാൻസ് അസോസിയേഷനുകൾ ഉണ്ടാകുന്നില്ല എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പ്രസക്തങ്ങളാണ്. സിനിമ ആസ്വദിക്കുന്ന സ്ത്രീ സഹൃദയർ പോലും അതിന് വേണ്ടത്ര പരിഗണന നൽകുന്നില്ല എന്നതാണ് വാസ്തവം.**

ഇവിടെയൊന്നും ഒരു നായികയുടെ പേരിൽ ഒരു ഫാൻസ് അസോസിയേഷനുകളും ഉണ്ടാക്കുന്നില്ലന്നുമാത്രമല്ല അവളുടെ കഴിവിനെ പ്രശംസിക്കാൻ പോലും ആരും മുന്നോട്ട് വരുന്നില്ല. ഈ ഫാൻസ് അസോസിയേഷനുകൾ എല്ലാം പുരുഷന്മാരുടെ കുത്തകയാണോ? എന്തുകൊണ്ട് നായികമാരുടെ പേരിൽ ഫാൻസ് അസോസിയേഷനുകൾ ഉണ്ടാകുന്നില്ല എന്നിങ്ങനെയുള്ള ചോദ്യങ്ങൾ പ്രസക്തങ്ങളാണ്. സിനിമ ആസ്വദിക്കുന്ന സ്ത്രീസഹൃദയർ




**തന്റേടിയായ നായികയും അവസാനമായി ജീവിതത്തിൽ ആഗ്രഹിക്കുന്നത് നായകന്റെ നിഴലായി ജീവിക്കാനാണ് എന്നു പറഞ്ഞുകൊണ്ട് പുരുഷാധിപത്യത്തെ തലകുനിച്ച് സ്വീകരിക്കുന്ന നായികമാർ മലയാള സിനിമയിൽ വിരളമല്ല. അതിനൊരപവാദമായി നിൽക്കുന്നത് പഞ്ചാഗ്നി തുടങ്ങിയ എം.ടി.കഥകൾ മാത്രമേയുള്ളൂ.**

പോലും അതിന് വേണ്ടത്ര പരിഗണന നൽകുന്നില്ല എന്നതാണ് വാസ്തവം. ഇതിന് ഒരു പ്രധാന കാരണമായി പറയാൻ കഴിയുന്നത് ഒരു പരിധിവരെ നല്ല കഥാപാത്രത്തിന്റെ അഭാവമാണ്. സിനിമയിലെ സ്ത്രീ പ്രതിനിധാനത്തിന്റെ രാഷ്ട്രീയം അടയാളപ്പെടുത്തുന്നത്, ഇതിവൃത്തത്തിനുള്ളിലെ സ്ത്രീയുടെ സ്ഥാനം നോക്കി മാത്രമല്ല, ഷോട്ടിനുള്ളിലെ സ്ത്രീയുടെ 'ദർശനീയ' ആഖ്യാനത്തിനകത്തെ സ്ഥാനം എന്നിവകൂടി അടയാളപ്പെടുത്തിയാണ്. ജനപ്രിയ, മുഖ്യധാരസിനിമ, കുടുംബചിത്രം, സമാന്തരസിനിമ, രാഷ്ട്രീയസിനിമ, കാമ്പസ്ചിത്രം, അശ്ലീലചിത്രം തുടങ്ങിയ വൈവിദ്ധ്യമാർന്ന പേരുകളിൽ പ്രദർശിപ്പിക്കുന്നവയെല്ലാം തന്നെ സ്ത്രീയുടെ കീഴാളതയെയും വിധേയത്വവും നാണവും നിരന്തരം നിർവചിച്ചുക്കൊണ്ടിരുന്നു. ഇവിടെയെല്ലാം സ്ത്രീകൾ ഇങ്ങനെയൊക്കെയാണ് എന്ന് പട്ടികപ്പെടുത്തിയിരിക്കുന്നു. ഭാര്യ, കാമുകി, അമ്മ, വേശ്യ, ഉദ്യോഗസ്ഥ എന്നീ പല കഥാപാത്രങ്ങളിൽ എത്തുന്ന സ്ത്രീകളുടെ രക്ഷകനായി പുരുഷൻ അവതരിക്കുകയും അതിലൂടെ കേന്ദ്രസ്ഥാനം അവനിലേക്ക് മാറുകയും അവന്റെ കഥാപാത്രത്തിന് അധീശത്വം കല്പിക്കുകയും ചെയ്യുന്നു. ഇവിടെയൊക്കെ നായികയുടെ കീഴാളനില ഊട്ടിഉറപ്പിക്കുന്നു.

1990 കൾക്ക് ശേഷമാണ് ഫാൻസ് അസോസിയേഷനുകൾ രൂപീകൃതമാകുന്നത്. ജയന്റെ മരണത്തിനുശേഷം രൂപീകൃതമായ ജയൻ ഫാൻസ് അസോസിയേഷനാണ് ആദ്യമായി രൂപംകൊണ്ട ഫാൻസ് അസോസിയേഷൻ എന്നു പറയാം. ബിംബവൽക്കരിക്കപ്പെട്ട നായകസങ്കല്പത്തിലേക്ക് പിന്നീട് വരുന്ന ഫാൻസ് അസോസിയേഷനുകൾ വഴിമാറിപോകുന്നു. തമിഴ്നാട്ടിലും മറ്റും നായകൻമാർക്ക് ദൈവീകമായ പരിവേഷം നൽകുമ്പോൾ ഇന്നത്തെ മലയാളി സമൂഹം അതേ പാതകൾ തന്നെയാണ് പിൻതുടർന്നുവരുന്നത്. അപ്പോഴും സ്ത്രീയും സ്ത്രീ കഥാപാത്രങ്ങളും പാർശ്വവൽക്കരിക്കപ്പെടുന്നു. തന്റേടിയായ നായികയും അവസാനമായി ജീവിതത്തിൽ ആഗ്രഹിക്കുന്നത് നായകന്റെ നിഴലായി ജീവിക്കാനാണ് എന്നുപറഞ്ഞുകൊണ്ട് പുരുഷാധിപത്യത്തെ തലകുനിച്ച് സ്വീകരിക്കുന്ന നായികമാർ മലയാള സിനിമയിൽ വിരളമല്ല. അതിനൊരപവാദമായി നിൽക്കുന്നത് പഞ്ചാഗ്നി തുടങ്ങിയ എം.ടി.കഥകൾ മാത്രമേയുള്ളൂ. ഇതൊക്കെതന്നെയാണ് ഫാൻസ് അസോസിയേഷനുകളിൽ പ്രതിഫലിക്കുന്നത്. ഇതിൽനിന്നും ഭിന്നമായി നിൽക്കുന്ന ഒരേയൊരു ലേഡി സൂപ്പർസ്റ്റാർ എന്ന് വിശേഷിപ്പിക്കാവുന്ന ഒരാൾ മഞ്ജുവാര്യർ മാത്രമാണ്. അത് അവരുടെ നായിക കഥാപാത്രങ്ങളാൽ മാത്രമല്ല വ്യക്തി ജീവിതത്തിന്റെ സ്വാധീനം കൂടിയാണെന്ന് പറയാം. ബിംബവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ സ്ത്രീകളെ മുഴുവൻ പ്രതിനിധീകരിക്കാൻ അങ്ങനെയൊരു സംരംഭം ഉണ്ടായി എന്നത് സമൂഹം മാറി ചിന്തിച്ചുതുടങ്ങി എന്നതിന് സൂചനയാണ്. സ്ത്രീപക്ഷസിനിമയും നാടകവും മറ്റും കേവലം പുതിയ പ്രമേയങ്ങളുടെ അവതരണത്തിലോ പുതിയ രംഗഭാഷയുടെ നിർമ്മാണത്തിലോ ഒതുങ്ങുന്നില്ല, പുതിയ ഭൗതികസാഹചര്യങ്ങളും ആവിഷ്കാരപരിസരവും ഒരുക്കാൻ കൂടി അവ പണിപ്പെടുന്നു.

പെൺപക്ഷം



അജിത കെ.

# രാജ്യത്തെ നയിക്കുന്നത് എങ്ങോട്ട് ?

നോട്ട് നിരോധനം കഴിഞ്ഞ് ഇതാ വന്നിരിക്കുന്നു ബീഫ് നിരോധനം. ഒന്നൊന്നായി ഹിന്ദുത്വ അജണ്ട നടപ്പിലാക്കുന്ന പദ്ധതികളുമായി മോഡി സർക്കാർ മൂന്നുവർഷം പിന്നിടുന്നു. ബി.ജെ.പി.സർക്കാർ അധികാരത്തിൽ വന്നതു മുതൽ കോർപ്പറേറ്റുകൾക്കുവേണ്ടി സാധാരണക്കാരനെ എങ്ങനെ പിഴിയാമെന്ന ആലോചനയുടെ ഫലമായി നോട്ട് നിരോധനമുണ്ടായി. ക്രമേണ ഒരു ഡിജിറ്റൽ സമ്പദ്ഘടനയിലേക്ക് ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ നയിക്കുക, അങ്ങനെ പൂർണ്ണമായും കോർപ്പറേറ്റ്‌വത്ക്കരിക്കപ്പെടുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യമെന്ന് ഇന്ന് പരക്കെ എല്ലാവർക്കുമറിയാം. കള്ളപ്പണം പിടിക്കാൻ ഒരേയൊരു മാർഗ്ഗം ഇതു മാത്രമായിരുന്നു എന്നാണ് അവകാശപ്പെട്ടത്. എന്നിട്ടും എത്ര കള്ളപ്പണം പിടിച്ചു? രാജ്യത്തെ ഭരണവ്യവസ്ഥയിലെ അഴിമതി (കള്ളപ്പണം ഒഴുകുന്ന ഒരു പ്രധാന ചാനലാണ് അഴിമതി) കുറയ്ക്കാൻ ഇതുകൊണ്ട് കഴിഞ്ഞിട്ടുണ്ടോയെന്നും പരിശോധിക്കുന്നത് നന്ന്. ഏതായാലും നോട്ടു നിരോധനത്തിന്റെ അനന്തരഫലത്തെക്കുറിച്ച് ഇപ്പോഴും തർക്കങ്ങൾ തുടരുകയാണ്. സമ്പദ്ഘടനയുടെ വളർച്ചയെ ഇത് ബാധിച്ചിട്ടുണ്ടെന്ന് അടുത്ത കാലത്ത് സാമ്പത്തിക വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു.

തൊട്ടുപുറകെ മുസ്ലിം ജനവിഭാഗങ്ങളുടെ ഏറ്റവും പുണ്യമാസമായ റമദാൻ നൊയമ്പു തുടങ്ങുന്ന ദിവസം തന്നെ മറ്റൊരു ഇടിത്തീ കേന്ദ്രസർക്കാർ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ചു. മുസ്ലിം ജനവിഭാഗങ്ങളുടെ മാത്രമല്ല, അവർണ്ണ ജാതി വിഭാഗങ്ങളിലേയും ദലിത് വിഭാഗങ്ങളിലേയും ജനങ്ങളുടെ അവശ്യ ആഹാരമായ ബീഫ് നിരോധനമെന്ന നടപടി തികച്ചും ഫാസിസ്റ്റ് നടപടിയാണെന്ന് പറഞ്ഞേ തീരൂ. മത്സ്യമാംസാദികൾ കഴിക്കുന്ന അദ്ധ്വാനിക്കുന്ന, ഏറ്റവും അടിത്തട്ടിലുള്ള ജനങ്ങളുടെ ഭക്ഷണരീതിയിൽ കൈകടത്തുന്ന ഈ നടപടി ചുരുങ്ങിയപക്ഷം ഹിന്ദുത്വ അജണ്ട മൊത്തം രാജ്യത്തിനുമേൽ അടിച്ചേൽപ്പിക്കലാണ്. നൂറ്റാണ്ടുകളായി തുടർന്നു വരുന്ന ഒരു ഭക്ഷണരീതി പെട്ടെന്ന് മാറ്റാൻ ഏത് ജനവിഭാഗത്തിനാണ് കഴിയുക? കേരളത്തിലാണെങ്കിൽ ജാതിമത വ്യത്യാസമില്ലാതെ എല്ലാ വിഭാഗങ്ങളും കഴിക്കുന്ന ബീഫ് നിരോധിച്ചത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടില്ല. നാളെ ഒരു പക്ഷേ തേങ്ങ ഭക്ഷിക്കുന്നത് ഇവർ നിരോധിക്കുമോ?

മേൽകൊടുത്ത രണ്ട് നിരോധനങ്ങൾക്കുമെതിരെ നിലപാടെടുത്ത, മോഡിസർക്കാരിനോട് ശക്തമായി പ്രതികരിച്ച പിണറായി വിജയൻ സർക്കാർ പ്രശംസ അർഹിക്കുന്നു. ഒരൊറ്റ കാര്യമേ ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളൂ. രാജ്യത്തെ ജനാധിപത്യ മതേതര മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്ത്യയുടെ ബഹുസ്വരതയ്ക്കുവേണ്ടി ഫലപ്രാപ്തിവരെ പോരാടാൻ തയ്യാറായാൽ മാത്രമേ ഇന്ത്യൻ ജനാധിപത്യത്തേയും ഫെഡറൽ സംവിധാനത്തേയും സംരക്ഷിക്കാൻ കഴിയൂ. അമേരിക്കയിൽ ട്രംപും ഇന്ത്യയിൽ നരേന്ദ്രമോഡിയും പ്രതിനിധീകരിക്കുന്നത് വലതുപക്ഷ പിന്തിരിപ്പൻ താല്പര്യങ്ങളെയാണ്. അടുത്ത തെരഞ്ഞെടുപ്പിൽ ഭരണം തങ്ങൾക്കുതന്നെ കിട്ടുമെന്ന പ്രതീക്ഷയിലാണ് ബി.ജെ.പി. എങ്കിൽ ഇന്ത്യയെന്ന രാജ്യം നിലനിൽക്കുമോ?





ഡോ.ജാൻസി ജോസ്

# വാസ്തവം

സർക്കാർ സംവിധാനങ്ങൾ കെട്ടുറപ്പോടെ നിലനിലക്കണ്ടത് ജനങ്ങളുടെ സുരക്ഷിതത്വത്തിന് ആവശ്യമാണ്. ജനങ്ങൾ കൊടുക്കുന്ന നികുതി കൊണ്ട് ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുക എന്നത് ഭരണത്തിൽ വരുന്നവരുടെ ഉത്തരവാദിത്വവുമാണ്. പക്ഷേ സൗകര്യങ്ങളൊരുക്കാതെ സൗകര്യം എന്നു പറയുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയായി കരുതേണ്ടിയിരിക്കുന്നു.

സർക്കാർ സ്കൂളുകൾ നിലനിർത്താൻ ആരൊക്കെ കുട്ടികളെ ചേർത്തു മാതൃകയായിട്ടും കാര്യമില്ല. ഇടിഞ്ഞു വീഴില്ല എന്നുറപ്പുള്ള കെട്ടിടം, ഇരിക്കാനും കളിക്കാനുമുള്ള സ്ഥലം, പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള വൃത്തിയുള്ള ടോയ്‌ലറ്റുകൾ, പഠിപ്പിക്കാൻ മനസ്സുള്ള ഹൃദയവിശാലതയുള്ള, ജാതി മത വർണ്ണ, വർഗ്ഗവിവേചനമില്ലാത്ത അധ്യാപകർ ഇതെല്ലാം ഉണ്ടാവേണം. പ്രൈവറ്റ് സ്ക്കൂളിൽ ഇതെല്ലാം ഉണ്ടെന്നല്ല; രണ്ടിലും ഒരു പോലായാൽ പിന്നെന്തു ചെയ്യണം?

മാറി മാറി വരുന്ന സർക്കാരുകളുടെ വിട്ടുവീഴ്ചയില്ലാത്ത താത്പര്യം അതിനാവശ്യമാണ്. ഗവ.സ്കൂളിൽ പഠിപ്പിക്കുന്നവരെങ്കിലും കുട്ടികളെ ചേർക്കണം. സർക്കാറിന്റെ ശമ്പളം വാങ്ങുന്നവരും അവിടെ ചേർക്കേണ്ടതുണ്ട്. പഠിക്കാൻ സാഹചര്യമുള്ള കുട്ടികൾ നിറയുമ്പോൾ ഗവ.സ്കൂളുകൾ മുൻ നിരയിലേക്ക് ഉയർത്തപ്പെടും.

സർക്കാരാശുപത്രികൾ അറവുശാലകളാവുന്നുണ്ട് പലയിടത്തും. പരിശോധനകൾ വീട്ടിലേക്കാക്കുന്നത് ക്ഷമിക്കാം, സ്ഥലപരിമിതി കൊണ്ടാവാം. എന്നാൽ ഓപ്പറേഷന് പണം ചോദിച്ചു വാങ്ങുന്ന ഏർപ്പാട് എങ്ങനെ ക്ഷമിക്കും? തങ്ങളെ കീറാമുറിക്കുന്ന ഡോക്ടർക്ക് സന്തോഷത്തോടെ പണം കൊടുക്കേണ്ടി വരുന്നു രോഗികൾക്ക്. ഇത് അന്വേഷിച്ച് കണ്ടെത്തി പരിഹാരമുണ്ടാക്കേണ്ട ഗൗരവമുള്ള പ്രശ്നമാണ്:

അമിത് ഷായെന്ന വലിയ മനുഷ്യൻ കേരളത്തെ കണ്ടറിഞ്ഞ് സംരക്ഷിക്കാൻ വരുന്നെന്നു കേട്ടു .വോട്ടു വണ്ടി ജയിക്കുന്നതല്ലാതെ കേരളീയരുടെ ആവശ്യങ്ങൾ അന്വേഷിക്കാൻ തയ്യാറായിട്ടില്ല. ഒരു പക്ഷെ കേരളത്തിന്റെ പുതിയ രക്ഷകൻ ഇദ്ദേഹമായിരിക്കാം. വോട്ടു പിടിയന്മാർ ഇദ്ദേഹത്തെ കണ്ടു പഠിക്കട്ടെ.കേരളം കുട്ടിച്ചോറാകാൻ ഇനിയെന്തു വേണം?

വഴിത്താരകൾ



ജാനകി

# ടി.എ.സരസ്വതിയമ്മ— കാണാതെ പോയ നക്ഷത്രം

**എഴുത്തുകാരിയായ രാജലക്ഷ്മിയെ അന്വേഷിച്ചിറങ്ങിയ യാത്രയിലാണ് സരസ്വതിഅമ്മയി ലെത്തുന്നത്. അവരെ കുറിച്ച് കൂടുതൽ അറിഞ്ഞപ്പോൾ ആദ്യം വിസ്മയവും പിന്നീട് അഭിമാനവും, നമ്മുടെ തന്നെ മേനി പറച്ചിലുകളോട് ഒരുപാട് പുച്ഛവും തോന്നി.**

ഒറ്റപ്പാലത്തെ കുട്ടിമാളു അമ്മയ്ക്കും മാരാത്ത് അച്യുതമേനോനും പെണ്മക്കൾ രണ്ടുപേർ ഉണ്ടായിരുന്നു.രണ്ടു പേരും ഒരുപോലെ പഠിക്കാൻ മിടുക്കികൾ. ശാസ്ത്ര വിഷയങ്ങളിലും സാഹിത്യത്തിലും ഒരുപോലെ അഭിരുചിയും നൈപുണ്യവും ഉണ്ടായിരുന്നവർ . ഉപരിപഠനം കഴിഞ്ഞു, ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശകങ്ങളിൽ കേരളത്തിലെ കോളേജ് അദ്ധ്യാപന രംഗത്തേക്ക് ആത്മവിശ്വാസത്തോടെ കടന്നുവന്നവർ. അതിൽ ഒരാളുടെ സർഗ്ഗപ്രതിഭ കഥയിലേക്കും, നോവലിലേക്കും, കവിതയിലേക്കും വ്യാപിച്ചപ്പോൾ, വിവാദങ്ങളും കുറ്റപ്പെടുത്തലുകളും ആ അനന്യമായ ആർജ്ജവത്തെ തകർക്കുന്നതിൽ വിജയിച്ചു.രാജലക്ഷ്മി എന്ന പ്രിയപ്പെട്ട എഴുത്തുകാരി തൂലികയെ മാറ്റിവെച്ചു. ഒടുവിൽ ഒരുപാട് നിഗൂഢതകളെ ബാക്കിവെച്ച് സ്വന്തം ജീവിതകഥ സ്വയം അവസാനിപ്പിച്ചു. രാജലക്ഷ്മി ഒരു പ്രഹേളികയായി, കാല്പനിക വ്യായാമങ്ങൾക്കു വിഷയമായി, സ്ത്രീപക്ഷ ഇടപെടലുകൾക്ക് ഒരു സാധ്യതയായി, മലയാള വ്യവഹാരങ്ങളിൽ നിറഞ്ഞു നിന്നു.അന്തർദേശീയ സർവകലാശാലകളിലെ സിലബസ്സുകളിൽ അവരുടെ ജീവിതവും എഴുത്തും സ്ഥാനം നേടി.വിർജീനിയ വുൾഫിനോടും സിൽവിയ പ്ലാത്തിനോടും അവരെ താരതമ്യപ്പെടുത്താൻ പണ്ഡിതലോകം ആവേശം കാണിച്ചു. ടി.എ.സരസ്വതിയമ്മ എന്ന ബഹുമുഖപ്രതിഭയായ അവരുടെ സഹോദരിയെ നമ്മൾ അതിനിടയിൽ മറന്നോ?

എഴുത്തുകാരിയായ രാജലക്ഷ്മിയെ അന്വേഷിച്ചിറങ്ങിയ യാത്രയിലാണ് സരസ്വതിഅമ്മയിലെത്തുന്നത്. അവരെക്കുറിച്ച് കൂടുതൽ അറിഞ്ഞപ്പോൾ ആദ്യം വിസ്മയവും പിന്നീട് അഭിമാനവും, നമ്മുടെ തന്നെ മേനി പറച്ചിലുകളോട് ഒരുപാട് പുച്ഛവും തോന്നി.കാരണം അന്തർദേശീയ ശ്രദ്ധ നേടിയ,

പ്രാചീന ഭാരതീയ ഗണിതശാസ്ത്രത്തിന്റെ ചരിത്രം രേഖപ്പെടുത്തുന്നതിലും ക്ഷേത്രഗണിതത്തെക്കുറിച്ചുള്ള ദുർഗ്രഹമായ സംസ്കൃതശ്ലോകങ്ങളെ അപഗ്രഥിക്കുന്നതിലും അന്യാദൃശമായ പാടവം കാഴ്ചവെക്കുകയും, ശാസ്ത്ര ലോകത്തിന്റെ ആദരവും മതിപ്പും പിടിച്ചു പറ്റുകയും ചെയ്ത പണ്ഡിതയും ഗവേഷണകുതുകിയും ആയ ഒരു അധ്യാപികയെ, ഗവേഷകയെ, നമ്മൾ എന്തുകൊണ്ട് ഇതിനു മുൻപ് അറിഞ്ഞില്ല? നമ്മളെന്തുകൊണ്ട് ഇവരുടെ സംഭാവനകളെ കുറിച്ച് സംസാരിച്ചില്ല? ശാസ്ത്ര മണ്ഡലങ്ങളിൽ പ്രവർത്തിച്ചു ഗഹനമായ പഠനങ്ങൾ നടത്തുകയും നിർണ്ണായകങ്ങളായ കണ്ടു പിടിത്തങ്ങൾ നടത്തുകയും അവയുടെ ഭാഗഭാക്കാവുകയും ചെയ്യുന്ന സ്ത്രീകളെ എന്തുകൊണ്ട് നമ്മൾ വേണ്ടത്ര ശ്രദ്ധിച്ചില്ല? അവരുടെ അദൃശ്യത ആർക്കാണ് പ്രയോജനപ്പെടുന്നത് ? ആ അദൃശ്യതയിലൂടെ എന്തൊക്കെയാണ് നമ്മുടെ അറിവിന്റെ ലോകത്തിൽ നിന്ന് ചോർന്നുപോകുന്നത്? ലിംഗാവസ്ഥകളും, ജാതിയും, ലൈംഗികതയും,വിവാഹ ജീവിതവും,തൊഴിൽപരമായ അവഗണകളും എല്ലാം ഏതൊക്കെ തരത്തിലുള്ള വിവേചനങ്ങളെയാണ് നിലനിർത്തുന്നത്?

ഇങ്ങിനെ ഒരുപാട് ചോദ്യങ്ങൾ ടി. ഏ. സരസ്വതിഅമ്മയുടെ ജീവിതവും, അക്കാദമികആവേശവും ഉയർത്തുന്നുണ്ട്. മലയാള സാംസ്കാരിക ലോകത്തിനു ഏറെ സുപരിചിതയാണ് അവരുടെ സഹോദരിയും, മലയാള സാഹിത്യ ചരിത്രത്തിൽ ഒരു ദുരന്തകഥാപാത്രവുമായി അടയാളപ്പെടുത്തപ്പെട്ട രാജലക്ഷ്മി.എന്നാൽ ഗണിതശാസ്ത്രത്തിലും, സംസ്കൃതത്തിലും, ആംഗലേയ സാഹിത്യത്തിലും അവഗാഹം നേടുകയും, Geometry in Ancient and Medieval India എന്ന കൃതിയിലൂടെ അന്താരാഷ്ട്രതലത്തിൽ തന്നെ ഗവേഷക ശ്രദ്ധ നേടുകയും ചെയ്ത സരസ്വതി അമ്മ നമുക്കത്ര സുപരിചിതയല്ല. ആണെങ്കിൽ തന്നെ ആ ജീവിതത്തിന്റെ വെല്ലുവിളികളും, വൈരുധ്യങ്ങളും നമ്മെ ആകർഷിച്ചില്ല ,അലട്ടിയില്ല.അവരെക്കുറിച്ചു കൃത്യമായ വിവരങ്ങൾ കിട്ടാനുള്ള ബുദ്ധിമുട്ടുകളാണ് എന്നെ ഏറെ അമ്പരിപ്പിച്ചത്.

ഇന്റർനെറ്റിന്റെ വൈപുല്യമാണ് സരസ്വതി അമ്മയെക്കുറിച്ചുള്ള വിശദവിവരങ്ങൾക്ക് ആധാരം. 1918ൽ ജനിച്ച സരസ്വതിയമ്മ ഗണിത ശാസ്ത്രത്തിലും ഭൗതികശാസ്ത്രത്തിലും അടിസ്ഥാന ഡിഗ്രി എടുത്ത ശേഷം ഉപരി പഠനത്തിനായി ബനാറസ് ഹിന്ദുസർവകലാശാലയിൽ എത്തുന്നു.അവിടെ അവർ പഠനവിഷയമാക്കിയത് സംസ്കൃതമാണെന്ന് അറിയുന്നു. അതിനു ശേഷം ബീഹാർ സർവകലാശാലയിൽ നിന്ന് ആംഗലേയ സാഹിത്യത്തിൽ എം.എ . ഡിഗ്രി നേടുന്നു.പിന്നീട് മദ്രാസ് സർവകലാശാലയിൽ,ഇന്ത്യൻ സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പിന്റെ പ്രതിനിധിയായി ഗണിതശാസ്ത്രത്തിൽ ഉപരിപഠനം നടത്തി, പ്രശസ്ത പണ്ഡിതനായ ഡോ .വി രാഘവന്റെ മേൽനോട്ടത്തിൽ ഗവേഷണം നടത്തുന്നു.ആ ഗവേഷണത്തിന്റെ ഫലമാണ് മേൽപ്പറഞ്ഞ വിശ്രുതമായ അവരുടെ പുസ്തകം.അവരതു് സമർപ്പിച്ചത് റാഞ്ചി സർവ്വകലാശാലയിൽ ആണെന്ന് അവരുടെ പ്രഗല്ഭവിദ്യാർത്ഥിയായ

**അവരുടെ അദൃശ്യത ആർക്കാണ് പ്രയോജനപ്പെടുന്നത് ? ആ അദൃശ്യതയിലൂടെ എന്തൊക്കെയാണ് നമ്മുടെ അറിവിന്റെ ലോകത്തിൽ നിന്ന് ചോർന്നുപോകുന്നത്? ലിംഗാവസ്ഥകളും,ജാതിയും, ലൈംഗികതയും,വിവാഹ ജീവിതവും,തൊഴിൽപരമായ അവഗണകളും എല്ലാം ഏതൊക്കെ തരത്തിലുള്ള വിവേചനങ്ങളെയാണ് നിലനിർത്തുന്നത്?**

ആർ.സി.ഗുപ്ത രേഖപ്പെടുത്തുന്നുണ്ട്. പ്രാചീന മധ്യകാല ഭാരതത്തിലെ ക്ഷേത്ര ഗണിത ധാരണകളെയും സിദ്ധാന്തങ്ങളെയും കുറിച്ച് കൂലംകുഷമായി ചർച്ച ചെയ്യുന്ന ഒരു കൃതിയായി ആഗോളതലത്തിൽ തന്നെ ഗണിതശാസ്ത്രജ്ഞർ വിലയിരുത്തിയിട്ടുണ്ട്. ഇന്ത്യൻ ക്ഷേത്രഗണിതത്തെ കുറിച്ചുള്ള പഠനത്തിനു ശക്തമായ അടിത്തറ പാകിയ ഒരു രചനയായി ഡോ. മിച്ചിയോ യാനോ ഇതിനെ റിവ്യൂ ചെയ്യുന്നു.ഡേവിഡ് മംഫോർഡിന്റെ അഭിപ്രായത്തിൽ ഇന്ത്യൻ ഗണിതശാസ്ത്രത്തെ കുറിച്ചുള്ള അപൂർവമായ സമഗ്രപഠനങ്ങളിൽ ഒന്നാണ് സരസ്വതിഅമ്മയുടെ പുസ്തകം.പ്രമുഖ വേദപണ്ഡിതനും കേരളത്തിന് സുപരിചിതനുമായ ഫ്രിറ്സ് സ്റ്റാൾ ഈ വിദുഷിയുടെ ഒപ്പം മദ്രാസ് സർവകലാശാലയിൽ ഉണ്ടായിരുന്നു എന്ന് സമകാലീനരായ ശാസ്ത്രജ്ഞർ സാക്ഷ്യപ്പെടുത്തുന്നു.പേര് വെളിപ്പെടുത്താൻ താത്പര്യമില്ലെങ്കിലും ഈ ഗവേഷകയുടെ

ഉൾക്കാഴ്ചകളെയും സംഭാവനകളേയും കുറിച്ച് ഏറെ വാചാലനായ, ഇന്ത്യയിലെ മുന്തിയ ശാസ്ത്രഗവേഷണസ്ഥാപനങ്ങളിൽ സേവനം നടത്തിയിട്ടുള്ള, ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന, ഒരു മുതിർന്ന അദ്ധ്യാപകൻ എന്നോട് പറഞ്ഞത് ഇങ്ങിനെയാണ്: "സരസ്വതിഅമ്മയുടേത് ഒരു pioneering work ആണ്.അവരോട് നമ്മൾ കാണിക്കുന്ന അവഗണന കുറ്റകരമായ അനാസ്ഥയാണ് ."


വേദകാലം മുതൽ പതിനേഴാം നൂറ്റാണ്ടുവരേയുള്ള കാലഘട്ടത്തിലെ വികാസങ്ങളെ നിരീക്ഷിച്ചുകൊണ്ടു എഴുതപ്പെട്ട ഈ പുസ്തകത്തിലെ ഉള്ളടക്കത്തിലൂടെ ഒന്ന് കണ്ണോടിച്ചാൽ, ജൈനസംഭാവനകൾക്കും പ്രാധാന്യം കൊടുത്തിട്ടുണ്ടെന്നു കാണാം. ശ്രീ കേരളവർമ കോളേജ്, മഹാരാജാസ് കോളേജ്, റാഞ്ചിയിലെ വിമൻസ് കോളേജ് എന്നീ കലാലയങ്ങളിൽ അധ്യാപികയായി സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്നു ലഭ്യമായ ചില രേഖകളിൽ നിന്നും നാം അറിയുന്നു.

കേരളവർമ്മയിൽ അവർ ആയിരത്തിത്തൊള്ളായിരത്തി അൻപതുകളിലാണ് പഠിപ്പിച്ചിരുന്നതു എന്ന വിവരം സുഹൃത്തായ വി ജി തമ്പി മാഷ് മുഖേനയാണ് കിട്ടിയത് .ആ വിവരം കിട്ടാൻ പോലും തമ്പിമാഷു ഒരുപാട് കഷ്ടപ്പെടേണ്ടി വന്നു.കാരണം പലർക്കും അവരെ ഓർമ്മയില്ല.ഉണ്ടായിരുന്നെങ്കിൽ തന്നെ അവർ ഏതു വിഷയമാണ് കൈകാര്യം ചെയ്തിരുന്നതെന്ന് നിശ്ചയമില്ല.

ജാർഖണ്ഡിലെ ധൻബാദിൽ, 1973 തുടങ്ങി 1980 വരെ ശ്രീശ്രീ നാരായൺ ട്രസ്റ്റിന്റെ മഹിളാ മഹാവിദ്യാലയത്തിന്റെ പ്രിൻസിപാളായിരുന്നു യിരുന്നു. ജോലിയിൽ നിന്നും വിരമിച്ച ശേഷം ഒറ്റപ്പാലത്തേക്കു മടങ്ങിയ അവർ 2000ത്തിൽ ജീവിതത്തിൽ നിന്നും വിടവാങ്ങി.

Indian Journal of History of Science എന്ന ജേർണലിൽ അവരെ കുറിച്ച് വന്ന ചരമക്കുറിപ്പിൽ ഇങ്ങിനെ പറയുന്നു: പ്രിൻസിപ്പാളിന്റെ ജോലി അവർ തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. ആർ.സി.ഗുപ്തക്കു എഴുതിയ കത്തിൽ അവർ തന്റെ വിഷമം അറിയിക്കുന്നു : "ഉപയോഗപ്രദമായ ഒരു പണിയും ഞാനിപ്പോൾ ചെയ്യുന്നില്ല.ഒരു അഫിലിയേറ്റഡ് കോളേജിന്റെ നൂലാമാലകളിൽപെട്ടു കിടക്കുകയാണ്."

ഗവേഷണമായിരുന്നു അവരുടെ മേഖല.ഗ്രന്ഥരചനക്കായി അവർ ഒരുപാട് പണിപ്പെടേണ്ടി വന്നു.സ്വയം പ്രസിദ്ധീകരിക്കാൻ ശ്രമിച്ചുവെങ്കിലും അച്ചടിച്ച് വന്ന പതിപ്പിലെ പിഴവുകളുടെ ആധിക്യം കാരണം അവർ ആ സംരംഭം ഒഴിവാക്കി. പിന്നീട് റാഞ്ചി സർവകലാശാലയുടെ ഒരു ഗ്രാന്റ് കിട്ടിയത് കൊണ്ട് മാത്രമാണ് അവർക്കതു മോത്തിലാൽ ബനാറസിദാസിനെ കൊണ്ട് പ്രസിദ്ധീകരിക്കാനായത്.വിവാഹം കഴിഞ്ഞു ഒരു കുട്ടിയുടെ അമ്മയായെങ്കിലും അവർ ഭർത്താവിൽ നിന്നും വേർപെട്ടാണ് കഴിഞ്ഞിരുന്നതെന്ന് ഈ കുറിപ്പ് അറിയിക്കുന്നു. ജോലിയിൽ നിന്ന് വിരമിച്ച ശേഷവും, ഗവേഷണവും പഠനവും തുടരാൻ ആഗ്രഹിച്ച അവർക്കു രോഗിയായ മാതാവിന്റെ ശുശ്രുഷയ്ക്കായി തന്റെ ഗവേഷണ




**ഇന്ത്യൻ ക്ഷേത്രഗണിതത്തെ കുറിച്ചുള്ള പഠനത്തിനു ശക്തമായ അടിത്തറ പാകിയ ഒരു രചനയായി ഡോ. മിച്ചിയോ യാനോ ഇതിനെ റിവ്യൂ ചെയ്യുന്നു.ഡേവിഡ് മംഫോർഡിന്റെ അഭിപ്രായത്തിൽ ഇന്ത്യൻ ഗണിതശാസ്ത്രത്തെ കുറിച്ചുള്ള അപൂർവമായ സമഗ്രപഠനങ്ങളിൽ ഒന്നാണ് സരസ്വതിഅമ്മയുടെ പുസ്തകം.**

താത്പര്യങ്ങളിൽ നിന്നും പിന്തിരിയേണ്ടി വന്നുവെന്നും ഈ കുറിപ്പെഴുതിയ ആർ.സി ഗുപ്ത പറയുന്നു. സ്ത്രീയുടെ പ്രാരാബ്ധങ്ങൾ തുടങ്ങുന്നതും ഒടുങ്ങുന്നതും വിവാഹജീവിതത്തോടെ മാത്രമല്ല.സ്വന്തം ജന്മഗൃഹവും ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കുന്നുണ്ട്.പ്രത്യേകിച്ചും വൃദ്ധരായ മാതാപിതാക്കളുടെ ശുശ്രൂഷകൾ സ്ത്രീകളിൽ നിക്ഷിപ്തമാണ്. വൃദ്ധരുടെയും കുഞ്ഞുങ്ങളുടെയും പരിപാലനം ഒരു സാമൂഹ്യ വ്യവസ്ഥ ഏറ്റെടുക്കേണ്ടുന്ന ആവശ്യം കൂടി ഈ അനുഭവം വ്യക്തമാക്കുന്നുണ്ട്.

ഒരുപക്ഷെ രാജലക്ഷ്മിയുടെ കഥാപാത്രങ്ങൾ അനുഭവിക്കുന്ന ആത്മസംഘർഷങ്ങളിലൂടെ സരസ്വതിയമ്മയും കടന്നുപോയിട്ടുണ്ടാവാം. സർഗ്ഗധനയും പ്രതിഭാശാലിനിയുമായ അവരുടെ പിരിമുറുക്കങ്ങൾ കൂടുതൽ തീക്ഷ്ണവും തീവ്രവും ആയിരുന്നിരിക്കണം.

അവരുടെ വിയോഗത്തിന് ശേഷം Kerala Mathematical Association എല്ലാ കൊല്ലവും അവരുടെ ഓർമ്മയെ ബഹുമാനിച്ചുകൊണ്ടു പ്രഭാഷണങ്ങൾ സംഘടിപ്പിക്കുന്നുണ്ട് എന്നറിയുന്നു.വൈകിയാണെങ്കിലും അവരുടെ വേറിട്ട ശബ്ദത്തെ നാം തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു .

പക്ഷെ സരസ്വതിയമ്മ ആയിരങ്ങളിൽ ഒരാൾ മാത്രമാണെന്നുള്ള തിരിച്ചറിയലാണ് പ്രധാനം. ശാസ്ത്ര വിഷയങ്ങളിൽ കഴിവും പ്രതിഭയുമുള്ള അനവധി സ്ത്രീകൾ പലതരത്തിലുള്ള വിവേചനങ്ങൾക്കും പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും ഇരകളാവുന്നുണ്ടെന്നും, ആ ചൂഷണങ്ങൾ ആധുനിക ശാസ്ത്രത്തിന്റെ സ്വഭാവത്തിന്റെ തന്നെ ഭാഗമാണെന്നുമുള്ള ബോധ്യങ്ങളും, ലിംഗാവസ്ഥകളും ശാസ്ത്ര പഠനങ്ങളും തമ്മിലുള്ള ബന്ധങ്ങളെ സൂക്ഷ്മമായി പരിശോധിക്കേണ്ടതിന്റെ ആവശ്യകതയിലേക്കു വിരൽ ചൂണ്ടുന്നു. ജാനകിഅമ്മാളെയും അന്നാ മാണിയെയും പോലുള്ളവരെ നമ്മൾ കണ്ടെത്തി തുടങ്ങിയത് ആശാവഹമായ മുന്നേറ്റങ്ങളിൽ ഒന്നാണ്.

സരസ്വതിഅമ്മയുടെ അക്കാദമികയാത്രയെ പിന്തുടരുന്ന ഈ ദിവസങ്ങളിൽ തന്നെയാണ് ഏപ്രിൽ ലക്കം Economic and Political Weeklyയുടെ സ്ത്രീപഠന വിശേഷാൽ പതിപ്പിൽ ജയശ്രീ സുബ്രമണ്യൻറെയും ഗീത വെങ്കട്ടരാമന്റേയും ആത്മകഥാകുറിപ്പുകൾ വായിക്കാനിടയായത്. അത്തരമൊരു കുറിപ്പ് സരസ്വതിയമ്മ എഴുതിയിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചുപോയി.ഒരു മലയാളി ഗണിതശാസ്ത്രജ്ഞയുടെ സ്വത്വരൂപീകരണം എത്രമാത്രം സങ്കീർണ്ണമാണെന്നു നമ്മൾക്ക് അറിയാൻ കഴിയുമായിരുന്നു.തുച്ഛമായ വിവരങ്ങളിൽ നിന്ന് തന്നെ ജയശ്രീ സുബ്രഹ്മണ്യനെ പോലെ സരസ്വതിഅമ്മയും തന്റെ “ഗണിതശാസ്ത്രജ്ഞ സ്വത്വത്തെ സ്ത്രീസ്വത്വത്തിനു ഉപരിയായി പ്രതിഷ്ഠിച്ചിരുന്നു” എന്ന് നമുക്ക് അനുമാനിക്കാനാവും. മാത്രമല്ല, ജയശ്രീ നിരീക്ഷിക്കുന്നത് പോലെ ഓരോ സംസ ്കാരത്തിനും സവിശേഷമായ ഗണിതശാസ്ത്രപാരമ്പര്യം ഉണ്ടെന്നും, എത്നോമാത്തമാറ്റിക്സ് (Ethnomathematics)എന്ന വിജ്ഞാനശാഖ വളരെ പ്രധാനപ്പെട്ടതാണെന്നും തിരിച്ചറിഞ്ഞിട്ടുള്ള ഈ കാലഘട്ടത്തിൽ സരസ്വതിയമ്മ വെട്ടിത്തെളിച്ച പുതുപാതകൾ നിർണ്ണായകങ്ങളായ ധൈഷണിക ഇടപെടലുകളായി മാറുന്നു.

**ശാസ്ത്ര വിഷയങ്ങളിൽ കഴിവും പ്രതിഭയുമുള്ള അനവധി സ്ത്രീകൾ പലതരത്തിലുള്ള വിവേചനങ്ങൾക്കും പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും ഇരകളാവുന്നുണ്ടെന്നും, ആ ചൂഷണങ്ങൾ ആധുനിക ശാസ്ത്രത്തിന്റെ സ്വഭാവത്തിന്റെ തന്നെ ഭാഗമാണെന്നുമുള്ള ബോധ്യങ്ങളും, ലിംഗാവസ്ഥകളും ശാസ്ത്ര പഠനങ്ങളും തമ്മിലുള്ള ബന്ധങ്ങളെ സൂക്ഷ്മമായി പരിശോധിക്കേണ്ടതിന്റെ ആവശ്യകതയിലേക്കു വിരൽ ചൂണ്ടുന്നു.**

ചർച്ചാവിഷയം

# പഞ്ചായത്തിന്റെ ഓർമ്മവഴികളിൽ



എൽ.വസുമതി അമ്മ

ദീർഘകാലം സർക്കാർ അദ്ധ്യാപികയായി പ്രവർത്തിക്കുകയും അതോടൊപ്പം സംഘടനാപ്രവർത്തനവും പൊതുപ്രവർത്തനവും കൂടെ കൊണ്ടു നടക്കുകയും ചെയ്തിരുന്നു. 1988ൽ സർവ്വീസിൽ വിരമിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് നടന്ന ഒരു ഉപതെരഞ്ഞെടുപ്പിൽ 2000ൽ മത്സരിച്ചു വിജയിച്ചു. പ്രഥമഅനുഭവം നന്നായിരുന്നു. ജനകീയാസൂത്രണം പ്രാഥമിക അവസ്ഥയിൽ. ജനങ്ങൾക്ക് വികസനത്തെക്കുറിച്ച് വേണ്ടത്ര അവബോധം വരാത്ത കാലം. ജനപ്രതിനിധി ആകുന്നതിനു മുമ്പു തന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾക്ക് സഹായിക്കാൻ കഴിഞ്ഞിരിക്കുന്നു. ഭരണം അവസാനിക്കാറായ സമയത്താണ് ജനപ്രതിനിധി ആയത്. അതിനാൽ പദ്ധതികളുമായി ബന്ധപ്പെടുവാൻ കഴിഞ്ഞില്ല. എന്നാൽ കുടുംബശ്രീ സംവിധാനവുമായി ബന്ധപ്പെട്ട് തുടക്കം കുറിക്കുവാൻ കഴിഞ്ഞു. എല്ലാ പ്രവർത്തനവും പുതിയ അനുഭവങ്ങൾ. പ്രസിഡണ്ട് വനിതാസംവരണം ആയിരുന്നു.

അടുത്തഘട്ടം 2000ത്തിൽ തന്നെ. കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തിലേക്ക് മത്സരിച്ച് വിജയിച്ചു. എന്നാൽ ഭരണഭൂരിപക്ഷം ഇടതുകക്ഷിക്ക് കിട്ടിയില്ല. എണ്ണത്തിലും കുറവ്. പ്രതിപക്ഷനേതാവായി പ്രവർത്തിച്ചു. സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന വാർഡ്. സ്ത്രീകളിലൂടെ ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമിട്ടുള്ള കുടുംബശ്രീയുടെ പ്രാരംഭപ്രവർത്തനങ്ങൾ. വാർഡിനെ കക്ഷി രാഷ്ട്രീയ ജാതിഭേദമെന്യേ ഒന്നിച്ചു നിർത്താൻ കഴിഞ്ഞു. സ്ത്രീകളെ ഈ പ്രസ്ഥാനത്തിലൂടെ അഭിപ്രായം ഉള്ളവരാക്കി മാറ്റുവാനും സ്വയംപര്യാപ്തതയിലേക്ക് കൊണ്ടുവരുവാനും കഴിഞ്ഞു. എന്നാൽ ധാരാളം വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ട്. സ്ത്രീകൾക്കു വേണ്ടിയുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകി പ്രവർത്തിക്കുന്നതിന് കഴിഞ്ഞു. ആ പ്രദേശത്തെ സ്ത്രീകളുടെ ഇടയിൽ ഉണ്ടാക്കാൻ കഴിഞ്ഞ സ്വാധീനം ഇന്നും നിലനിൽക്കുന്നു.

2005ൽ വീണ്ടും എന്റെ സ്വന്തം വാർഡിൽ മത്സരിക്കുവാനുള്ള അവസരമുണ്ടായി. ഈ പ്രാവശ്യം യാദൃശ്ചികമായി വനിത സംവരണം അല്ലാതിരുന്നിട്ടു കൂടി ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റാകാൻ കഴിഞ്ഞു. ജീവിതത്തിൽ ഏറ്റവും ചാരിതാർത്ഥ്യം ഉണ്ടായ കാലമായിരുന്നു. ധാരാളം വൈവിദ്ധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കുവാൻ കഴിഞ്ഞു. സ്ത്രീശാക്തീകരണത്തിന് മുൻതൂക്കം നൽകി. സ്വന്തമായി അഭിപ്രായം രൂപീകരിക്കുമ്പോൾ പലപ്പോഴും പുരുഷ അംഗങ്ങളുടെ നിസ്സഹകരണം ഉണ്ടായിട്ടുണ്ട്. വനിതാഘടകപദ്ധതി പരിപൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞു. തൊഴിലുറപ്പ് പദ്ധതി ജില്ലയിൽ ആദ്യമായി ഏറ്റെടുക്കാൻ കഴിഞ്ഞു. സ്ത്രീകളുടെ സംഘകൃഷി, സ്വയംസംരംഭങ്ങൾ വനിതകളുടെ 'ശിങ്കാരിമേളം' (കേരളത്തിലും ഇതരസംസ്ഥാനങ്ങളിലും പരിപാടി അവതരിപ്പിക്കുന്നു) രൂപീകരിച്ച് 15 കുടുംബങ്ങൾ ജീവിതത്തിൽ സ്വയംപര്യാപ്തത നേടി. കേന്ദ്രസർക്കാർ പദ്ധതിയായ നിർമ്മൽഗ്രാമ പുരസ്കാരം ആദ്യഘട്ടത്തിൽ തന്നെ വാങ്ങി എടുക്കാനും ഭരണകാലഘട്ടത്തിൽ പദ്ധതി വിഹിതം 100% ചെലവഴിക്കാനും കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു പുതിയ വികസനകാഴ്ചപ്പാട് ഉണ്ടാക്കാൻ കഴിഞ്ഞു. സ്ത്രീപദവിപഠനം എന്ന ഒരു സർവ്വേ റിപ്പോർട്ട് പഞ്ചായത്തിലെ മുഴുവൻ സ്ത്രീകളെയും ഉൾപ്പെടുത്തി നിർമ്മിക്കാൻ കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണകുടിവെള്ളം പദ്ധതി ഏതാണ്ട് 500ൽ അധികം വീടുകൾ വിവിധ പദ്ധതികളിൽപെടുത്തി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. മാലിന്യസംസ്ക്കരണ രംഗത്ത് തുടക്കം കുറിക്കാൻ കഴിഞ്ഞു. അഞ്ചുവർഷം കൊണ്ട് സ്വയം സംതൃപ്തി ലഭിക്കത്തക്ക രീതിയിൽ പ്രവർത്തിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

ഭരണസമിതിയേയും ജീവനക്കാരേയും നാണയത്തിന്റെ ഇരുവശങ്ങളെപ്പോലെ നയിക്കാൻ കഴിഞ്ഞാൽ മാത്രമെ സൽഭരണം കാഴ്ചവെക്കാൻ കഴിയൂ എന്ന് വിശ്വസിക്കുന്നു. ലോകത്തിൽ ആദ്യമായി നടന്ന പഞ്ചായത്തിന്റെ റിയാലിറ്റിഷോയിൽ പങ്കെടുക്കുവാൻ കഴിഞ്ഞത് ജീവിതത്തിൽ മറക്കാനാകാത്ത അനുഭവമാണ്.

അഞ്ച് വർഷങ്ങൾക്ക് ശേഷം പഞ്ചായത്തായിരുന്ന കൂത്താട്ടുകുളം 2015 ൽ മുൻസിപ്പാലിറ്റിയായി. പുതിയ മുൻസിപ്പാലിറ്റിയിൽ എന്റെ വാർഡിലെ കൗൺസിലർ ആകുവാനുള്ള അവസരവും ഉണ്ടായി. കഴിഞ്ഞ നീണ്ട 11 വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പരിചയത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ അനുഭവം. ഒന്നും ചെയ്യാനില്ലാത്തതു പോലുള്ള അനുഭവം.

എന്തായാലും ദീർഘമായ പൊതുപ്രവർത്തനരംഗത്തെ പ്രവർത്തനം മനസ്സിന് സുഖം നൽകുന്നതും തൃപ്തവുമായിരുന്നു. പ്രതിബന്ധങ്ങൾ ഏറെ ഉണ്ടെങ്കിലും അവ തരണം ചെയ്യാമെന്ന ആത്മവിശ്വാസം ഉണ്ട്.

റിപ്പോർട്ട്

തർജ്ജമ: ഗാർഗ്ഗി

# വിമൻ ഇൻ സിനിമ കളക്ടീവ്

2000ാം ആണ്ടിനെ നടി രേവതി വരവേറ്റത് 'മിത്ര് മൈ ഫ്രെണ്ട്' എന്ന സ്ത്രീകളുടെ മാത്രം പങ്കാളിത്തത്തിൽ നിർമ്മിച്ച സിനിമയുമായാണ്. അധികവും യു.എസിലാണ് അതിന്റെ ചിത്രീകരണം നടന്നത്. അന്നുപോലും അത് 'സാധാരാണ' യിൽ നിന്നുള്ള വൻ തെറിക്കലായിരുന്നു. അതിന്റെ ചിത്രങ്ങൾ നോക്കിയാൽ ലൈറ്റുകൾ കൊണ്ടുപോകുന്നതും ഫോക്കസ് വലിക്കുന്നതും സാധനങ്ങൾ കൊണ്ടുപോകുന്നതുമൊക്കെ സ്ത്രീകൾ തന്നെയാണെന്ന് കാണാം. എന്നാൽ മലയാളസിനിമ നിർമ്മിക്കുന്നിടത്ത് പോവുക. എണ്ണത്തിൽ വളരെ കുറഞ്ഞ സ്ത്രീകളല്ലാതെ ആണുങ്ങൾ നിറഞ്ഞ് കവിഞ്ഞു നിൽക്കുന്ന ഒരു ഇടം തന്നെയാണതിന്നും. ഈ അസ്വാഭാവികമായ സംഗതി അതിന്റേതായ ഒരു കെട്ട് പ്രശ്നങ്ങളുമായാണ് നിലനിൽക്കുന്നത്.

കഴിഞ്ഞ മെയ് 18ന് 15 മലയാളി സിനിമാപ്രവർത്തകരായ സ്ത്രീകൾ മുഖ്യമന്ത്രി പിണറായി വിജയനെ കണ്ട് ഒരു പെറ്റീഷൻ നൽകി. 'വിമൻ ഇൻ സിനിമ' കളക്റ്റീവ് ഉണ്ടായതായി അറിയിക്കാനും മലയാളസിനിമയിലെ സ്ത്രീവിരുദ്ധതയെപ്പറ്റി അന്വേഷിക്കാനുമായിരുന്നു അത്. ഈ കാര്യത്തെ



വ്യാകുലമായ ഒരു കണ്ണോടു കൂടിയാണ് മലയാളി ആൺ സമൂഹം കണ്ടത്. ചിലർക്ക് നല്ല തമാശയായി തോന്നി സി.എമ്മിന്റെ കൂടെയുള്ള സെൽഫി. ചിലർക്ക് മലയാളസിനിമയിൽ സ്ത്രീകളെ മോശമായി ചിത്രീകരിക്കാറുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ടായി. അങ്ങനെ പലതരം പ്രതികരണങ്ങളുണ്ടായി.

എന്തുകൊണ്ടാവണം ഞങ്ങളൊരുമിച്ചു വരാൻ പെട്ടെന്ന് തീരുമാനമെടുത്തത്? ഒരു സഹപ്രവർത്തക അവർക്കുണ്ടായ ദുരനുഭവത്തെക്കുറിച്ച് തുറന്നുപറയാൻ ധൈര്യപ്പെട്ടതു തന്നെയാണ് സുപ്രധാന കാരണം. ഈ സംഭവം വളരെയധികം പ്രചരിക്കപ്പെടുകയും അവർക്കു നേരെ സഹതാപം ഒഴുകുകയും



ബീന പോൾ

ചെയ്തു. പക്ഷേ ആരും ശരിയായ ചോദ്യങ്ങൾ ചോദിക്കുകയോ ഉത്തരങ്ങൾ പറയുകയോ ചെയ്തില്ല. ഇപ്പോൾ പോലീസാണ് അത് കൈകാര്യം ചെയ്യുന്നത്. പക്ഷേ, അനാവശ്യമായി ബഹളമുണ്ടാക്കരുതെന്ന് പറഞ്ഞ് ഞങ്ങളെ നിശ്ശബ്ദരാക്കിയ ഒട്ടനവധി സംഭവങ്ങളുടെ കാര്യമോ? തന്റെ സ്വകാര്യതയെ ലംഘിച്ച ഹോട്ടൽ സ്റ്റാഫിനെതിരെ ഒറ്റയ്ക്ക് പോരാടുന്ന നടിയുടെ കാര്യമോ? പുറത്തുവരുന്നത് നിശ്ശബ്ദതയെ സ്വാഭാവികമാക്കിത്തീർത്ത ഒരു സംസ്കാരത്തിന്റെ ചിത്രമാണ്.

സഹപ്രവർത്തകയുടെ ദുരനുഭവത്തെക്കുറിച്ചുള്ള ചർച്ച ഈ ജോലിയെക്കുറിച്ചുള്ള ചർച്ചയായി പരിണമിച്ചു. എന്തുകൊണ്ടാണ് മലയാളസിനിമയിൽ സ്ത്രീകൾ ഇത്ര കുറവായിരിക്കുന്നത്? എന്തുകൊണ്ടാണ് വിശാഖ ഗൈഡ്ലൈൻസ്, ജസ്റ്റിസ് വർമ്മ കമ്മിറ്റി റിപ്പോർട്ട് തുടങ്ങിയവയൊന്നും ഞങ്ങളുടെ തൊഴിലിടങ്ങളിൽ ബാധകമല്ല? എന്തുകൊണ്ട് സിനിമാജീവനക്കാരായ സ്ത്രീകൾക്ക് പ്രസവാവധിയോ ആരോഗ്യഇൻഷുറൻസോ ലഭ്യമല്ല? എന്തുകൊണ്ട് ഞങ്ങളുടെ കോൺട്രാക്ടുകളിൽ അടിസ്ഥാനസൗകര്യങ്ങളെപ്പറ്റി പോലും പറയുന്നില്ല? എനിക്ക് ഒരു ജോലി സ്ഥലത്ത് സുരക്ഷ പ്രശ്നമായി അനുഭവപ്പെടുന്നെങ്കിൽ ആരോട് പറയണം? ഞങ്ങളുടെ സംഭാവനകളെയും അതിന്റെ സാമ്പത്തിക ലാഭത്തേയും കുറിച്ച് ലിംഗത്തിനു പുറത്ത് സംസാരിക്കുന്ന വേതന സംവിധാനം എന്തുകൊണ്ടില്ല?

കടപ്പാട് : Indianexpress.com




സീമ ശ്രീലയം

# പ്രകൃതിയോടിണങ്ങാം

ജനങ്ങളെ പ്രകൃതിയുമായി കൂട്ടിയിണക്കുക എന്നതാണ് ഈ വർഷത്തെ ലോക പരിസ്ഥിതിദിന വിഷയം. ഓരോരുത്തരും പ്രകൃതിയിലേക്കിറങ്ങിച്ചെന്ന് ആ മഹാ പാഠപുസ്തകത്തിലെ പാഠങ്ങൾ നേരിട്ട് പഠിക്കണമെന്നും അനന്തമായ വിസ്മയക്കാഴ്ചകൾ കൺകുളിർക്കെ കാണണമെന്നും പ്ര കൃതിയോടിണങ്ങി ജീവിക്കണമെന്നുമുള്ള സന്ദേശവുമായാണ് ജൂൺ 5 ന് പരിസ്ഥിതിദിനം കടന്നു വരുന്നത്. ഒപ്പം മനുഷ്യന്റെ വിവേചന രഹിതമായ പ്രവർത്തനങ്ങൾ ഇനി വരുന്ന തലമുറകൾക്ക് ഇവിടെ വാസം സാധ്യമാവാത്ത വിധത്തിൽ ഭൂമിയെ എങ്ങനെയൊക്കെ നശിപ്പിക്കുന്നു എന്നും തിരിച്ചറിയണം. നാമെത്തി നിൽക്കുന്നത് ഒരു ആത്മഹത്യാമുനമ്പിലാണെന്ന് സ്വയം മനസ്സിലാക്കണം. ഈ ഭൂമി നമുക്ക് പൈതൃകസ്വത്തായി ലഭിച്ചതല്ലെന്നും വരാനിരിക്കുന്ന തലമുറകളിൽ നിന്ന് കടം വാങ്ങിയതാണെന്നും ഓരോ നിമിഷവും ഓർക്കണം. സിയാറ്റിൽ മൂപ്പൻ പറഞ്ഞതുപോലെ ഈ പ്രകൃതിയിലെ സകല ജീവജാലങ്ങളും മണൽത്തരിയും പുഴയും കുന്നും കാടും കടലുമൊക്കെ നമ്മുടെ സഹോദരങ്ങളാണ്.

1972 മുതലാണ് ലോകപരിസ്ഥിതി ദിനം ആചരിച്ചു തുടങ്ങിയത്. ദിനാചരണത്തിന്റെ ഈ വർഷത്തെ ആതിഥേയരാജ്യം കാനഡയാണ്.

ശാസ്ത്രസാങ്കേതികരംഗത്തുണ്ടായ വൻകുതിച്ചുചാട്ടങ്ങളും വ്യാവസായികവിപ്ലവവുമൊക്കെ ലോകത്തെ വൻ പുരോഗതിയിലേക്കാണ് നയിച്ചത്. എന്നാൽ അതിനിടയിൽ സകലർക്കുമമ്മയായ ഭൂമിക്ക് സംഭവിക്കുന്ന പരിക്കുകൾ നാം ശ്രദ്ധിക്കാതെ പോയി. ആഗോളതാപനവും ഗുരുതരമായ കാലാവസ്ഥാ വ്യതിയാനങ്ങളും ഓസോൺ പാളിയുടെ ശോഷണവും അതിരൂക്ഷമായ മലിനീകരണപ്രശ്നങ്ങളും വനനാശവും ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള വിവേചനരഹിതമായ വികസനപ്രവർത്തനങ്ങളുമൊക്കെ ഭൂമിക്ക് ചരമഗീതം രചിക്കാൻ തുടങ്ങിയിട്ട് നാളേറെയായി. ആഗോളതാപനത്തിന് വൻതോതിൽ കാരണമാവുന്ന ഹരിതഗൃഹ വാതകമായ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കഴിഞ്ഞ എട്ട് ലക്ഷം വർഷങ്ങളിലെ റെക്കോർഡ് തോതിൽ എത്തിക്കഴിഞ്ഞു. വ്യാവസായിക വിപ്ലവത്തിനു മുൻപ് അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് 279 പിപിഎം ആയിരുന്നെങ്കിൽ ഇന്നത് 400 പിപിഎമ്മിൽ എത്തിക്കഴിഞ്ഞു. ഓരോ വർഷവും ചൂടിന്റെ

കാര്യത്തിൽ റെക്കോർഡിട്ട് കടന്നുപോവുമ്പോൾ ഭൂമിക്ക് ചുട്ടുപൊള്ളിപ്പനിച്ചു കൊണ്ടിരിക്കുകയാണ്. ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനങ്ങളുടെയും കെടുതികളിൽ നിന്ന് ആർക്കുമില്ല രക്ഷ എന്ന് ഇന്റർ ഗവണമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ചിന്റെ പുതിയ അസസ്മെന്റ് റിപ്പോർട്ട് അടിവരയിട്ടു പറയുന്നു. ഇങ്ങനെ പോയാൽ നമ്മെ കാത്തിരിക്കുന്നത് വല്ലാത്ത കാലം തന്നെയാണെന്ന് സാരം.

പ്രകൃതി നമുക്ക് നൽകുന്ന സേവനങ്ങൾക്ക് വിലയിടാനാവില്ല. പ്രകൃതിയിലെ വനങ്ങളും സമുദ്രങ്ങളും മണ്ണുമൊക്കെ ഹരിതഗൃഹവാതകമായ കാർബൺ ഡൈ ഓക്സൈഡിനെ ആഗിരണം ചെയ്യുന്നതിലൂടെ കാർബൺ ചംക്രമണത്തിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്. കർഷകർ മണ്ണിൽ വിളവിറക്കിയും മൽസ്യബന്ധനം നടത്തുന്നവർ കടലിൽ പോയി മീൻ പിടിച്ചും ജീവിത മാർഗ്ഗം കണ്ടെത്തുന്നു. ഒപ്പം മറ്റുള്ളവർക്ക് ഭക്ഷണം ലഭിക്കുകയും ചെയ്യുന്നു. പ്രകൃതിയിൽ സസ്യജന്തു ജാലങ്ങളിൽ നിന്ന് എത്രയെത്ര അപൂർവ്വ ഔഷധങ്ങളാണ് ശാസ്ത്രജ്ഞർ വേർതിരിച്ചെടുത്തിട്ടുള്ളത്. ജൈവസാങ്കേതിക വിദ്യയുടെ കുതിച്ചുചാട്ടത്തോടെ ഇത്തരം ഗവേഷണങ്ങൾ പ്രവചനാതീതമായ രീതിയിലാണ് മുന്നേറിക്കൊണ്ടിരിക്കുന്നത്.

കാലാവസ്ഥാ വ്യതിയാനങ്ങൾ ,മലിനീകരണം , പ്രകൃതിവിഭവങ്ങളുടെ അമിത ചൂഷണം ജൈവവൈവിധ്യനാശം എന്നിവ ഏറ്റവും ദോഷകരമായി ബാധിക്കുക മൂന്നാം ലോകരാജ്യങ്ങളിലെ പാവങ്ങളെയാണ്. ആവാസവ്യവസ്ഥകളുടെ നാശം , വനങ്ങളുടെയും വനവിഭവങ്ങളുടെയും നാശം, കൃഷിസ്ഥലങ്ങളുടെ നാശം, സമുദ്രങ്ങളിലെ വിഭവശോഷണം , എന്നിവയൊക്കെ ജൈവവൈവിധ്യ ശോഷണത്തിന്റെയും ഭക്ഷ്യപ്രതിസന്ധിയുടെയും ആക്കം കൂട്ടും.രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയെയും ഇത് ദോഷകരമായി ബാധിക്കും.

താപനഫലമായി മഞ്ഞുരുകുന്നത് ,സമുദ്രജലവിതാനം ഉയരുന്നത്, ഋതുക്കളുടെ താളം തെറ്റുന്നത്, ചൂട് കുതിച്ചുയരുന്നത്, കൊടും വരൾച്ച വിനാശകാരികളായ ചുഴലിക്കൊടുങ്കാറ്റുകളുടെ എണ്ണം കൂടുന്നത് ,ശുദ്ധജലവും ശുദ്ധവായുവും അത്യപൂർവ്വ വസ്തുക്കളാവുന്നത് , പകർച്ചവ്യാധികൾ പടരുന്നത്, എൽനിനോ, ലാനിന പോലുള്ള കാലാവസ്ഥാ പ്രതിഭാസങ്ങളുടെ ആവൃത്തി കൂടുന്നത് ...ഇങ്ങനെ അപായമണികൾ ഒരുപാട് മുഴങ്ങുന്നുണ്ട് നമുക്കു മുന്നിൽ . ഇരിക്കും കൊമ്പ് തന്നെയാണ് മുറിക്കുന്നതെന്ന് ഇനിയും നാം തിരിച്ചറിഞ്ഞില്ലെങ്കിൽ ആർക്കുമില്ല രക്ഷ.

**പ്രകൃതി നമുക്ക് നൽകുന്ന സേവനങ്ങൾക്ക് വിലയിടാനാവില്ല. പ്രകൃതിയിലെ വനങ്ങളും സമുദ്രങ്ങളും മണ്ണുമൊക്കെ ഹരിതഗൃഹവാതകമായ കാർബൺ ഡൈ ഓക്സൈഡിനെ ആഗിരണം ചെയ്യുന്നതിലൂടെ കാർബൺ ചംക്ര മണത്തിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്. കർഷകർ മണ്ണിൽ വിളവിറക്കിയും മൽസ്യബന്ധനം നടത്തുന്നവർ കടലിൽ പോയി മീൻ പിടിച്ചും ജീവിത മാർഗ്ഗം കണ്ടെത്തുന്നു.**

സൂക്ഷ്മജീവികൾ മുതൽ നീലത്തിമിംഗലം വരെ ഓരോ ജീവിക്കും അവകാശപ്പെട്ടതാണീ ഭൂമി. വരും തലമുറകൾക്കായി, സർവ്വജീവജാലങ്ങൾക്കുമായി കണ്ണിലെ കൃഷ്ണമണി പോലെ ഭൂമിയെ കാത്തുരക്ഷിക്കേണ്ട ഉത്തരവാദിത്തം നമുക്കോരോരുത്തർക്കുമുണ്ട്. നമ്മുടെ ജീവിതശൈലി മാറ്റി പ്രകൃതിയോടിണങ്ങി ജീവിച്ചാലേ ഇനി രക്ഷയുള്ളൂ. അണ്ണാറക്കണ്ണനും തന്നാലായത് എന്നു പറഞ്ഞപോലെ ഓരോ വ്യക്തിക്കും പ്രകൃതിസംരക്ഷണത്തിൽ പലതും ചെയ്യാൻ കഴിയും. സ്വന്തം മോട്ടോർ വാഹനങ്ങളുടെ ഉപയോഗം കുറയ്ക്കാം, നടക്കാൻ പറ്റുന്ന ദൂരം നടക്കാം, സൈക്കിൾ ഉപയോഗിക്കാം, യാത്രയ്ക്ക് പരമാവധി പൊതുഗതാഗത സൗകര്യങ്ങളെ ആശ്രയിക്കാം. ജലവും വൈദ്യുതിയും ഭക്ഷ്യവസ്തുക്കളും കരുതലോടെ ഉപയോഗിക്കാം. പ്ലാസ്റ്റിക്കും ഇലക്ട്രോണിക് മാലിന്യങ്ങളും അടക്കമുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കാം. ഒരു തൈ നടുമ്പോൾ ഒരു തണലാണ് നടുന്നതെന്ന് മനസ്സിലാക്കി വൃക്ഷത്തൈകൾ നട്ടു വളർത്താം. മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ നടത്താം. ഉള്ള സ്ഥലത്ത് കൃഷി ചെയ്യാം. അവശേഷിക്കുന്ന പച്ചപ്പിനെയും ജലസമ്പത്തിനെയും സംരക്ഷിക്കാം. കുട്ടികൾക്കും മറ്റുള്ളവർക്കും പരിസ്ഥിതി സംരക്ഷണത്തിന്റെ പാഠങ്ങളും അതിന്റെ പ്രാധാന്യവും പറഞ്ഞുകൊടുക്കാം. സ്വയം ഒരു ഗ്രീൻ അംബാസഡർ ആവാം.

## കവിത

**സിഷ എസ്.**



# വീട്

ഈ വീട്ടിലില്ലെനിക്കു വാസം
വീടുവിട്ടോടുവാനൊരുങ്ങയാണു ഞാൻ..
പോകും മുൻപ് കന്നിമോൾക്ക്
ഒരുപിടി ചുടുചോർ ഊതിയാറ്റി നൽകേണം
കറികൾ ചൂടാക്കി വയ്ക്കേണം
നാളെ ഞാനില്ലേലും പാഴായിപോകരുതവളുടെ
അന്നം.
നടവഴിയിൽ നിന്നവളുടെ
കളിക്കസേര നീക്കിവയ്ക്കേണം
ഞാനില്ലെന്നറിഞ്ഞോടി കിതച്ചാർത്തു വരുന്നോരമ്മ
യ്ക്കടി പതറരുതല്ലോ..
ചേട്ടന്റെ സൂക്ഷിപ്പുപെട്ടി ഭദ്രമായ് അടച്ചേക്കാം
ഞാനില്ലേലും അതുകണ്ടടങ്ങണം എൻ
സാന്നിദ്ധ്യം
ഈ വീട്ടിലില്ലെനിക്കു വാസം
വീടുവിട്ടോടുവാനൊരുങ്ങയാണു ഞാൻ..
വാതിലും ജനലും അടച്ചേക്കാം
അല്ലേൽ കൊതുകുകൾ വന്ന്
കാര്യം തിരക്കിയാലോ.
ഈ വീട്ടിലില്ലെനിക്കു വാസം
വീടുവിട്ടോടുവാനൊരുങ്ങയാണു ഞാൻ..
എല്ലാമൊതുക്കി വെളുത്തുപോയ് നേരം !
നീയെന്താണ് പുലമ്പുന്നത് ;
അടുപ്പെരിക്കുന്നില്ലേ ഇന്ന്..
സ്വയം വീടുപേറും ആമയെപ്പോലെ
ഉൾവലിഞ്ഞു ഞാൻ
ഈ വീട്ടിൽ തന്നെയോ എനിക്കുവാസം !
ഇഴഞ്ഞു നീങ്ങുമീ ആമയ്ക്ക്
വീടുവിട്ടോടുവാനാകുമോ ?
മഴപെയ്താൽ കുതിരുന്ന
മൺവീടിനറിയില്ല
തല ഉള്ളിലിട്ട് കല്ലിക്കുന്നവന്റെ വേദന..
വീടുവിട്ടോടണമെന്നാകിലും
ഈ വീട്ടിൽ തന്നെയാണെനിക്കു വാസം !

---

# കാർട്ടൂൺ




**'അഞ്ചു കിലോമീറ്റർ അകലെയുള്ള കിണറിലേക്ക് പുതിയ റോഡ് പണിയുന്നതിന് പകരം ഇവിടെത്തന്നെയൊരു കിണർ കുഴിക്കാമായിരുന്നില്ലേ?'**

**കടപ്പാട്: യു.എൻ.വിമൻ ഓൺ ജെൻഡർ ഇക്വാളിറ്റി**

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# കേരളത്തിലെ ആദ്യ വനിതാ പഞ്ചായത്ത് പ്രസിഡന്റ്

## അന്നമ്മ ജേക്കബ്



1963ൽ എറണാകുളം ജില്ലയിലെ കവളങ്ങാട് പഞ്ചായത്തിനെ പ്രതിനിധീകരിച്ചാണ് ശ്രീമതി അന്നമ്മ ജേക്കബ് പഞ്ചായത്ത് കമ്മറ്റിയിലെത്തുന്നത്. 1963 മുതൽ 1968 വരെ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആയിരിക്കുകയും 1968ൽ മുതിർന്ന രാഷ്ട്രീയ പ്രവർത്തകനായ കുരുവിള മാത്യുവിനെ (സി.പി.ഐ.) തോൽപ്പിച്ച് പ്രസിഡന്റാവുകയും തുടർന്നുള്ള പന്ത്രണ്ട് വർഷത്തോളം ഈ സ്ഥാനത്ത് തുടരുകയും ചെയ്തു.

ഇളയ മകനായ ബെന്നി ജേക്കബിന് 90 ദിവസം മാത്രം പ്രായമുള്ളപ്പോഴാണ് അന്നമ്മ ആദ്യമായി ഈ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. നാട്ടുകാരുമായി ഇടപഴകാൻ കാട്ടുവഴികളിലൂടെ 24 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്ത് മുഴുവൻ സഞ്ചരിക്കുന്നതും തുച്ഛമായ ഇരുപത് രൂപ വേതനമായി കിട്ടിയതുമൊക്കെ അന്നമ്മ മാധ്യമങ്ങളോട് ഓർത്തുപറഞ്ഞിരുന്നു. മണിമരുതംചാൽ എൽ.പി.സ്കൂൾ, നേര്യമംഗലത്തെ ആരോഗ്യ കേന്ദ്രം, വില്ലഞ്ചിറ കുടിവെള്ള പദ്ധതി, നമ്പൂരിക്കൂപ്പിൽ വൈദ്യുതിലഭ്യത തുടങ്ങി നിരവധി നേട്ടങ്ങൾ അന്നമ്മയ്ക്ക് സ്വന്തം.

കടപ്പാട്: ഹിന്ദു ദിനപത്രം, 28 ഒക്ടോബർ 2015



# പഞ്ചായത്തിലെ സുശക്ത

## ആരതി ദേവി

ഒറിസ്സയിലെ ഗഞ്ചം ജില്ലയിലെ സർപഞ്ചായ ആരതി ദേവി 2014ൽ രാജീവ് ഗാന്ധി നേതൃത്വ അവാർഡിന് അർഹയായി .സ്വന്തം പഞ്ചായത്തിൽ നടപ്പിലില്ലാതിരുന്ന പൊതുവിതരണശൃംഖല ശക്തമാക്കിയും സാക്ഷരതാ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുത്തും അവർ മാതൃകയായി.




## മീന ബെഹൻ

ഗുജറാത്തിലെ വ്യാരിയിൽ സ്ത്രീകൾ മാത്രമുള്ള പഞ്ചായത്തിനെ നയിക്കുകയാണ് മീന ബെഹൻ.സ്ത്രീകൾക്കും കുട്ടികൾക്കും ഗുണകരമായ ധാരാളം പദ്ധതികൾ, നിർദ്ധനർക്ക് വീടുകൾ, ആശുപത്രി - ഇങ്ങനെ പഞ്ചായത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കുകയാണ് മീന.



പിങ്ക് സാരിയിൽ മീന ബെഹൻ

## പി.കൃഷ്ണവേണി

തിരുനെൽവേലി ജില്ലയിയിലെ തലൈയിതു പഞ്ചായത്തിലെ ദലിത കൂടിയായ പ്രസിഡന്റ് ആണ് കൃഷ്ണവേണി. ജാതി പ്രയോഗങ്ങളേയും പുരുഷാധിപത്യ നടപടികളെയും എതിർത്തതിന്റെ പേരിൽ ആക്രമിക്കപ്പെട്ട് കൈവിരലുകളും ഒരു ചെവിയും നഷ്ടപ്പെട്ട് മരിക്കാൻ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ നിന്ന് സധൈര്യം തിരിച്ചുവന്ന് തന്റെ കർമ്മപഥത്തിൽ ഉറച്ചു നിൽക്കുകയാണ് കൃഷ്ണവേണി.

## സാന്നിദ്ധ്യങ്ങൾ




# ചാവി രജാവത്

ഗ്രാമീണ രാജസ്ഥാന്റെ മുഖച്ഛായ മാറ്റിയ വ്യക്തിയായി കണക്കാക്കപ്പെടുന്ന ആളാണ് ചാവി രജാവത്. ശുദ്ധജലം, സോളാർ ഊർജ്ജം, നല്ല റോഡുകൾ, കക്കൂസുകൾ, ബാങ്ക് തുടങ്ങിയവ സോഡ ഗ്രാമത്തിൽ കൊണ്ടുവന്ന ചാവി ഐക്യരാഷ്ട്രസഭയുടെ ദാരിദ്ര്യത്തെക്കുറിച്ചുള്ള സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിച്ചിട്ടുണ്ട്.

# സുഷമ ഭദു

ഘരിയാനയിലെ സലാം ഖേര, ചാബ്ലാമൊരി, ധനി മിയ ഖാൻ എന്നീ ഗ്രാമങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സർപഞ്ചായ സുഷമ 2012 ൽ ചുറ്റുമുള്ള 25 ഗ്രാമങ്ങളിൽ നിന്നുള്ള രണ്ടായിരത്തോളം വരുന്ന ഗ്രാമീണരുടെ മുന്നിൽ വെച്ച് സ്വന്തം മൂടുപടം (ഖൂംഖട്ട് ) അഴിച്ച് ചരിത്രം സൃഷ്ടിച്ചു. ഹരിയാനയിലെ സ്ത്രീകളുടെ കുറയുന്ന ലിംഗഅനുപാതത്തിനെതിരെയും സാക്ഷരതാനിരക്ക് വർദ്ധിപ്പിക്കാനും നിരന്തര പരിശ്രമത്തിലായിരുന്നു സുഷമ.





CORPORATE OFFICE
PLANTATION
PALM OIL MILL
SEED GARDEN
OIL PALM DEVP PROG
RICE MILL
KUTTANADU RICE
Govt. of Kerala Product
Oil Palm India Ltd., Kottayam
KUTTANADU RICE
കുട്ടനാട് റൈസ്
OUR PRODUCTS
Crude Palm Oil
Kernel Oil
Kernel Cake
Oil Palm Fibre
Oil Palm Seedlings
Oil Palm Bunches
OIL PALM INDIA LIMITED KOTTAYAM
OIL PALM INDIA LTD, KOTTAYAM
(A joint venture of Govt. of Kerala & Govt. of India)
Reg. Office: XIV/130, Kodimatha, Kottayam South P.O., Pin - 686 013
Ph: 0481 2567103/04, 2566882, Fax: 0481 2561442
Email: mdopil@yahoo.co.in, Web: www.oilpalmindia.com